VOL NO: 07 | ISSUE 16
www.nerpatham.com
mail@nerpatham.com
2023 APRIL 22 | ₹10

# നേർപഥം

വാരിക

# അബുൽ കലാം ആസാദ്: മതനിരപേക്ഷ ഇന്ത്യയുടെ അഭിമാന പുത്രൻ

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രി. നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസ പരിഷ്കരണം നടപ്പാക്കിയ വിദ്യാഭ്യാസ വിചക്ഷണൻ. ഐ.ഐ.ടികളുടെ പിതാവ്. ജാമിഅ മില്ലിയ്യയുടെ സ്ഥാപകരിലൊരാൾ. യുജിസിയുടെ അധികാര പരിധി ഇന്ത്യയിലെമ്പാടും വ്യാപിപ്പിച്ച മാനവ വിഭവശേഷി വകുപ്പ് തലവൻ. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിന് അസ്തിവാരമിട്ട ദീർഘദർശി. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷന്റെ നിർമാതാവ്. നിയമ നിർമാണ സഭയുടെ അധ്യക്ഷൻ. രാജ്യം ഭാരതരത്ന നൽകി ആദരിച്ച വ്യക്തിത്വം... ഇദ്ദേഹത്തിന്റെ പേര് എൻ.സി.ഇ.ആർ.ടി സിലബസ്സിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു! പേരിലുണ്ടായിരുന്ന ന്യൂനപക്ഷ ഫെലോഷിപ്പ് നിർത്തലാക്കിയിരിക്കുന്നു! രാജ്യത്തെ കാവിവൽക്കരിക്കുക മാത്രമല്ല ഒരു സമുദായത്തിനെ ചരിത്രത്തിൽ നിന്ന് നിഷ്കാസനം ചെയ്യാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളുടെ ഭാഗം കൂടിയാണ് ഈ തീരുമാനം. പ്രതികരിച്ചേ മതിയാവൂ.

## വീണ്ടും പുകയുന്ന പുൽവാമ

|| ശവ്വാലും ആറുനോമ്പും

|| റമദാനിലൂടെ നേടിയെടുത്ത ആത്മചൈതന്യം നിലനിർത്തുക

|| അല്ലാഹുവിന്റെ സ്വിഫതുകളും സമസ്തക്കാരുടെ ഇരട്ടത്താപ്പും

സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്



Enrol Now!

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

**For Boys Grade 5 to 8**
**For Girls Grade 6 & 7**

CONTACT US
+91 9605 146 000
+91 9061 716 600

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

# 0326

# നേർപഥം

വാരിക

2023 ഏപ്രിൽ 22
1444 ശവ്വാൽ 02
പുസ്തകം 07 / ലക്കം 16




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi


Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10

**അബുൽ കലാം ആസാദ്: മതനിരപേക്ഷ ഇന്ത്യയുടെ അഭിമാന പുത്രൻ**
ഉസ്മാൻ പാലക്കാഴി

മുഖമൊഴി
05
വീണ്ടും പുകയുന്ന പുൽവാമ

ലേഖനം
06
മിർസയും മലക്കുകളും വിചിത്ര വ്യാഖ്യാനങ്ങളും
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
26
ശിരോവസ്ത്രവാദങ്ങൾ പരിസമാപ്തിയിലേക്ക്
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
18
സകാത്ത്; ചില അടിസ്ഥാന കാര്യങ്ങൾ
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

ലേഖനം
29
അല്ലാഹുവിന്റെ സ്വിഫതുകളും സമസ്തക്കാരുടെ ഇരട്ടത്താപ്പും
ജമാൽ ആറ്റിങ്ങൽ

ലേഖനം
23
റമദാനിലൂടെ നേടിയെടുത്ത ആത്മചൈതന്യം നിലനിർത്തുക
സ്വലാഹുദ്ദീൻ ഹികമി

ക്വുർആൻ ദർശനം
32
സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
25
ശവ്വാലും ആറുനോമ്പും
സിയാദ് അൽഹികമി

കാഴ്ച
34
പത്ത് കിട്ടുകിൽ നൂറു മതിയെന്നും
ഇബ്നു അലി

# ശരീഅത്ത് തിരുത്തണമെന്നോ?

നേർപഥം ലക്കം 325ൽ വന്ന 'ശരീഅത്ത് തിരുത്തണമെന്നോ' എന്ന കവർ സ്റ്റോറി പലരുടെയും തെറ്റുധാരണകൾ മാറ്റിയെടുക്കാൻ പര്യാപ്ത മായ നിലയിലുള്ള അവതരണമായിരുന്നു.

ഇസ്‌ലാമിനെ അല്ലെങ്കിൽ ക്വുർആനിനെ പുനർവായനക്ക് വിധേയ മാക്കണമെന്നും കാലോചിതമായ പരിഷ്‌കരണം ഇസ്‌ലാമിക നിയമങ്ങ ളിൽ നടപ്പിലാക്കമെന്നുമൊക്കെ ഇടയ്ക്കിടെ ചില ബുദ്ധിജീവി നാട്യക്കാർ പ്രസ്താവിക്കാറുണ്ട്. ആ പ്രസ്താവനകൾ പ്രത്യേകിച്ചും ശ്രദ്ധിക്കപ്പെടും; നവോത്ഥാന ചർച്ചകൾ കൊടുമ്പിരികൊള്ളുന്ന വർത്തമാന കാലത്ത് പ്രത്യേകിച്ചും.

എന്താണ് ഇസ്‌ലാം, എന്താണ് ക്വുർആൻ എന്ന് കൃത്യമായി മനസ്സി ലാക്കിയവർക്ക് ഈ വാദത്തിന്റെ അപ്രസക്തി ബോധ്യപ്പെടാതിരിക്കില്ല. എം.ടിയുടെ 'നാലുകെട്ടി'നെ അല്ലെങ്കിൽ അഴീക്കോടിന്റെ 'തത്ത്വമസി'യെ അതുമല്ലെങ്കിൽ തകഴിയുടെ 'കയറി'നെ പുനർവായിക്കണമെന്നു പറയു ന്ന ലാഘവത്തോടെയാണ് ചില ബുദ്ധിജീവി നാട്യക്കാർ ഇസ്‌ലാമിനെ അല്ലെങ്കിൽ ക്വുർആനിനെ പുനർവായിക്കണമെന്നു പറഞ്ഞുകൊണ്ടി രിക്കുന്നത്.

വിശുദ്ധ ക്വുർആൻ തകഴിയുടെ നോവൽ പോലെയുള്ള ഒരു ഗ്രന്ഥമ ല്ല. ഇസ്‌ലാം മാർക്സിന്റെയും എംഗൽസിന്റെയും കമ്യൂണിസ്റ്റ് മാനിഫെ സ്റ്റോ പോലുള്ള ഒരു മാനിഫെസ്റ്റോയുമല്ല. എങ്കിൽ പുനർവായനയും വേണ്ടിവന്നാൽ പൊളിച്ചെഴുത്തുമൊക്കെ നടത്താമായിരുന്നു. എന്നാൽ ഇസ്‌ലാം പ്രപഞ്ച സ്രഷ്ടാവിന്റെ മതമാണ്. വിശുദ്ധ ക്വുർആൻ ആ സ്ര ഷ്ടാവിന്റെ വചനങ്ങളും. ഇക്കാര്യം ആത്മാർഥമായി അംഗീകരിക്കുന്ന ഒരാൾക്കും ഇതിനെയൊക്കെ കാലത്തതിനനുസരിച്ച് വളച്ചും വിളക്കി യും ഒടിച്ചും മുറിച്ചും നേരെ പിടിച്ചും തലകുത്തനെ പിടിച്ചും കാലാനു സൃതമായി രൂപം മാറ്റുവാനും വായിക്കുവാനും ആവശ്യപ്പെടാൻ കഴിയില്ല.

അപ്രായോഗികവും അർഥശൂന്യവുമാണ് ഈ പുനർവായനാവാദം. ആരാണീ പുനർവായന നടത്തേണ്ടത്? അതിന്റെ ദൈവികതയിൽ ഒട്ടും വിശ്വാസമില്ലാത്ത 'ദേശീയ മുസ്‌ലിം' എന്ന 'ഉന്നത സോപാന'ത്തിലിരി ക്കുന്നവരോ? ഇസ്‌ലാമിക പണ്ഡിതന്മാരോ? ഒറ്റയ്ക്കൊറ്റയ്ക്കാണോ പുനർ വായിക്കേണ്ടത് അഥവാ പുനർവ്യാഖ്യാനിക്കേണ്ടത്? അതോ കൂട്ടമായി ട്ടോ? ഇതിനൊരുമ്പെട്ടാൽ ഇസ്‌ലാമിന്റെയും ക്വുർആനിന്റെയും എന്ത് അടയാളമാണ് ഭൂമുഖത്ത് ബാക്കിയുണ്ടാവുക?

മാതാപിതാക്കളുടെ സ്വ ത്തിൽ പുത്രന്മാർക്കും പുത്രിമാർ ക്കുമുള്ള അവകാശം ക്വുർആൻ അംഗീകരിക്കുന്നു. പുത്രന്മാർ ക്കും പുത്രിമാർക്കും മാത്രമല്ല, മാതാപിതാക്കൾക്കും ഭാര്യാഭർ ത്താക്കന്മാർക്കും സഹോദരീ സഹോദരന്മാർക്കുമെല്ലാം മരണ പ്പെട്ടയാളുടെ സ്വത്തിലുള്ള അവകാശം എത്രയാണെന്നും എങ്ങനെയാണെന്നുമെല്ലാം ക്വുർആൻ വ്യക്തമായി പ്രതി പാദിക്കുന്നുണ്ട്. ഇതിന്റെ ഭാഗം മാത്രമാണ് പുത്രന്റെയും പുത്രി യുടെയും അവകാശം. അനന്തരാ വകാശത്തെക്കുറിച്ച് വിശദമായി വിവരിക്കുന്ന ക്വുർആൻ സൂക്ത ങ്ങളുടെ (4:11,12) തുടക്കം ഇങ്ങ നെയാണ്: "നിങ്ങളുടെ സന്താന ങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദേശം നൽകു ന്നു. ആണിന് രണ്ട് പെണ്ണിന്റെതി ന് തുല്യമായ ഓഹരിയാണുള്ള ത്" (4:11). മരിച്ചയാളുടെ പുത്രന് പുത്രിക്കു ലഭിക്കുന്നതിന്റെ ഇരട്ടി സ്വത്ത് അനന്തരമായി ലഭിക്കുമെ ന്ന് സാരം.

സ്ത്രീക്ക് ലഭിക്കുന്ന അനന്ത രസ്വത്ത് അവളുടേത് മാത്രമാണ്. മറ്റാർക്കും അതിൽ യാതൊരു പങ്കുമില്ല. പുരുഷന് ലഭിക്കുന്ന തോ? അവൻ വിവാഹമൂല്യം നൽകണം, സ്ത്രീയുടെ സംരക്ഷ ണം ഏറ്റെടുക്കണം, അവൾക്കും കുട്ടികൾക്കുമുള്ള ചെലവുകൾ വഹിക്കണം. എല്ലാം പുരുഷന്റെ ഉത്തരവാദിത്തം. അപ്പോൾ സ്ത്രീ യെയാണോ പുരുഷനെയാണോ ക്വുർആൻ കൂടുതൽ പരിഗണി ച്ചിരിക്കുന്നത്?

**-യൂസുഫലി പി.കെ, ഇടപ്പള്ളി**

# വീണ്ടും പുകയുന്ന പുൽവാമ

പുൽവാമയിൽ സൈനികർ ഭീകരാക്രമണത്തിന് ഇരകളായ സംഭവത്തെക്കുറിച്ച് രണ്ട് ഉന്നതരായ വ്യക്തികളുടെ വെളിപ്പെടുത്തലാണ് പുറത്തുവന്നിരിക്കുന്നത്. ജമ്മു കശ്മീർ മുൻ ഗവർണർ സത്യപാൽ മാലിക്, മുൻ കരസേന മേധാവി ശങ്കർ റോയ് ചൗധരി എന്നിവരുടെതാണ് വെളിപ്പെടുത്തൽ. ഈ വെളിപ്പെടുത്തലുകൾ ജനങ്ങളിൽ വലിയ ഞെട്ടലൊന്നും ഉളവാക്കിയില്ല. കാരണം അന്നുതന്നെ അതിൽ എന്തൊക്കെയോ ദുരൂഹതകളുള്ളതായി പരക്കെ സംസാരമുണ്ടായിരുന്നു. അന്നുതന്നെ ലോക്സഭയിൽ കോൺഗ്രസ് കേന്ദ്ര സർക്കാരിന്റെ വീഴ്ചകൾ ചൂണ്ടിക്കാണിച്ചിരുന്നു.

ജവാൻമാർക്ക് ജീവൻ നഷ്ടമായതിന്റെ ഉത്തരവാദിത്തം പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകുന്ന സർക്കാരിനാണ് എന്നാണ് മുൻ കരസേന മേധാവി പറഞ്ഞിരിക്കുന്നത്. ദേശീയ സുരക്ഷാ ഏജൻസിക്കും ഇന്റലിജൻസ് വീഴ്ചയിൽ ഉത്തരവാദിത്തമുണ്ട്. സൈനിക കോൺവോയ് പാക്കിസ്ഥാൻ അതിർത്തിയോട് ചേർന്നുള്ള ഹൈവേയിലൂടെ പോകരുതായിരുന്നു. വ്യോമ മാർഗം സഞ്ചരിച്ചിരുന്നെങ്കിൽ ജവാന്മാരുടെ ജീവൻ രക്ഷിക്കാമായിരുന്നുവെന്നും ജനറൽ റോയ് ചൗധരി ദി ടെലഗ്രാഫ് പത്രത്തോടാണ് തുറന്നു പറഞ്ഞിരിക്കുന്നത്.

സിആർപിഎഫ് ജവാന്മാരെ വ്യോമ മാർഗം കൊണ്ടുപോകണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കാത്തതാണ് പുൽവാമ ആക്രമത്തിലേക്ക് നയിച്ചതെന്നാണ് ജമ്മു കശ്മീർ മുൻ ഗവർണർ സത്യപാൽ മാലികിന്റെ വെളിപ്പെടുത്തൽ. സിആർപിഎഫ് നടത്തിയ ആഭ്യന്തര അന്വേഷണത്തിലും ജവാന്മാരെ റോഡ് മാർഗം കൊണ്ടുപോയതിലെ വീഴ്ച ചൂണ്ടിക്കാട്ടിയിരുന്നു എന്നാണ് റിപ്പോർട്ട്. സാധാരണ സൈനികരെ റോഡുമാർഗം കൊണ്ടുപോകാറുണ്ട്. എന്നാൽ 78 വാഹനങ്ങളടങ്ങുന്ന കോൺവോയി പോകാൻ തീരുമാനിച്ചത് അസാധരണമെന്നാണ് സിആർപിഎഫും വിലയിരുത്തിയത്.

ഇത് വിവരം ചോരാനും വാഹന വ്യൂഹത്തിന് ശ്രദ്ധ കിട്ടാനും ഇടയാക്കി. വാഹനവ്യൂഹത്തിലെ അഞ്ചാമത്തെ വാഹനത്തിനരികിലേക്ക് കാർ ഓടിച്ചു കയറ്റിയാണ് സ്ഫോടനം നടത്തിയത്. പുൽവാമ ആക്രമണത്തിന് പിന്നിലെ വീഴ്ചകൾ ചൂണ്ടിക്കാണിച്ചപ്പോൾ തന്നോട് നിശ്ശബ്ദനായിരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആവശ്യപ്പെട്ടിരുന്നതായി സത്യപാൽ പറഞ്ഞിരുന്നു. ജവാന്മാർക്ക് യാത്ര ചെയ്യുന്നതിനായി സിആർപിഎഫ് വിമാനം ആവശ്യപ്പെട്ടിരുന്നെന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുവദിച്ചില്ലെന്നും മുൻ ഗവർണർ വെളിപ്പെടുത്തുന്നു. 2019 ഫെബ്രുവരി 14ന് നടന്ന ആക്രമണത്തിൽ 40 സിആർപിഎഫ് ജവാന്മാരാണ് കൊല്ലപ്പെട്ടത്.

ദേശിയ സുരക്ഷയിൽ ഉണ്ടായ വീഴ്ചയും ഇന്റലിജൻസിന്റെ പരാജയവും എടുത്ത് പറഞ്ഞായിരുന്നു അന്ന് കോൺഗ്രസിന്റെ ചോദ്യങ്ങൾ. മാലികിന്റെ പുതിയ വെളിപ്പെടുത്തലിൽ കേന്ദ്രം ഉത്തരം പറയണമെന്നാണ് ഇപ്പോൾ കോൺഗ്രസ് ആവശ്യപ്പെട്ടിരിക്കുന്നത്.

എന്തുകൊണ്ടാണ് സിആർപിഎഫ് ജവാന്മാരെ വിമാനത്തിൽ യാത്ര ചെയ്യാൻ അനുവദിക്കാതിരുന്നത്? 2019 ജനുവരി രണ്ടിനും 2019 ഫെബ്രുവരി 13 നും ഇടയിൽ ഭീകരാക്രമണത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയ ഇന്റലിജൻസ് വിവരങ്ങൾ എന്തുകൊണ്ട് അവഗണിക്കപ്പെട്ടു? എങ്ങനെയാണ് തീവ്രവാദികൾ ഇത്രയും ആർഡിഎക്സ് സംഭരിച്ചത്? നാല് വർഷത്തിന് ശേഷം പുൽവാമ ഭീകരാക്രമണവുമായി ബന്ധപ്പെട്ട അന്വേഷണം എവിടെയെത്തി? ഈ ചോദ്യങ്ങൾക്ക് മറുപടി പറയേണ്ട ബാധ്യത കേന്ദ്രത്തിനുണ്ട്.



ലേഖനം

ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 12

# മിർസയും മലക്കുകളും വിചിത്ര വ്യാഖ്യാനങ്ങളും

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

### സഹോദരന്റെ വേഷത്തിൽ

'മരിച്ചുപോയ ജ്യേഷ്ഠൻ ഗുലാം ഖാദിറിനെപ്പോലെ ഒരാൾ കയറി വന്നു. എനിക്ക് ഉടനെ മനസ്സിലായി ഒരു മലക്കാണെന്ന്! എവിടെ നിന്നാണ് വരുന്നത് എന്ന ചോദ്യത്തിന് അല്ലാഹുവിന്റെ അടുത്തുനിന്ന് എന്ന് മറുപടി ലഭിച്ചു. ജനങ്ങൾക്ക് നിന്നോടുള്ള ശത്രുത കൂടുകയാണെന്നും അവർ നിന്നെ വിട്ടു പോകുമെന്നും അറിയിക്കാനാണ് വന്നത് എന്നും പറഞ്ഞു' (പേജ്: 151).

'1906 ഒക്ടോബർ 9. എന്റെ ജ്യേഷ്ഠ സഹോദരൻ കരുത്തുറ്റ ഒരു കുതിരപ്പുറത്ത് സവാരി ചെയ്യുന്നത് ഞാൻ കണ്ടു. അതൊരു മലക്കാണെന്ന് മനസ്സിലാക്കി ഞാൻ ഓടി അതിനെ പിന്നിലാക്കി. നഗരത്തിൽ എത്തിയപ്പോൾ അയാൾ താഴെ ഇറങ്ങി. ഒരു പട്ടാളക്കാരൻ കൈയിൽ വലിയൊരു ചാട്ടയുമായി നിൽക്കുന്നു. ആ പട്ടണത്തിൽ മലക്കുകൾക്ക് മാത്രം ചെയ്യാൻ പറ്റുന്ന എന്തോ വളരെ വലിയ ദൗത്യം ഉണ്ടെന്ന് മനസ്സിലാക്കി ഞാൻ അവിടേക്ക് കുതിച്ചു' (പേജ്: 572).

മലക്കുകൾ പലപ്പോഴും ജ്യേഷ്ഠന്റെ വേഷത്തിൽ അവതരിച്ചെങ്കിലും അദ്ദേഹവുമായി നല്ല സ്വരച്ചേർച്ചയിലായിരുന്നില്ല മിർസാ ഖാദിയാനി.

### ഒമ്പത് മാസം നോമ്പ്!

'സ്വഹാബിമാരുടെ' രിവായാത്ത് രജിസ്റ്ററിൽ നിന്ന് ഇമാമുദ്ദീൻ സീഖാനി വിവരിക്കുന്നു: നേരത്തെ പ്രസിദ്ധീകരിക്കാത്ത ഒരു ദർശനം കാണുക: 'മസീഹ് ഒമ്പത് മാസം

നോമ്പെടുത്തു. അതുമായി ബന്ധപ്പെട്ട് ഒരിക്കൽ ഹുസൂർ പറഞ്ഞു: മൂന്നു മാസത്തോടടുത്തപ്പോൾ വളരെ നീണ്ട, തടിച്ച, ചുവന്ന നിറമുള്ള ഒരാൾ എന്റെ മുമ്പിൽ വന്നു പറഞ്ഞുകൊണ്ടിരുന്നു: 'ഖറത' (പേജ്: 643).

'നിന്നെ പരിഗണിക്കുന്നവനാക്കി' എന്ന് അടിക്കുറിപ്പിൽ അതിന് അർഥം നൽകിയിട്ടുണ്ട്.

**അന്തം കമ്മി!**

ദർശനങ്ങൾ തുടരുകയാണ്: "ഒരു വലിയ ആൾക്കൂട്ടം എന്നോടൊപ്പം നിൽക്കുന്നുണ്ട്. ഒരു ഉയർന്ന ഉദ്യോഗസ്ഥൻ അവിടേക്കു വന്ന് എന്താണ് ഈ ആൾക്കൂട്ടത്തെ പിരിച്ചുവിടാത്തത് എന്ന് ചോദിച്ചു. 'ഇവർ ശത്രുക്കളല്ല. വിദ്യനേടാൻ വന്ന നല്ല മനുഷ്യരാണ്'-ഞാൻ പറഞ്ഞു."

'അതൊരു മലക്കായിരുന്നു. ആകാശത്തേക്ക് നോക്കി ഒന്നുരണ്ടു വാക്കുകൾ പറഞ്ഞെങ്കിലും എനിക്കൊന്നും മനസ്സിലായില്ല. പിന്നെ സലാം പറഞ്ഞു എങ്ങോട്ടോപോയി' (പേജ്: 508).

ആൾക്കൂട്ടത്തെ കണ്ടപ്പോൾ എന്തോ കുഴപ്പം മണത്താണ് പുള്ളി ഇറങ്ങിവന്നത്. പക്ഷേ, അവർ ശത്രുക്കളോ മിത്രങ്ങളോ എന്ന് തിരിച്ചറിയാത്ത 'അന്തം കമ്മി' ആയിപ്പോയി. മേലോട്ടു നോക്കി പറഞ്ഞത്, നമ്മൾ വിചാരിച്ചപോലെ കുഴപ്പക്കാരല്ല എന്നായിരിക്കാം!

'1895 ഏപ്രിൽ 13ന് ഉന്നതനായ ഒരു മലക്ക് ഇറങ്ങി വന്നു. സമുദായം തീർച്ചയായും എന്നെ കൊല്ലും. അഥവാ കൊല്ലാൻ വിചാരിക്കും. പക്ഷേ, വളരെ ദൂരെയുള്ള ഒരിടത്തുനിന്ന് അവർക്ക് എങ്ങനെയാണ് പിടിക്കാൻ സാധിക്കുക എന്ന് ചോദിച്ചു' (പേജ്: 657).

'ഗുരുദാസ്പൂരിൽവച്ച് ഒരിക്കൽ ഞാൻ മൗലവി അബ്ദുല്ല ഗസ്നവിയെ സ്വപ്നത്തിൽ കണ്ടു. ഒരു കട്ടിലിൽ ഇരിക്കുന്ന അദ്ദേഹത്തെ താഴേക്ക് തള്ളിയിടാനായി എനിക്ക് നിർദേശം ലഭിച്ചു. ഞാൻ പതുക്കെ തള്ളിക്കൊണ്ടിരിക്കെ മൂന്ന് മലക്കുകൾ ഇറങ്ങിവന്നു. അപ്പോഴേക്കും നിലത്ത് ഇറങ്ങിയിരുന്ന അബ്ദുല്ലക്കൊപ്പം അവരും ഇരിപ്പായി. ഒരു മലക്കിന്റെ പേര് ഖൈറാതി എന്നായിരുന്നു. തുടർന്ന് ഞാൻ ദുആ ചെയ്തു. അബ്ദുല്ലയും മലക്കുകളും ആമീൻ പറഞ്ഞു. പിന്നെ നാലുപേരും പറന്നു പോയി. അപ്പോൾ എനിക്ക് മനസ്സിലായി, ഗസ്നവിയുടെ മരണം അടുത്തിരിക്കുന്നു എന്ന്... അതോടെ നിരന്തരമായി വഹ് യ് അവതരിക്കാൻ തുടങ്ങി' (പേജ്: 23).

മിർസാ ഖാദിയാനിയുമായി പലപ്പോഴും സംവാദങ്ങൾ നടത്തിയ ആളാണ് മൗലവി അബ്ദുല്ല ഗസ്നവി. മുബാഹല നടത്താനുള്ള മിർസയുടെ വെല്ലുവിളി സ്വീകരിക്കുകയും തയ്യാറെടുപ്പുകൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. പക്ഷേ, മിർസ ഉപാധികൾ പാലിക്കാതെ ഏകപക്ഷീയമായി പ്രഭാഷണം നടത്തുകയും മരണം പ്രവചിക്കുകയും ചെയ്തു. അതുകൊണ്ടായിരിക്കാം മരണം അടുത്തിരിക്കുന്നു എന്ന് പറയുന്നത്. പക്ഷേ, ഖൈറാത്തി അടക്കമുള്ള മലക്കുകൾക്കൊപ്പമാണ് അയാൾ പറന്നുപോയത് എങ്കിൽ അത് ശുഭ പര്യവസാനമാണല്ലോ!

ഗസൽ പാടുന്ന മലക്കുകൾ!

പീർ സിറാജുൽ ഹഖ് വിശദീകരിക്കുന്നു; മസീഹ് ഒരിക്കൽ പറഞ്ഞു: 'ഞങ്ങൾ ഒരു ദിവസം വീടിന്റെ വരാന്തയിൽ കിടക്കുമ്പോൾ, ജാഗ്രദ് ദർശനത്തിൽ, പ്രൗഢിയോടെ ഭംഗിയായി വസ്ത്രം ധരിച്ച മലക്കുകൾ ഗസൽ പാടുകയും വട്ടംചുറ്റുകയും ചെയ്യുന്നത് കണ്ടു. ഓരോ വട്ടവും അടുത്തെത്തുമ്പോൾ ഗസലിന്റെ അന്ത്യാക്ഷരപ്രാസം 'പീറെ പീറാം' എന്ന് ഞങ്ങളുടെ മുഖത്തിന് നേരെ കൈ ചൂണ്ടി പാടിക്കൊണ്ടിരുന്നു' (പേജ് 679)

സുൽത്താന്മാരുടെ കാലത്തെ നൃത്ത, സംഗീത സദസ്സുകളെ ഓർമിപ്പിക്കുന്നുവെങ്കിലും മലക്കുകളെക്കുറിച്ച് മുസ്‌ലിംകൾക്ക് സങ്കൽപിക്കാനാവാത്ത ഒരു സദസ്സിനെയാണ് മിർസാ ഖാദിയാനി പരിചയപ്പെടുത്തുന്നത്.

**'മലക്ക് കള്ളം പറയുന്നു!'**

"1905 മാർച്ച് മൂന്നിന് ഒരാൾ വന്നു. കൈ നിറയെ പണം തന്നു. പിന്നെ ഇലാഹി ബക്ഷിനെപ്പോലെ ഒരാൾ വന്നു. പക്ഷേ, മനുഷ്യനല്ല: മലക്കിനെപ്പോലെ തോന്നി

> **മിർസാ ഖാദിയാനിയുമായി പലപ്പോഴും സംവാദങ്ങൾ നടത്തിയ ആളാണ് മൗലവി അബ്ദുല്ല ഗസ്നവി. മുബാഹല നടത്താനുള്ള മിർസയുടെ വെല്ലുവിളി സ്വീകരിക്കുകയും തയ്യാറെടുപ്പുകൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. പക്ഷേ, മിർസ ഉപാധികൾ പാലിക്കാതെ ഏകപക്ഷീയമായി പ്രഭാഷണം നടത്തുകയും മരണം പ്രവചിക്കുകയും ചെയ്തു. അതുകൊണ്ടായിരിക്കാം മരണം അടുത്തിരിക്കുന്നു എന്ന് പറയുന്നത്. പക്ഷേ, ഖൈറാത്തി അടക്കമുള്ള മലക്കുകൾക്കൊപ്പമാണ് അയാൾ പറന്നുപോയത് എങ്കിൽ അത് ശുഭ പര്യവസാനമാണല്ലോ!**



**‘എന്റെ സ്വപ്നവ്യാഖ്യാന പ്രകാരം, നിരവധിയാളുകൾ മരിച്ചൊടുങ്ങുന്ന പകർച്ചവ്യാധി വ്യാപിക്കുമെന്നാണ് ഇതിന്റെ ഉദ്ദേശ്യം. അതനുസരിച്ച് പഞ്ചാബിലും ഇന്ത്യയിലും വിശിഷ്യാ അമൃതസറിലും ലാഹോറിലും ലക്ഷക്കണക്കിന് ആളുകളുടെ മരണത്തിനിടയാക്കിയ കോളറ വ്യാപിച്ചു. വണ്ടികളിലായിരുന്നു ശവങ്ങൾ നീക്കം ചെയ്തിരുന്നത്. മുസ്‌ലിംകളുടെ ജനാസ നമസ്കരിക്കാൻ പോലും സാധിച്ചിരുന്നില്ല’ (പേജ് 15). വല്ലാത്ത സ്വപ്നവ്യാഖ്യാനം തന്നെ! കുറെ മലക്കുകൾ ചെമ്മരിയാടുകളെ നിരയായി നിർത്തി അറുക്കുന്ന സ്വപ്നത്തിന്റെ വ്യാഖ്യാനമാണ് നിരവധി പേരുടെ മരണത്തിന് നിമിത്തമായ കോളറ താണ്ഡവമാടും എന്ന്! യൂസുഫ് നബി(അ)യുടെ രണ്ടാം ജന്മമെന്ന് അവകാശപ്പെടുന്ന ഒരു ‘പ്രവാചക’ന്റെ കാര്യം!**

ച്ചു. രണ്ടു കൈയും നിറയെ രൂപ എന്റെ സഞ്ചിയിലേക്കിട്ടു. എനിക്ക് എണ്ണാവുന്നതിലുമധികം ഉണ്ടായിരുന്നു അത്. ‘എന്താ പേര്?.’ ‘ഏയ്, ഒന്നുമില്ല.’ വീണ്ടും ചോദിച്ചപ്പോൾ പറഞ്ഞു: ‘എന്റെ പേര് ടേച്ചി “ (പേജ് 445).

പേരു പറയാൻ ഇഷ്ടപ്പെടാത്ത ഒരു അനുഭാവിയാണ് ഈ ടേച്ചി! എന്നാലും പേര് ഒന്നും ഇല്ല എന്ന് കള്ളം പറഞ്ഞത് മലക്കിന് ചേർന്നതായില്ല.

ഇലാഹി ബക്ഷിനെ ഓർമയില്ലേ? കുറെ കാലമായി മിർസായുടെ ശിഷ്യത്വം സ്വീകരിക്കുകയും പിന്നെ കൊടും ശത്രുവായി മാറി രൂക്ഷമായി വിമർശിച്ചുകൊണ്ട് ‘അസ്വായേ മൂസാ’ (മൂസയുടെ വടി) എന്ന പുസ്തകം എഴുതുകയും ചെയ്ത ലാഹോറിലെ അക്കൗണ്ടന്റ്. അദ്ദേഹവുമായി ബന്ധപ്പെട്ട ഒരു ‘അഡൾട്സ് ഓൺലി’ വഹ്‌യുണ്ട് ‘തദ്കിറ’യിൽ. അയാളുടെ കോലത്തിലാണ് കൈ നിറയെ പണവുമായി മലക്കിനെ അയച്ചത്! അതിന്റെ താൽപര്യവും വ്യാഖ്യാനവും നമുക്കെന്ന പോലെ മിർസക്കും മനസ്സിലായിട്ടില്ല!

“1905 ഏപ്രിൽ 3ന് സ്വപ്നത്തിൽ ഞാൻ കണ്ടു. ആപാദചൂഡം ഗാഢമായ കറുപ്പ് വസ്ത്രം ധരിച്ച സുൽത്താൻഅഹ്മദ്മിർസാ നിസാമുദ്ദീന്റെ വീട്ടിൽ നിൽക്കുന്നു. കണ്ടപ്പോൾ മനസ്സിലായി, അവന്റെ രൂപത്തിൽ നിൽക്കുന്നത് ഒരു മലക്ക് ആണെന്ന്. ‘ഇവൻ എന്റെ മകനാണ്.’ ഞാൻ വീട്ടുകാരോട് പറഞ്ഞു. പിന്നെ രണ്ട് മലക്കുകൾകൂടി വന്നു കസേരയിലിരുന്നു. പുറമെ കേൾക്കാവുന്ന ശബ്ദത്തിൽ പേനകൊണ്ട് കടലാസിൽ എഴുതാൻ തുടങ്ങി. ഞാൻ അത് നോക്കിനിന്നു” (പേജ് 448).

മിർസയിൽ വിശ്വസിക്കാത്ത മൂത്ത മകനാണ് സുൽത്താൻ; ആദ്യഭാര്യയിലെ സന്തതി. അവന്റെ ശ്വശുരൻ മിർസാ ഇമാമുദ്ദീൻ കൊടിയശത്രുവും. അവർ എഴുതിയത് കനത്ത തെളിവുകളാണെന്ന് സ്വപ്നവ്യാഖ്യാനം തുടരുന്നു: ‘സ്വപ്നങ്ങളുടെ വ്യാഖ്യാനത്തിൽ പലപ്പോഴും മരണമെന്നത് ആരോഗ്യവും ആരോഗ്യമെന്നാൽ മരണവുമായിരിക്കും ഉദ്ദേശിക്കുക. സ്വപ്നത്തിൽ പലപ്പോഴും ഒരാളുടെ മരണം കണ്ടിട്ടും അയാൾ ഏറെക്കാലം ജീവിച്ചിരുന്നിട്ടുണ്ട്’ (പേജ് 473).

മിർസായുടെ പള്ളിയിലെ ഇമാം ആയിരുന്ന മൗലവി അബ്ദുൽ കരീമിനെക്കുറിച്ച് പറയുമ്പോഴാണ് ഈ കമന്റ്. ആ പ്രവചനം വമ്പിച്ച പരാജയമായിരുന്നു. ഈ പറയും പ്രകാരമാണ് വ്യാഖ്യാനിക്കേണ്ടതെങ്കിൽ അത്തരം മുന്നറിവുകൾ എന്ത് പ്രയോജനമാണ് ചെയ്യുക; മാനക്കേടല്ലാതെ?

**ശിപാർശ സ്വീകാര്യം, പക്ഷേ...**

“1905 ആഗസ്റ്റ് 31ന് അർധരാത്രിവരെ മൗലവി അബ്ദുൽകരീമിന് വേണ്ടി പ്രാർഥിച്ചു കഴിഞ്ഞു. പ്രഭാതത്തോടെ ഉറക്കം പിടിച്ചപ്പോൾ സ്വപ്നത്തിൽ അബ്ദുല്ല സന്നൂരി ഒരു കടലാസ് തന്നു. ന്യായാധിപന്റെ ഒപ്പു വാങ്ങാൻ പറഞ്ഞു. എന്റെ ഭാര്യയുടെ രോഗം കലശലാണെന്നും പറഞ്ഞു. അയാളുടെ മുഖം വിളറിയിരുന്നു. ‘ഇവർ ശിപാർശ സ്വീകരിക്കില്ല.’ ഞാൻ പറഞ്ഞു. ചെന്ന് നോക്കിയപ്പോൾ ബട്ടാലയിലെ എക്സ്ട്രാ അസിസ്റ്റന്റ് ആയിരുന്ന മട്ടൻലാലാണ് കസേരയിൽ. ‘പഴയ കൂട്ടുകാരന്റെ കാര്യമാണ്,

ഒപ്പിട്ടു തരണം.' യാതൊരു തടസ്സവും പറയാതെ അയാൾ ഒപ്പിട്ടു തന്നു...' (പേജ് 474).

'ഇവിടെ മട്ടൻലാൽ ഒരു മലക്കാണ്. സന്നൂരി എന്നാൽ പൂച്ച; അഥവാ രോഗം! അതായത് രോഗിയായ അബ്ദുല്ല. അതിനുള്ള മരുന്ന് ഒരു ബാഹ്യമായ കാര്യമാണ്. ഇവിടെയാകട്ടെ മറക്ക് പിന്നിലുള്ള സംഗതിയാണ്. ഒപ്പിട്ടില്ലെങ്കിലും ഒന്നും സംഭവിക്കില്ല' (പേജ് 474).

തുടർന്നുള്ള വ്യാഖ്യാനം അതിലേറെ സങ്കീർണമാണ്: 'സ്വപ്നത്തിൽ പറഞ്ഞപോലെ എന്റെ സുഹൃത്താണെന്ന് ശിപാർശ ചെയ്തതിനാൽ മൗലവി രക്ഷപ്പെട്ടു... അബ്ദുല്ല പറഞ്ഞല്ലോ, എന്റെ ഭാര്യ രോഗിയാണെന്ന്. അബ്ദുല്ല എന്നത് നബിയുടെ പേരാണ്. ഇത് ഖുർആനിലും കാണാം. മട്ടൻ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് രോഗത്തിന് ശേഷമുള്ള സുഖവും ആരോഗ്യവും ആസ്വാദനവും ഒക്കെയാണ്. എല്ലാം ആഴമേറിയ ഉപമകളും അലങ്കാരങ്ങളുമത്രെ!' (പേജ് 474,475).

എല്ലാംകൂടി കുഴഞ്ഞുമറിഞ്ഞു അവിയൽ പരുവത്തിലായി അല്ലേ? വ്യാഖ്യാനമില്ലാത്ത ഖാദിയാനിമതം ഒന്നുമല്ല. മൗലവി അബ്ദുൽ കരീം രോഗശാന്തി നേടിയെന്ന് നിങ്ങൾ ധരിച്ചുവോ? ഒരു മാസം കഴിഞ്ഞപ്പോൾ പഴയ കൂട്ടുകാരൻ ആണെന്ന ശിപാർശയും മട്ടൻലാലിന്റെ ഒപ്പും ഒക്കെ നിഷ്ഫലമാക്കി മൗലവി മരിച്ചു.

'അല്ലാഹു ഒപ്പിട്ടപ്പോൾ തൊപ്പിയിൽ മഷി തെറിച്ച സ്വഹാബി'യാണ് അബ്ദുല്ലാ സന്നൂരി. ഈ സ്വപ്നത്തിൽ അബ്ദുല്ല നബിയും സന്നൂരി പൂച്ചയുമായി വേർപിരിയുന്നു. സൗഖ്യവും ആരോഗ്യവും ഒക്കെയായ മട്ടൻ ചതിക്കുകയും ചെയ്തു.

**ദി ഏയ്ഞ്ചൽ**

'1883. I can what I will do, we can what we will do. ആ സ്വരവും ഉച്ചാരണവും കേട്ടപ്പോൾ ഒരു ഇംഗ്ലീഷുകാരൻ തലയ്ക്കു മീതെ നിന്ന് സംസാരിക്കുന്നത് പോലെ തോന്നി. പേടിപ്പെടുത്തുന്നതായിരുന്നിട്ടും അതിൽ ആസ്വാദ്യത ഉണ്ടായിരുന്നു. അർഥം മനസ്സിലായില്ലെങ്കിലും ഹൃദയത്തിൽ സുഖവും ശാന്തിയും കളിയാടുകയും ചെയ്തു. ഇങ്ങനെ ഇംഗ്ലീഷ് വഹ്‌യുകൾ മിക്കപ്പോഴും അവതരിപ്പിക്കാറുണ്ട് ' (പേജ് 50).

സിയാൽകോട്ടിലെ വയോജന ക്ലാസിൽനിന്ന് നേടിയ ഇംഗ്ലീഷ് പരിജ്ഞാനത്തിന്റ പരിമിതിമൂലം അർഥം മനസ്സിലായില്ലെങ്കിൽ അത്ഭുതപ്പെടാനില്ല. പക്ഷേ, ഇതിൽ പേടിപ്പെടുത്തുന്ന എന്ത് കാര്യമാണുള്ളത്? ആരെയാണ് ഇയാൾ പേടിപ്പിക്കുന്നത്?

**മലക്കുകളുടെ കാലിഗ്രാഫി**

"ഇന്ന് രാത്രി ഞാൻ മസ്ജിദുൽ മുബാറകിൽ പ്രവേശിക്കുന്നതായി സ്വപ്നം കണ്ടു. കുറെ ചെറുപ്പക്കാർ വാതിലിന്റെ മേൽപടിയിൽ പച്ചമഷി ഉപയോഗിച്ച് ആയത്തുകൾ എഴുതിവെക്കുന്നുണ്ട്. നല്ല കൈയെഴുത്തും വേഗതയും കണ്ടപ്പോൾ എനിക്ക് മനസ്സിലായി അവർ മലക്കുകളാണെന്ന്. ഞാൻ ആയത്തുകൾ വായിച്ചു. ഇപ്പോൾ ഓർമയിൽ ഒരു വചനം മാത്രമാണുള്ളത്: അവന്റെ ഔന്നത്യം ആർക്കും തടസ്സപ്പെടുത്താൻ ആവില്ല."

"ശരിയാണ്, അല്ലാഹു നിർമിക്കാനുദ്ദേശിക്കുന്ന കെട്ടിടം തകർക്കാനും അവൻ ആദരിക്കാനുദ്ദേശിച്ചവരെ ഇകഴ്ത്താനും ആർക്കും സാധ്യമല്ല" (പേജ് 88).

മറ്റൊരു 'മുർത്തദ്ദായ മിർ അബ്ബാസ് അലി ഷാ ലുധിയാനവി'ക്കെഴുതിയ കത്തിൽ നിന്നാണ് തദ്കിറ യിൽ ഇതെടുത്ത് ചേർത്തത്.

**കശാപ്പുകാരായ മലക്കുകൾ!**

'നീണ്ട നിരയായി ആയിരക്കണക്കിന് ചെമ്മരിയാടുകൾ, കഴുത്തുകൾ ഒരു പാത്തിയിലേക്ക് താഴ്ത്തി വച്ച് നിൽക്കുന്നത് ഞാൻ സ്വപ്നത്തിൽ കണ്ടു. അറുത്താൽ രക്തം പാത്തിയിലേക്ക് വീഴാൻ പാകത്തിലാണ് നിൽപ്പ്. ഓരോന്നിന്റെയും അടുത്ത് കത്തിയുമായി അറവുകാർ നിൽപ്പുണ്ട്. അവർ അല്ലാഹുവിന്റെ സമ്മതം കിട്ടാനെന്നപോലെ ആകാശത്തേക്ക് കണ്ണും നട്ടിരിക്കുന്നു. ഞാൻ നോക്കിയപ്പോൾ അറവുകാരെല്ലാം മലക്കുകളാണ്. ഞാൻ അടുത്തേക്ക് ചെന്നു. ഈ ആയത്ത് ഓതി: 'അവരോടു പറയുക: എന്റെ രക്ഷിതാവിനെ ഞങ്ങൾ ആരാധിക്കുകയും അവന്റെ കിൽപനകൾ സ്വീകരിക്കാതിരിക്കുകയുമാണെങ്കിൽ അവൻ നിങ്ങളെ പരിഗണിക്കുകയില്ല.'

'ഇത് കേട്ടതോടെ സമ്മതം കിട്ടി എന്ന് മനസ്സിലാക്കിയ മലക്കുകൾ ചെമ്മരിയാടുകളുടെ കഴുത്തിൽ കത്തി ഇറക്കുകയും അവ വേദനകൊണ്ട് പുളയാൻ തുടങ്ങുകയും ചെയ്തു. അവർ അവയുടെ കഴുത്തിലെ ഞരമ്പുകൾ അറുത്തുകളയുകയും 'നിങ്ങൾ എത്ര നിസ്സാരന്മാർ, കാഷ്ഠം തിന്നുന്ന ചെമ്മരിയാടുകൾ' എന്ന് പറയുകയും ചെയ്തു.'

'എന്റെ സ്വപ്നവ്യാഖ്യാന പ്രകാരം, നിരവധിയാളുകൾ മരിച്ചൊടുങ്ങുന്ന പകർച്ചവ്യാധി വ്യാപിക്കുമെന്നാണ് ഇതിന്റെ ഉദ്ദേശ്യം. അതനുസരിച്ച് പഞ്ചാബിലും ഇന്ത്യയിലും വിശിഷ്യാ അമൃതസറിലും ലാഹോറിലും ലക്ഷക്കണക്കിന് ആളുകളുടെ മരണത്തിനിടയാക്കിയ കോളറ വ്യാപിച്ചു. വണ്ടികളിലായിരുന്നു ശവങ്ങൾ നീക്കം ചെയ്തിരുന്നത്. മുസ്‌ലിംകളുടെ ജനാസ നമസ്കരിക്കാൻ പോലും സാധിച്ചിരുന്നില്ല' (പേജ് 15).

വല്ലാത്ത സ്വപ്നവ്യാഖ്യാനം തന്നെ! കുറെ മലക്കുകൾ ചെമ്മരിയാടുകളെ നിരയായി നിർത്തി അറുക്കുന്ന സ്വപ്നത്തിന്റെ വ്യാഖ്യാനമാണ് നിരവധി പേരുടെ മരണത്തിന് നിമിത്തമായ കോളറ താണ്ഡവമാടും എന്ന്! യൂസുഫ് നബി(അ)യുടെ രണ്ടാം ജന്മമെന്ന് അവകാശപ്പെടുന്ന ഒരു 'പ്രവാചക'ന്റെ കാര്യം!

**(തുടരും)**



# അബുൽ കലാം ആസാദ്: മതനിരപേക്ഷ ഇന്ത്യയുടെ അഭിമാന പുത്രൻ

**ഉസ്മാൻ പാലക്കാഴി**
: 9656 292 244

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രി. നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസ പരിഷ്‌കരണം നടപ്പാക്കിയ വിദ്യാഭ്യാസ വിചക്ഷണൻ. ഐ.ഐ.ടികളുടെ പിതാവ്. ജാമിഅ മില്ലിയ്യയുടെ സ്ഥാപകരിലൊരാൾ. യുജിസിയുടെ അധികാര പരിധി ഇന്ത്യയിലെമ്പാടും വ്യാപിപ്പിച്ച മാനവ വിഭവശേഷി വകുപ്പ് തലവൻ. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിന് അസ്തിവാരമിട്ട ദീർഘദർശി. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷന്റെ നിർമാതാവ്. നിയമ നിർമാണ സഭയുടെ അധ്യക്ഷൻ. രാജ്യം ഭാരതരത്ന നൽകി ആദരിച്ച വ്യക്തിത്വം... ഇദ്ദേഹത്തിന്റെ പേര് എൻ.സി.ഇ.ആർ.ടി സിലബസ്സിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു! പേരിലുണ്ടായിരുന്ന ന്യൂനപക്ഷ ഫെലോഷിപ്പ് നിർത്തലാക്കിയിരിക്കു ന്നു! രാജ്യത്തെ കാവിവൽക്കരിക്കുക മാത്രമല്ല ഒരു സമുദായത്തിനെ ചരിത്രത്തിൽ നിന്ന് നിഷ്‌കാസനം ചെയ്യാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളുടെ ഭാഗം കൂടിയാണ് ഈ തീരുമാനം. പ്രതികരിച്ചേ മതിയാവൂ.

*'മഹാന്മാർ എത്രയെങ്കിലും നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. മേലിലുണ്ടാവുകയും ചെയ്യും. എന്നാൽ മൗലാനാ ആസാദ് പ്രതിനിധീകരിച്ചിരുന്ന ആ പ്രത്യേക മഹത്ത്വം ഇനി ഇന്ത്യയിലോ മറ്റൊരിടത്തോ കാണുക പ്രയാസമായിരിക്കും. അപാരമായ ബുദ്ധിയായിരുന്നു അദ്ദേഹത്തിന്റേത്. ഏതൊരു പ്രശ്നത്തിന്റെയും കാതൽ കണ്ടുപിടിക്കാനുള്ള അത്ഭുതശക്തി അദ്ദേഹത്തിനുണ്ടായിരുന്നു'*

*-ജവഹർ ലാൽ നെഹ്റു.*

പാഠപുസ്തകങ്ങളുടെ കാവിവത്കരണത്തിന് കളമൊരുക്കാൻ എൻ.സി.ഇ.ആർ.ടി (നാഷണൽ കൗൺസിൽ ഫോർ എജുക്കേഷൻ റിസർച്ച് ആന്റ് ട്രെയ്നിങ്) കരിക്കുലം സമിതി മേധാവിയെ പുകച്ച് പുറത്തുചാടിച്ചത് 2014 ഒക്ടോബറിലാണ്. അഴിമതി ആരോപണം ഉന്നയിച്ച് കേന്ദ്ര മാനവശേഷി മന്ത്രാലയം ഉന്നതതല അന്വേഷണം പ്രഖ്യാപിച്ചതിന് പിന്നാലെ എൻ.സി.ഇ.ആർ.ടി കരിക്കുലം കമ്മിറ്റി മേധാവി പ്രൊഫസർ പർവീൻ സിൻക്ലയർ രാജിവെക്കുകയായിരുന്നു. പാഠ്യപദ്ധതി പരിഷ്‌കരണം സംബന്ധിച്ച നടപടികൾ പുരോഗമിക്കവെയായിരുന്നു സമിതി മേധാവിയുടെ രാജി.

എൻ.സി.ഇ.ആർ.ടി തുടങ്ങിവെച്ച പാഠ്യപദ്ധതി പരിഷ്‌കരണത്തിനെതിരെ, നരേന്ദ്ര മോഡി സർക്കാർ അധികാരത്തിലേറിയതോടെ സംഘ്പരിവാർ കേന്ദ്രങ്ങൾ രംഗത്തുവന്നിരുന്നു. പുതിയ സർക്കാറുമായി ആലോചിച്ചു മാത്രമെ പാഠ്യപദ്ധതി പരിഷ്‌കരണ ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകാൻ പാടുള്ളൂവെന്ന് ആർ.എസ്.എസ് താത്വികൻ ദീനനാഥ് ഉൾപ്പെടെയുള്ള



വർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, നേരത്തെ നിശ്ചയിച്ച വിദഗ്ധ പാനലുകളുടെ നിർദേശങ്ങളുമായി മുന്നോട്ടുപോകാനായിരുന്നു പർവീന്റെ നേതൃത്വത്തിലുള്ള കരിക്കുലം കമ്മിറ്റിയുടെ തീരുമാനം. ഇതോട പർവീനു നേരെ അഴിമതി ആരോപണം ഉയർന്നു.

ബി.ജെ.പി സർക്കാർ അധികാരത്തിലേറിയപ്പോൾ മുമ്പും പാഠപുസ്തകങ്ങളിൽ ആർ.എസ്.എസ് ചിന്താധാര തിരുകിക്കയറ്റിയ അനുഭവം നമുക്കുമുമ്പിലുണ്ട്. അന്നത്തെ കേന്ദ്ര മാനവവിഭവശേഷിവകുപ്പ് മന്ത്രിയായ മുരളിമനോഹർ ജോഷി പുറത്തിറക്കിയ നിർദിഷ്ട സ്കൂൾ കരിക്കുലവും അനുബന്ധ രേഖകളും വിദ്യാഭ്യാസരംഗം പൂർണമായും കാവിവത്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ തെളിവായിരുന്നു.

ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിലൊക്കെ പാഠ്യപദ്ധതിയിൽ ആകുന്നത്ര കാവിവത്കരണം നടത്തിയിട്ടുണ്ട്. നടത്താൻ ശ്രമിക്കുന്നുമുണ്ട്. ‘വിദ്യാഭ്യാസത്തിന്റെ ഭാരതവത്കരണം’ എന്നത് ഒരു ആർ.എസ്.എസ് അജണ്ടയാണ്. അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഹൈന്ദവവത്കരണമാണ്. 2001ൽ ജോഷി അവതരിപ്പിച്ച ‘രേഖ’ അതിന് തെളിവാണ്. മതേതരത്വത്തിന്റെ പുനർനിർവചനം ആവശ്യപ്പെട്ട രേഖ വിദ്യാഭ്യാസത്തെ മൂല്യാധിഷ്ഠതമാക്കുന്നതിനുള്ള പദ്ധതികളാണ് സമർപ്പിക്കുന്നത് എന്നാണ് അവകാശപ്പെട്ടിരുന്നത്.

ഇന്ത്യൻ പാരമ്പര്യം നിലനിർത്താൻ മാതാപിതാക്കളുടെ കാൽ തൊട്ട് വന്ദിക്കുക, സംസ്കൃതം ലോകത്തിലെ എല്ലാ ഭാഷകളുടെയും മാതാവാണ്; അതിനാൽ അത് പഠിക്കൽ ആവശ്യമാണ്, വൈദികശാസ്ത്രവും വൈദികഗണിതവും പഠിപ്പിക്കുക... ഇങ്ങനെ പോകുന്നു ജോഷിയുടെ ആഗ്രഹങ്ങൾ.

അന്ന് നടപ്പാക്കാൻ സാധിക്കാതെ പോയതെല്ലാം നടപ്പാക്കാൻ മോദിക്ക് താൽപര്യം കാണാതിരിക്കില്ലല്ലോ. അധികാരത്തിന്റെ കുഞ്ചികസ്ഥാനങ്ങളിലെല്ലാം കയറിക്കൂടുകയും ഭരണയന്ത്രത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് ആർ.എസ്.എസ് എത്തിക്കഴിഞ്ഞിരിക്കുന്നു.

**ഒരു രാജ്യത്തിന്റെ ഭാവി ആ രാജ്യത്തിന്റെ പാഠശാലകളിൽവച്ചാണ് രൂപംകൊള്ളുന്നതെന്ന് പറയാറുണ്ട്. വിദ്യാഭ്യാസത്തിൽ ഭരണകൂടങ്ങൾ പിടിമുറുക്കുന്നത് അതുകൊണ്ടാണ്. പ്രത്യേകിച്ച് വ്യക്തമായ രു പ്രത്യയശാസ്ത്രമുള്ള ഭരണകൂടങ്ങൾ. ഇതുകൊണ്ടായിരുന്നു സർക്കാറുകളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇടപെടാൻ അനുവദിക്കരുതെന്ന് സർ സയ്യിദിനെപ്പോലുള്ളവർ വാദിച്ചിരുന്നത്. പ്രത്യേകിച്ചും കരിക്കുലവും സിലബസും തയ്യാറാക്കുന്നതിൽ. സ്വതന്ത്ര ഇന്ത്യ ഏറെക്കാലം ഭരിച്ച കോൺഗ്രസ്സിന് പ്രത്യേകിച്ചൊരു പ്രത്യയശാസ്ത്രത്തോടും വിധേയത്വമുണ്ടായിരുന്നില്ല. പ്രായോഗികമായ രാഷ്ട്രീയ-സാമ്പത്തിക പരിപാടികളേ അവർക്കു മുമ്പിലുണ്ടായിരുന്നുള്ളൂ. അബുൽകലാം ആസാദ് ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി യായിരിക്കെ പുരോഗമന വീക്ഷണമുള്ളവർക്കും മതേതര വിശ്വാസികൾക്കും ബൗദ്ധിക മണ്ഡലത്തിൽ മേൽക്കൈ നേടാൻ അവസരമൊരുക്കുന്നതിൽ വിജയിച്ചു.**

എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളിൽനിന്ന് തങ്ങൾക്ക് ഇഷ്ടമില്ലാത്ത അധ്യായങ്ങളും പാഠഭാഗങ്ങളും ഒഴിവാക്കുന്ന തിരക്കിലാണിപ്പോൾ കേന്ദ്ര ഭരണകൂടം. പാഠപുസ്തകങ്ങളിൽനിന്നും തങ്ങൾക്ക് അഹിതകരമായവ വെട്ടിമാറ്റി പാഠപുസ്തകങ്ങളുടെ പരിപൂർണമായ കാവിവൽക്കരണമാണ് ഇത്തരം നടപടികളിലൂടെ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാണ്. പന്ത്രണ്ടാം ക്ലാസിലെ പൊളിറ്റിക്കൽ സയൻസ് പാഠപുസ്തകത്തിൽനിന്ന് ഗാന്ധിവധവും തുടർന്നുണ്ടായ ആർഎസ്എസ് നിരോധനത്തെക്കുറിച്ചുള്ള ഭാഗവും ഒഴിവാക്കിയത് ആരുടെ താൽപര്യപ്രകാരമാണെന്ന് വ്യക്തമാണ്.

ഒരു രാജ്യത്തിന്റെ ഭാവി ആ രാജ്യത്തിന്റെ പാഠശാലകളിൽ വച്ചാണ് രൂപംകൊള്ളുന്നതെന്ന് പറയാറുണ്ട്. വിദ്യാഭ്യാസത്തിൽ ഭരണകൂടങ്ങൾ പിടിമുറുക്കുന്നത് അതുകൊണ്ടാണ്. പ്രത്യേകിച്ച് വ്യക്തമായ ഒരു പ്രത്യയശാസ്ത്രമുള്ള ഭരണകൂടങ്ങൾ. ഇതുകൊണ്ടായിരുന്നു സർക്കാറുകളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇടപെടാൻ അനുവദിക്കരുതെന്ന് സർ സയ്യിദിനെപ്പോലുള്ളവർ വാദിച്ചിരുന്നത്. പ്രത്യേകിച്ചും കരിക്കുലവും സിലബസും തയ്യാറാക്കുന്നതിൽ. സ്വതന്ത്ര ഇന്ത്യ ഏറെക്കാലം ഭരിച്ച കോൺഗ്രസ്സിന് പ്രത്യേകിച്ചൊരു പ്രത്യയശാസ്ത്രത്തോടും വിധേയത്വമുണ്ടായിരുന്നില്ല. പ്രായോഗികമായ രാഷ്ട്രീയ-സാമ്പത്തിക പരിപാടികളേ അവർക്കുമുമ്പിലുണ്ടായിരുന്നുള്ളൂ. അബുൽകലാം ആസാദ് ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയായിരിക്കെ പുരോഗമന വീക്ഷണമുള്ളവർക്കും മതേതര വിശ്വാസികൾക്കും ബൗദ്ധികമണ്ഡലത്തിൽ മേൽക്കൈ നേടാൻ അവസരമൊരുക്കുന്നതിൽ വിജയിച്ചു. പ്രൊഫസർ താരാചന്ദിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്ര രചനാസമിതി ഇതിനുദാഹരണമാണ്.

എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളിൽനിന്ന് തങ്ങൾക്ക് ഇഷ്ടമില്ലാത്ത അധ്യായങ്ങളും പാഠഭാഗങ്ങളും ഒഴിവാക്കുന്ന തിരക്കിലാണിപ്പോൾ കേന്ദ്ര ഭരണകൂടം. പാഠപുസ്തകങ്ങളിൽനിന്നും തങ്ങൾക്ക് അഹിതകരമായവ വെട്ടിമാറ്റി പാഠപുസ്തകങ്ങളുടെ പരിപൂർണമായ കാവിവൽക്കരണമാണ് ഇത്തരം നടപടികളിലൂടെ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാണ്. പന്ത്രണ്ടാം ക്ലാസിലെ പൊളിറ്റിക്കൽ സയൻസ് പാഠപുസ്തകത്തിൽനിന്ന് ഗാന്ധിവധവും തുടർന്നുണ്ടായ ആർഎസ്എസ് നിരോധനത്തെക്കുറിച്ചുള്ള ഭാഗവും ഒഴിവാക്കിയത് ആരുടെ താൽപര്യപ്രകാരമാണെന്ന് വ്യക്തമാണ്. ഇതേ ക്ലാസിലെ ചരിത്ര പാഠപുസ്തകത്തിൽനിന്ന് മുഗൾ സാമ്രാജ്യത്തെയും പറിച്ചുമാറ്റിയിരിക്കുന്നു. മുഗൾ സാമ്രാജ്യത്തെ ഒഴിവാക്കിക്കൊണ്ടുള്ള ഇന്ത്യയുടെ മധ്യകാല ചരിത്രപഠനം അപൂർണമാണ്. മധ്യകാല ഇന്ത്യൻ ചരിത്രം എക്കാലത്തും സംഘപരിവാർ വളച്ചൊടിക്കലുകളുടെ മേഖലയാണ്. ഈ പാഠഭാഗം ഒഴിവാക്കുക വഴി സംഘപരിവാർ നിർമിത വ്യാജ ചരിത്രത്തെ വെള്ളപൂശുക കൂടിയാണ് എൻ.സി.ഇ.ആർ.ടി ചെയ്യുന്നത്. ചരിത്രസത്യങ്ങളെ മാറ്റിയോ മറിച്ചോ കാവി പുതപ്പിച്ചാൽ ചരിത്രം ചരിത്രമല്ലാതായി മാറില്ലല്ലോ. വിദ്വേഷത്തിന്റെയും വിഭജനത്തിന്റെയും രാഷ്ട്രീയത്തെ പാഠപുസ്തകങ്ങൾ വഴി കുരുന്നുമനസ്സുകളിലേക്ക് ഒളിച്ചുകടത്താനാണ് സംഘപരിവാർ ചരിത്രത്തിന്റെ കാവി വൽക്കരണത്തിലൂടെ ശ്രമിക്കുന്നത്. ആർ.എസ്.എസിന്റെ വികലമായ ചരിത്ര രചനാ രീതിശാസ്ത്രത്തിന് അനുകൂലമായ നിലപാടുകളാണ് എൻ.സി.ഇ.ആർ.ടി കൈക്കൊള്ളുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ജ്വലിക്കുന്ന താരകവും സ്വതന്ത്ര ഇന്ത്യയിലെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന മൗലാന അബുൽ കലാം ആസാദിനെയും പാഠപുസ്തകത്തിൽനിന്നും വെട്ടിമാറ്റിയിരിക്കുകയാണിപ്പോൾ. ഈ സന്ദർഭത്തിൽ ആരായിരു



ന്നു അബുൽ കലാം ആസാദ്, ഇന്ത്യയുടെ ചരിത്രത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനമെന്ത് എന്ന് മനസ്സിലാക്കൽ അനിവാര്യമാണ്. സംഘപരിവാർ സർക്കാർ എന്തുകൊണ്ട് അദ്ദേഹത്തെ ചരിത്രത്തിൽനിന്ന് തുടച്ചുനീക്കാൻ ശ്രമിക്കുന്നു എന്ന് അപ്പോൾ ബോധ്യമാകും.

**അബുൽ കലാം ആസാദ്**

1888 നവംബർ 11ന് സൗദി അറേബ്യയിലെ മക്കയിലാണ് അബുൽ കലാം മുഹ്‌യുദ്ദീൻ അഹ്‌മദ് എന്ന മൗലാനാ ആസാദ് ജനിച്ചത്. ആദ്യ മുഗൾ ഭരണാധികാരിയായ ബാബറിന്റെ കാലത്ത് പേർഷ്യയിലെ ഹറാത്തിൽനിന്നും ഇന്ത്യയിൽ വന്ന പണ്ഡിത കുടുംബമാണ് അദ്ദേഹത്തന്റേത്. പിതാവ് മൗലാനാ ഖൈറുദ്ദീൻ എഴുത്തുകാരനും പണ്ഡിതനുമായിരുന്നു. മദീനയിലെ മുഫ്തി ശൈഖ് മുഹമ്മദ് സ്വഗീറിന്റെ മകൾ ആലിയയാണ് ആസാദിന്റ മാതാവ്.

**പണ്ഡിതനും എഴുത്തുകാരനും**

ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ അവഗാഹം നേടിയ മതപണ്ഡിതനാണ് മൗലാനാ. 'തർജുമാനുൽ ഖുർആൻ' അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമാണ്. അറബിക്, ഇംഗ്ലീഷ്, ഉർദു, ഹിന്ദി, പേർഷ്യൻ, ബംഗാളി തുടങ്ങിയ ഭാഷകൾ വശമുള്ള ബഹുഭാഷാ പണ്ഡിതൻകൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ തൂലികാനാമമാണ് 'ആസാദ്' എന്നത്.

ചെറുപ്പത്തിൽ തന്നെ പാണ്ഡിത്യം പ്രകടിപ്പിച്ച ആസാദ് കൗമാരപ്രായത്തിൽ തന്നെ മാഗസിനുകളിൽ ലേഖനങ്ങൾ എഴുതിത്തുടങ്ങി. പിന്നെ പത്രപ്രവർത്തനത്തിലേക്കും രാഷ്ട്രീയത്തിലേക്കും അദ്ദേഹം ചുവടുവച്ചു. അൽഹിലാൽ, അൽബലാഗ്, പൈഗാം തുടങ്ങിയ പല ആനുകാലികങ്ങളും പുറത്തിറക്കി. 1912ലാണ് ഉർദു വാരികയായ അൽഹിലാൽ പ്രസിദ്ധീകരിച്ചത്. അതിൽ ഇന്ത്യക്കാരോടുള്ള കഠിനമായ ബ്രിട്ടീഷ് നയങ്ങൾ ഉയർത്തിക്കാട്ടുകയും

**ആസാദും മറ്റു നേതാക്കളും അറസ്റ്റിലായെങ്കിലും, സമാധാനപരമായ ഘോഷയാത്രകളിലും പണിമുടക്കുകളിലും പ്രതിഷേധങ്ങളിലും ദശലക്ഷക്കണക്കിന് ആളുകളെ ഈ പ്രസ്ഥാനം ആകർഷിച്ചു. ഈ കാലഘട്ടം ആസാദിന്റെ ജീവിതത്തിൽ ഒരു പരിവർത്തനം അടയാളപ്പെടുത്തി. ആസാദും ഗാന്ധിയും മതത്തോടുള്ള അഗാധമായ അഭിനിവേശം പങ്കിട്ടു. ആസാദ് അദ്ദേഹവുമായി അടുത്ത സൗഹൃദം വളർത്തി. ഭൗതിക സമ്പത്തും സുഖഭോഗങ്ങളും നിരസിച്ച് ലളിതമായി ഇസ്‌ലാമിക ജീവിതം നയിച്ചു. അദ്ദേഹം ചർക്കയിൽ സ്വന്തം വസ്ത്രങ്ങൾ നൂൽക്കാൻ തുടങ്ങി. അഹിംസയോട് അഗാധമായ പ്രതിബദ്ധതയുള്ള ആസാദ് ജവഹർലാൽ നെഹ്റു, ചിത്തരഞ്ജൻ ദാസ്, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ സഹ ദേശീയവാദികളുമായി അടുത്തു.**

ദൈനംദിന ജീവിതത്തിൽ സാധാരണക്കാർ നേരിടുന്ന വെല്ലുവിളികൾക്ക് അടിവരയിടുകയും ചെയ്തു. എന്നാൽ 1914ൽ അത് നിരോധിച്ചു.

അദ്ദേഹം തന്റെ രചനകളിലൂടെ ഇന്ത്യക്കാർക്കിടയിൽ, പ്രത്യേകിച്ച് മുസ്‌ലിം സമുദായത്തിൽ ദേശീയത പ്രചരിപ്പിച്ചു. ഗാന്ധിയുടെ പ്രത്യയശാസ്ത്രവുമായി അവരെ ഐക്യപ്പെടുത്താൻ എപ്പോഴും ശ്രമിച്ചു. ബ്രിട്ടീഷ് രാജിനെ വിമർശിക്കുന്ന എഴുത്തുകളിലൂടെ ഒരു പത്രപ്രവർത്തകനെന്ന നിലയിൽ അദ്ദേഹം പ്രശസ്തനായി.

**സ്വാതന്ത്ര്യ സമരത്തിലെ പങ്ക്**

കൊളോണിയൽ വാഴ്ചക്കെതിരായ ചിന്ത ചെറുപ്പം മുതലേ അദ്ദേഹത്തിൽ കരുപ്പിടിച്ചിരുന്നു. ബ്രിട്ടീഷ് സർക്കാരിന്റെ അധിനിവേശവും വംശീയ നയങ്ങളും ഇന്ത്യൻ ജനതയുടെ അവകാശങ്ങളോടും ആവശ്യങ്ങളോടുമുള്ള നഗ്നമായ അവഗണനയും അദ്ദേഹത്തിന്റെ മനസ്സിനെ അസ്വസ്ഥമാക്കി.

അദ്ദേഹം ഖിലാഫത്ത് പ്രസ്ഥാനത്തെ പിന്തുണച്ചു. 1919ലെ റൗലത്ത് നിയമത്തിനെതിരായ നിസ്സഹകരണ പ്രസ്ഥാനത്തിൽ അദ്ദേഹം പങ്കെടുത്തു. അഹിംസാത്മക സത്യാഗ്രഹത്തെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ വീക്ഷണങ്ങളെ അദ്ദേഹം പിന്തുണച്ചു. സ്വരാജിനെയും സ്വദേശി പ്രസ്ഥാനത്തെയും പ്രോത്സാഹിപ്പിച്ചു. 1923ൽ 35ാം വയസ്സിൽ കോൺഗ്രസ് പാർട്ടിയുടെ ഏറ്റവും പ്രായം കുറഞ്ഞ പ്രസിഡന്റായി. 1931 ആയപ്പോഴേക്കും ഏറ്റവും പ്രധാനപ്പെട്ട ദേശീയ നേതാക്കളിൽ ഒരാളായി ആസാദ് ഉയർന്നു,

**ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം**

ഇന്ത്യക്ക് ഉടനടി സ്വാതന്ത്ര്യം നൽകുക എന്ന മഹാത്മാഗാന്ധിയുടെ ആഹ്വാന പ്രകാരം 1942 ഓഗസ്റ്റ് മാസം ആരംഭിച്ച നിയമലംഘന സമരമാണ് ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം. ഇന്ത്യൻ ദേശീയ നേതാക്കളുടെ പ്രതിഷേധം ഒത്തുതീർപ്പിലൂടെ പരിഹരിക്കാൻ ബ്രിട്ടൻ ക്രിപ്സ് കമ്മീഷനെ ഇന്ത്യയിലേക്കയച്ചു. സ്വയം ഭരണത്തിനായി ഒരു നിശ്ചിത കാലയളവ് പ്രസ്താവിക്കാനോ എന്തെല്ലാം അധികാരങ്ങൾ കൈയൊഴിയും എന്ന് വ്യക്തമായി നിർവചിക്കാനോ ഈ കമ്മീഷനു കഴിഞ്ഞില്ല. കമ്മീഷൻ നൽകാൻ തയ്യാറായ പരിമിത ഡൊമീനിയൻ പദവി പൂർണമായും അസ്വീകാര്യമായിരുന്നു. അങ്ങനെ കമ്മീഷന്റെ ശ്രമം പരാജയപ്പെട്ടു. സമ്പൂർണ സ്വാതന്ത്ര്യത്തിനുള്ള തങ്ങളുടെ ആവശ്യത്തിൽ ബ്രിട്ടീഷ് സർക്കാരിൽനിന്നും വ്യക്തമായ ഉറപ്പുലഭിക്കാനായി കോൺഗ്രസ് ക്വിറ്റ്

ഇന്ത്യാ പ്രസ്ഥാനവുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു.

ഉറച്ചതും എന്നാൽ അക്രമരഹിതവുമായ ചെറുത്തുനിൽപ്പിനുള്ള ഗാന്ധിയുടെ നിശ്ചയദാർഢ്യം ഓഗസ്റ്റ് 8നു ബോംബെയിലെ ഗൊവാലിയ റ്റാങ്ക് മൈതാനത്ത് നടത്തിയ 'ഡൂ ഓർ ഡൈ' (പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക) എന്ന ആഹ്വാനത്തിൽ പ്രതിഫലിച്ചു. ഈ പ്രസംഗത്തിന് ഇരുപത്തിനാലു മണിക്കൂറിനകം ഒട്ടേറെ നേതാക്കളെ സർക്കാർ തുറുങ്കിലടക്കുകയുണ്ടായി.

'ക്വിറ്റ് ഇന്ത്യ' പ്രസ്ഥാനത്തെ പിന്തുണച്ചുകൊണ്ട് പോരാട്ടത്തിന് തയ്യാറെടുക്കാൻ ആസാദ് ജനങ്ങളെ ഉദ്ബോധിപ്പിക്കാൻ തുടങ്ങി. കോൺഗ്രസ് അധ്യക്ഷനെന്ന നിലയിൽ, ഇന്ത്യയിലുടനീളം സഞ്ചരിച്ച് പ്രാദേശിക, പ്രവിശ്യാ കോൺഗ്രസ് നേതാക്കളെയും ഗ്രാസ് റൂട്ട് പ്രവർത്തകരെയും കാണുകയും പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. പ്രക്ഷോഭം കഴിയുന്നത്ര ഫലപ്രദമാക്കാൻ ആസാദ് പട്ടേലിനോടും ഡോ. രാജേന്ദ്ര പ്രസാദിനോടും ചേർന്ന് പ്രവർത്തിച്ചു. 1942 ആഗസ്റ്റ് 7ന് മുംബൈയിലെ ഗോവാലിയ ടാങ്കിൽ, ഇന്ത്യക്കാരെ പ്രവർത്തനക്ഷമമാക്കാൻ ഉദ്ബോധിപ്പിക്കുന്ന ഗംഭീരമായ പ്രസംഗത്തോടെ സമരം ഉദ്ഘാടനം ചെയ്തു. രണ്ട് ദിവസത്തിന് ശേഷം ബ്രിട്ടീഷുകാർ ആസാദിനെയും മുഴുവൻ കോൺഗ്രസ് നേതൃത്വത്തെയും അറസ്റ്റ് ചെയ്തു. ഗാന്ധിജി ആഗാഖാൻ കൊട്ടാരത്തിൽ തടവിൽ കഴിയുമ്പോൾ പൂനെയിൽ ആസാദിനെയും കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയെയും അഹമ്മദ്നഗറിലെ ഒരു കോട്ടയിൽ തടവിലാക്കി. അവിടെ അവർ നാല് വർഷത്തോളം ഒറ്റപ്പെടലിലും കനത്ത സുരക്ഷയിലും തുടർന്നു. പുറത്തുനിന്നുള്ള വാർത്തകളും ആശയവിനിമയങ്ങളും വലിയ തോതിൽ നിരോധിക്കുകയും പൂർണമായും സെൻസർ ചെയ്യുകയും ചെയ്തു. തടവിലും ഒറ്റപ്പെടലിലും നിരാശരായെങ്കിലും, ആസാദും കൂട്ടാളികളും തങ്ങളുടെ രാജ്യത്തോടും ജനങ്ങളോടുമുള്ള കടമകൾ നിറവേറ്റുന്നതിൽ ഉറച്ചുനിന്നു.

> **അഖണ്ഡഭാരതത്തിന്റെ അടിയുറച്ച വക്താവായിരുന്ന ആസാദ് വിഭജനം ഇരുരാജ്യങ്ങളും തമ്മിലുള്ള ശാശ്വതമായ തടസ്സമായി മാറുമെന്ന് വിശ്വസിച്ചു. വിഭജനത്തിന്റെ രാഷ്ട്രീയം തന്നെ ഇരു രാജ്യങ്ങൾക്കിടയിൽ ഒരു തടസ്സമായി പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ എല്ലാ മുസ്‌ലിംകളെയും ഉൾക്കൊള്ളാൻ പാകിസ്ഥാന് സാധ്യമല്ല, അത് അവരുടെ പ്രദേശിക ശേഷിക്കപ്പുറമുള്ള ഒരു ദൗത്യമാണ് എന്നും ആസാദ് വ്യക്തമാക്കി. വിഭജനത്തിന്റെ വിഷയത്തിൽ ആസാദ് ജിന്നയുമായി കടുത്ത അഭിപ്രായ വ്യത്യാസത്തിലായിരുന്നു. ഹിന്ദു-മുസ്‌ലിം ഐക്യം നിലനിർത്താൻ ആസാദ് അക്ഷീണം പ്രവർത്തിച്ചു.**

**നിസ്സഹകരണ പ്രസ്ഥാനം**

ആസാദും മറ്റു നേതാക്കളും അറസ്റ്റിലായെങ്കിലും, സമാധാനപരമായ ഘോഷയാത്രകളിലും പണിമുടക്കുകളിലും പ്രതിഷേധങ്ങളിലും ദശലക്ഷക്കണക്കിന് ആളുകളെ ഈ പ്രസ്ഥാനം ആകർഷിച്ചു. ഈ കാലഘട്ടം ആസാദിന്റെ ജീവിതത്തിൽ ഒരു പരിവർത്തനം അടയാളപ്പെടുത്തി. ആസാദും ഗാന്ധിയും മതത്തോടുള്ള അഗാധമായ അഭിനിവേശം പങ്കിട്ടു. ആസാദ് അദ്ദേഹവുമായി അടുത്ത സൗഹൃദം വളർത്തി. ഭൗതിക സമ്പത്തും സുഖഭോഗങ്ങളും നിരസിച്ച് ലളിതമായി ഇസ്‌ലാമിക ജീവിതം നയിച്ചു. അദ്ദേഹം ചർക്കയിൽ സ്വന്തം വസ്ത്രങ്ങൾ നൂൽക്കാൻ തുടങ്ങി. അഹിംസയോട് അഗാധമായ പ്രതിബദ്ധതയുള്ള ആസാദ് ജവഹർലാൽ നെഹ്റു, ചിത്തരഞ്ജൻ ദാസ്, സുഭാഷ് ചന്ദ്ര ബോസ് തുടങ്ങിയ സഹ ദേശീയവാദികളുമായി അടുത്തു.

ആസാദ് ഗാന്ധിയുടെ അഹിംസാത്മക നിയമലംഘനത്തെക്കുറിച്ചുള്ള ആശയങ്ങളെ പിന്തുണയ്ക്കുകയും 1919ൽ നിസ്സഹകരണ പ്രസ്ഥാനം സംഘടിപ്പിക്കുകയും ചെയ്തു. സ്വദേശി ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഗാന്ധിയുടെ ആശയത്തിന് ആസാദ് വലിയ പിന്തുണയാണ് നല്കിയത്.

1922ൽ ആസാദും അലി സഹോദരന്മാരെപ്പോലുള്ള മറ്റ് നേതാക്കളും ജയിലിലായിരുന്നപ്പോൾ ഖിലാഫത്തിനും നിസ്സഹകരണ പ്രസ്ഥാനത്തിനും തിരിച്ചടി നേരിട്ടു. വർധിച്ചുവരുന്ന അക്രമസംഭവങ്ങൾക്കൊപ്പം പ്രസ്ഥാനത്തിന് പെട്ടെന്ന് ക്ഷീണം സംഭവിച്ചു. 1922ൽ ചൗരി ചൗരയിൽ സമരക്കാരായ ജനക്കൂട്ടം 22 പോലീസുകാരെ കൊലപ്പെടുത്തി. അക്രമത്തിലേക്കുള്ള പോക്ക് ഭയന്ന്, പ്രക്ഷോഭം താൽക്കാലികമായി നിർത്തിവയ്ക്കാൻ ഗാന്ധി ജനങ്ങളോട് ആവശ്യപ്പെട്ടു. അനുതപിക്കാനും കലാപം തടയാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാനും അഞ്ച് ദിവസത്തെ ഉപവാസം നടത്തി. ഇന്ത്യയൊട്ടാകെ ഈ പ്രസ്ഥാനം നിലച്ചതോടെ നിരവധി കോൺഗ്രസ് നേതാക്കളും പ്രവർത്തകരും ഗാന്ധിജിയിൽ നിരാശരായി. അലി സഹോദരന്മാർ ഗാന്ധിയെയും കോൺഗ്രസിനെയും വിമർശിച്ചു. ആസാദിന്റെ ഉറ്റ സുഹൃത്തായ ചിത്തരഞ്ജൻ ദാസ് ഗാന്ധിയുടെ നേതൃത്വത്തിൽനിന്ന് പിരിഞ്ഞ് സ്വരാജ് പാർട്ടി സ്ഥാപിച്ചു. ഈ സാഹചര്യത്തിലും ആസാദ് ഗാന്ധിയുടെ ആദർശങ്ങളിലും നേതൃത്വത്തിലും ഉറച്ചുനിന്നു.

**വിഭജനത്തിനെതിരെ**

അഖണ്ഡഭാരതത്തിന്റെ അടി

യുറച്ച വക്താവായിരുന്ന ആസാദ് വിഭജനം ഇരുരാജ്യങ്ങളും തമ്മിലുള്ള ശാശ്വതമായ തടസ്സമായി മാറുമെന്ന് വിശ്വസിച്ചു. വിഭജനത്തിന്റെ രാഷ്ട്രീയം തന്നെ ഇരു രാജ്യങ്ങൾക്കിടയിൽ ഒരു തടസ്സമായി പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ എല്ലാ മുസ്‌ലിംകളെയും ഉൾക്കൊള്ളാൻ പാകിസ്ഥാന് സാധ്യമല്ല, അത് അവരുടെ പ്രദേശിക ശേഷിക്കപ്പുറമുള്ള ഒരു ദൗത്യമാണ് എന്നും ആസാദ് വ്യക്തമാക്കി. വിഭജനത്തിന്റെ വിഷയത്തിൽ ആസാദ് ജിന്നയുമായി കടുത്ത അഭിപ്രായ വ്യത്യാസത്തിലായിരുന്നു. ഹിന്ദു-മുസ്‌ലിം ഐക്യം നിലനിർത്താൻ ആസാദ് അക്ഷീണം പ്രവർത്തിച്ചു. 1944ൽ മുംബൈയിൽവച്ച് ഗാന്ധി ജിന്നയുമായി ചർച്ച നടത്തിയതായി അറിഞ്ഞപ്പോൾ ആസാദ് ഗാന്ധിയുടെ നടപടി പ്രതികൂലമാണെന്ന് വിമർശിക്കുകയുണ്ടായി.


**സ്വാതന്ത്ര്യാനന്തര ജീവിതം**

ഇന്ത്യയുടെ വിഭജനവും സ്വാതന്ത്ര്യവും പഞ്ചാബ്, ബീഹാർ, ബംഗാൾ, ഡൽഹി തുടങ്ങി ഇന്ത്യയുടെ പല ഭാഗങ്ങളിലും വലിയ തോതിലുള്ള അക്രമങ്ങൾ അരങ്ങേറാൻ കാരണമായി. ദശലക്ഷക്കണക്കിന് ഹിന്ദുക്കളും സിഖുകാരും പുതുതായി സൃഷ്ടിക്കപ്പെട്ട പാകിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്ക് പലായനം ചെയ്തു. ദശലക്ഷക്കണക്കിന് മുസ്‌ലിംകൾ കിഴക്കൻ ബംഗാളിൽനിന്ന് പശ്ചിമ പാകിസ്ഥാനിലേക്കും കിഴക്കൻ പാകിസ്ഥാനിലേക്കും പലായനം ചെയ്തു. അക്രമം ഏകദേശം ഒരു ദശലക്ഷം ആളുകളുടെ ജീവൻ അപഹരിച്ചുവെന്നാണ് കണക്കാക്കപ്പെടുന്നത്.

**ആസാദ് പ്രധാനമന്ത്രി നെഹ്റുവിന്റെ വിശ്വസ്തനും പിന്തുണക്കാരനും ഉപദേശകനുമായി തുടർന്നു. ദേശീയ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ-കോളേജ് നിർമാണത്തിൽ ശ്രദ്ധ നൽകി. ഇന്ത്യൻ പാർലമെന്റിന്റെ അധോസഭയിലേക്ക് 1952ലും 1957ലും ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആസാദ്, നെഹ്റുവിന്റെ സോഷ്യലിസ്റ്റ് സാമ്പത്തിക, വ്യാവസായിക നയങ്ങളെയും സാമൂഹിക അവകാശങ്ങളെയും സാമ്പത്തിക അവസരങ്ങളെയും പിന്തുണച്ചു.**

ഇന്ത്യയിലെ മുസ്‌ലിംകളുടെ സുരക്ഷയുടെ ഉത്തരവാദിത്തം ആസാദ് ഏറ്റെടുത്തു. ബംഗാൾ, ബിഹാർ, അസം, പഞ്ചാബ് എന്നിവിടങ്ങളിലെ ദുരിതബാധിത പ്രദേശങ്ങളിൽ പര്യടനം നടത്തി. അഭയാർഥി ക്യാമ്പുകൾ, ഭക്ഷണ വിതരണം, സുരക്ഷ എന്നിവയുടെ ഓർഗനൈസേഷനെ നയിച്ചു. അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തതയും നിലനിർത്താൻ പരിശ്രമിച്ചു. രാജ്യത്തുടനീളമുള്ള മുസ്‌ലിംകളെ ഇന്ത്യയിൽ തുടരാൻ പ്രോത്സാഹിപ്പിച്ച് ആസാദ് പ്രസംഗങ്ങൾ നടത്തി. തലസ്ഥാനത്ത് സമാധാനം തിരികെ കൊണ്ടുവരുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സുരക്ഷയും ദുരിതാശ്വാസ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു, എന്നാൽ സിഖുകാരനായ ഡൽഹി പോലീസ് കമ്മീഷണർ ആക്രമണങ്ങളെ അവഗണിക്കുകയും തങ്ങളുടെ സുരക്ഷയിൽ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നതായി മുസ്‌ലിംകൾ ആരോപിച്ചു

കമ്മീഷണറെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ സർദാർ വല്ലഭായ് പട്ടേലുമായി ആസാദ് തർക്കത്തിൽ ഏർപ്പെട്ടു. കമ്മീഷണർ പക്ഷപാതപരമായി പെരുമാറിയിട്ടില്ലെന്നും അദ്ദേഹത്തെ പിരിച്ചുവിട്ടാൽ അത് ഹിന്ദുക്കൾക്കും സിഖുകാർക്കും ഇടയിൽ രോഷം ഉളവാക്കുമെന്നും സിറ്റി പോലീസിനെ ഭിന്നിപ്പിക്കുമെന്നും പട്ടേൽ വാദിച്ചു. ക്യാബിനറ്റ് മീറ്റിംഗുകളിലും ഗാന്ധിയുമായുള്ള ചർച്ചകളിലും പട്ടേലും ആസാദും ഡൽഹിയിലെയും പഞ്ചാബിലെയും സുരക്ഷാപ്രശ്നങ്ങളിലും ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമുള്ള വിഭവങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടും തർക്കത്തിലായി. പാകിസ്ഥാനിലേക്ക് പോയ മുസ്‌ലിംകൾ ഒഴിവാക്കിയ വീടുകൾ അക്രമത്തിൽ കുടിയിറക്കപ്പെട്ട ഇന്ത്യയിലെ മുസ്‌ലിംകൾക്കായി മാറ്റിവെക്കാനുള്ള ആസാദിന്റെയും നെഹ്റു



വിന്റെയും നിർദേശത്തെ പട്ടേൽ എതിർത്തു. മതേതര സർക്കാരിന് ഒരു മത സമൂഹത്തിനും മുൻഗണന നൽകാനാവില്ലെന്ന് പട്ടേൽ വാദിച്ചു. അതേസമയം ഇന്ത്യയിലെ മുസ്‌ലിംകളുടെ പുനരധിവാസം നടപ്പിലാക്കാതിരിക്കുമോ എന്നതിലും മതേതരത്വത്തിന്റെ നിലനിൽപിലും ആസാദ് ഉത്കണ്ഠ പ്രകടിപ്പിച്ചു.

ആസാദ് പ്രധാനമന്ത്രി നെഹ്റുവിന്റെ വിശ്വസ്തനും പിന്തുണക്കാരനും ഉപദേശകനുമായി തുടർന്നു. ദേശീയ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ-കോളേജ് നിർമാണത്തിൽ ശ്രദ്ധ നൽകി. ഇന്ത്യൻ പാർലമെന്റിന്റെ അധോസഭയിലേക്ക് 1952ലും 1957ലും ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആസാദ്, നെഹ്റുവിന്റെ സോഷ്യലിസ്റ്റ് സാമ്പത്തിക, വ്യാവസായിക നയങ്ങളെയും സാമൂഹിക അവകാശങ്ങളെയും സാമ്പത്തിക അവസരങ്ങളെയും പിന്തുണച്ചു.

1956ൽ യുനെസ്കോയുടെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. 1959ൽ പ്രസിദ്ധീകരിച്ച ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തെയും അതിന്റെ നേതാക്കളെയും കുറിച്ചുള്ള സമഗ്രമായ വിവരണമായ 'ഇന്ത്യ വിൻസ് ഫ്രീഡം' എന്ന പുസ്തകം എഴുതുന്നതിലാണ് ആസാദ് തന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങൾ ചെലവഴിച്ചത്.

**വിദ്യാഭ്യാസ രംഗത്തെ സംഭാവനകൾ**

നെഹ്റു സർക്കാരിന്റെ കീഴിൽ സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ആസാദ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ, ആദ്യത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി) ഖരഗ്പൂർ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ചു. 1920 ഒക്ടോബറിൽ ബ്രിട്ടീഷ് കൊളോണിയൽ ഗവൺമെന്റിന്റെ സഹായം സ്വീകരിക്കാതെ തന്നെ യുപിയിലെ അലിഗഡിൽ ജാമിഅ മില്ലിയ്യ സ്ഥാപിക്കുന്നതിനുള്ള ഫൗണ്ടേഷൻ കമ്മിറ്റി അംഗമായി ആസാദ് തിരഞ്ഞെടുക്കപ്പെട്ടു. 1934ൽ അലിഗഡിൽനിന്ന് ന്യൂഡൽഹിയിലേക്ക് സർവകലാശാലയുടെ കാമ്പസ് മാറ്റുന്നതിൽ അദ്ദേഹം സഹായിച്ചു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകണമെന്നും 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം വേണമെന്നും അദ്ദേഹം ശക്തമായി വാദിച്ചു. തൊഴിൽ പരിശീലനം, മുതിർന്നവരുടെ സാക്ഷരത എന്നിവയ്ക്ക് അദ്ദേഹം ഊന്നൽ നൽകി.

**നെഹ്റു സർക്കാരിന്റെ കീഴിൽ സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ആസാദ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ, ആദ്യത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി) ഖരഗ്പൂർ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ചു. 1920 ഒക്ടോബറിൽ ബ്രിട്ടീഷ് കൊളോണിയൽ ഗവൺമെന്റിന്റെ സഹായം സ്വീകരിക്കാതെ തന്നെ യുപിയിലെ അലിഗഡിൽ ജാമിഅ മില്ലിയ്യ സ്ഥാപിക്കുന്നതിനുള്ള ഫൗണ്ടേഷൻ കമ്മിറ്റി അംഗമായി ആസാദ് തിരഞ്ഞെടുക്കപ്പെട്ടു. 1934ൽ അലിഗഡിൽനിന്ന് ന്യൂഡൽഹിയിലേക്ക് സർവകലാശാലയുടെ കാമ്പസ് മാറ്റുന്നതിൽ അദ്ദേഹം സഹായിച്ചു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകണമെന്നും 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം വേണമെന്നും അദ്ദേഹം ശക്തമായി വാദിച്ചു. തൊഴിൽ പരിശീലനം, മുതിർന്നവരുടെ സാക്ഷരത എന്നിവയ്ക്ക് അദ്ദേഹം ഊന്നൽ നൽകി.**

വിദ്യാഭ്യാസത്തിനായുള്ള ദേശീയ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം സുപ്രധാനവും ശ്രദ്ധേയവുമായ പങ്കുവഹിച്ചു. അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചു: 'ഒരു പൗരനെന്ന നിലയിലുള്ള തന്റെ കർത്തവ്യങ്ങൾ പൂർണമായി നിർവഹിക്കാൻ കഴിയാത്ത അടിസ്ഥാന വിദ്യാഭ്യാസമെങ്കിലും നേടുക എന്നത് ഓരോ വ്യക്തിയുടെയും ജന്മാവകാശമാണ്, അത് നാം ഒരു നിമിഷം പോലും മറക്കരുത്.'

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) ആസാദ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് സ്ഥാപിതമായതാണ്. അദ്ദേഹം അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റി (എഎംയു) സ്ഥാപിച്ചു. അത് ഇന്ന് ഇന്ത്യയിലെ ഏറ്റവും പ്രമുഖ സർവകലാശാലകളിലൊന്നാണ്.

ഗ്രാമീണ ദരിദ്രർക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം നൽകുന്നതിന് അദ്ദേഹം ഊന്നൽ നൽകി. സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എജ്യുക്കേഷന്റെ ചെയർമാനെന്ന നിലയിൽ, മുതിർന്നവർക്കുള്ള സാക്ഷരത, സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം, 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം, സെക്കന്ററി വിദ്യാഭ്യാസത്തിന്റെയും തൊഴിൽ പരിശീലനത്തിന്റെയും വൈവിധ്യവൽക്കരണം എന്നിവയ്ക്ക് അദ്ദേഹം ഊന്നൽ നൽകി. 1948 ജനുവരി 16ന് അഖിലേന്ത്യാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് മൗലാനാ ആസാദ് ഇക്കാര്യങ്ങൾ

1947 ഓഗസ്റ്റ് 15മുതൽ 1958 ഫെബ്രുവരി 2വരെ ഭരണരംഗത്ത് സേവനമനുഷ്ഠിച്ച മൗലാന അബുൽ കലാം ആസാദിന്റെ-സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രിയുടെ-ജന്മദിനത്തിന്റെ സ്മരണയ്ക്കായി ഇന്ത്യയിൽ എല്ലാ വർഷവും നവംബർ 11ന് ദേശീയ വിദ്യാഭ്യാസ ദിനം ആചരിച്ചുവരുന്നു. ഈ സ്വാന്ത്ര്യസമര നേതാവിന്റെ, രാജ്യസ്നേഹിയുടെ, വിദ്യാഭ്യാസ വിചക്ഷണന്റെ, മഹാപ്രതിഭയുടെ ചരിത്രം കുട്ടികൾ പഠിക്കരുത് എന്ന് വാശിയുള്ളവരുടെ ഉള്ളിലിരിപ്പ് അത്ര നിഷ്കളങ്കമല്ല എന്ന് തിരിച്ചറിയാൻ അത്ര വലിയ ബുദ്ധിയൊന്നും വേണ്ട.

ഊന്നിപ്പറഞ്ഞു,

ഡൽഹിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷൻ സ്ഥാപിക്കുന്നതിന് അദ്ദേഹം മേൽനോട്ടം വഹിച്ചു, അത് പിന്നീട് ഡൽഹി സർവകലാശാലയുടെ വിദ്യാഭ്യാസ വകുപ്പായി-രാജ്യത്തിന്റെ പുതിയ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ഗവേഷണ കേന്ദ്രമായി-മാറി. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ വികസനത്തിനും അദ്ദേഹം ഊന്നൽ നൽകി.

**മരണം**

1958 ഫെബ്രുവരി 22നാണ് മൗലാനാ അബുൽകലാം ആസാദ് അന്തരിച്ചത്. അന്ന് അദ്ദേഹത്തിന് എഴുപത് വയസ്സ് പ്രായമുണ്ടായിരുന്നു. മരിക്കുന്നതിന് മൂന്നുദിവസം മുമ്പ് പിടിപെട്ട പക്ഷാഘാതം അദ്ദേഹത്തെ ബോധരഹിതനാക്കി. ആ അബോധാവസ്ഥ തെളിയാതെ തന്നെയാണ് അദ്ദേഹം അന്തരിച്ചത്. പിറ്റേദിവസം പാർലമെന്റിൽ നെഹ്റു ചെയ്ത അനുശോചന പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു:

'മഹാന്മാർ എത്രയെങ്കിലും നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. മേലിലുണ്ടാവുകയും ചെയ്യും. എന്നാൽ മൗലാനാ ആസാദ് പ്രതിനിധീകരിച്ചിരുന്ന ആ പ്രത്യേക മഹത്ത്വം ഇനി ഇന്ത്യയിലോ മറ്റൊരിടത്തോ കാണുക പ്രയാസമായിരിക്കും. അപാരമായ ബുദ്ധിയായിരുന്നു അദ്ദേഹത്തിന്റേത്. ഏതൊരു പ്രശ്നത്തിന്റെയും കാതൽ കണ്ടുപിടിക്കാനുള്ള അത്ഭുതശക്തി അദ്ദേഹത്തിനുണ്ടായിരുന്നു.'

**രാജ്യം നൽകിയ പരിഗണനകൾ**

1992ൽ ഇന്ത്യാ ഗവൺമെന്റ് മരണാനന്തരം ഭാരതരത്ന നൽകി ആസാദിനെ ആദരിച്ചു. സമൂഹത്തിലെ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി 1989ൽ ആസാദിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ന്യൂനപക്ഷകാര്യ മന്ത്രാലയം മൗലാനാ ആസാദ് വിദ്യാഭ്യാസ ഫൗണ്ടേഷൻ സ്ഥാപിച്ചു. ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർഥികൾക്ക് എംഫിൽ പോലുള്ള ഉപരിപഠനത്തിനായി സാമ്പത്തിക സഹായത്തിന്റെ രൂപത്തിലുള്ള ഒരു സംയോജിത അഞ്ച് വർഷത്തെ ഫെലോഷിപ്പായ മൗലാനാ അബുൽ കലാം ആസാദ് നാഷണൽ ഫെലോഷിപ്പും മന്ത്രാലയം നൽകിവന്നിരുന്നു.



ഇന്ത്യയിലുടനീളമുള്ള നിരവധി സ്ഥാപനങ്ങൾക്ക് അദ്ദേഹത്തിന്റെ ബഹുമാനാർഥം നാമകരണം ചെയ്തിട്ടുണ്ട്. ന്യൂഡൽഹിയിലെ മൗലാനാ ആസാദ് മെഡിക്കൽ കോളേജ്, ഭോപ്പാലിലെ മൗലാനാ ആസാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഹൈദരാബാദിലെ മൗലാനാ ആസാദ് നാഷണൽ ഉറുദു യൂണിവേഴ്സിറ്റി, മൗലാനാ ആസാദ് സെന്റർ ഫോർ എലിമെന്ററി ആൻഡ് സോഷ്യൽ എഡ്യൂക്കേഷൻ (ഡൽഹി യൂണിവേഴ്സിറ്റി), മൗലാനാ അബുൽ കലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, മൗലാനാ അബുൽ കലാം ആസാദ് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി കൊൽക്കത്ത എന്നിവ അവയിൽ ചിലതാണ്.

1947 ഓഗസ്റ്റ് 15മുതൽ 1958 ഫെബ്രുവരി 2വരെ ഭരണരംഗത്ത് സേവനമനുഷ്ഠിച്ച മൗലാന അബുൽ കലാം ആസാദിന്റെ-സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രിയുടെ-ജന്മദിനത്തിന്റെ സ്മരണയ്ക്കായി ഇന്ത്യയിൽ എല്ലാ വർഷവും നവംബർ 11ന് ദേശീയ വിദ്യാഭ്യാസ ദിനം ആചരിച്ചുവരുന്നു.

ഈ സ്വാന്ത്ര്യസമര നേതാവിന്റെ, രാജ്യസ്നേഹിയുടെ, വിദ്യാഭ്യാസ വിചക്ഷണന്റെ, മഹാപ്രതിഭയുടെ ചരിത്രം കുട്ടികൾ പഠിക്കരുത് എന്ന് വാശിയുള്ളവരുടെ ഉള്ളിലിരിപ്പ് അത്ര നിഷ്കളങ്കമല്ല എന്ന് തിരിച്ചറിയാൻ അത്ര വലിയ ബുദ്ധിയൊന്നും വേണ്ട.



സമ്പത്തും സത്യവിശ്വാസിയും 03

# സകാത്ത്; ചില അടിസ്ഥാന കാര്യങ്ങൾ

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

താമസിക്കാനായി ഉണ്ടാക്കുന്ന വീട്, വസ്ത്രം, വീട്ടുപകരണങ്ങൾ, യാത്രക്കായി ഉപയോഗിക്കുന്ന വാഹനങ്ങൾ, ജോലിസംബന്ധമായ ഉപകരണങ്ങൾ എന്നിവയക്ക് സകാത്തില്ല. മേൽ പറയപ്പെട്ടവ കച്ചവടത്തിനായി ഒരുക്കുകയാണെങ്കിൽ കച്ചവടത്തിന് ഉദ്ദേശിച്ചതുമുതൽ ഒരു വർഷം തികയുകയാണെങ്കിൽ അതിനും സകാത്ത് നൽകേണ്ടതുണ്ട്.

അതുപോലെ വാടകക്ക് കൊടുക്കാൻ വേണ്ടിയുണ്ടാക്കുന്ന കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവയ്ക്ക് സകാത്തില്ല. എന്നാൽ അതിൽനിന്ന് ലഭിക്കുന്ന വരുമാനത്തിന് സകാത്ത് നിർബന്ധമാണ്. അത് കൈവശമുള്ള തുകയുടെ സകാത്ത് കണക്ക് കൂട്ടുമ്പോൾ അതിൽ ഉൾപ്പെടും.

**കടം**

തിരികെ ലഭിക്കുവാനുള്ള കടങ്ങൾ, സകാത്ത് കണക്ക് കൂട്ടുന്ന സമയത്ത് തിരികെ ലഭിക്കാത്തവയാണെങ്കിൽ അവ കണക്കിൽ ഉൾപ്പെടുത്തേണ്ടതില്ല. ഇനി വീട്ടുവാനുള്ള കടങ്ങൾ സകാത്ത് കണക്ക് കൂട്ടുന്നതിന് മുമ്പായി നൽകുന്നില്ലെങ്കിൽ അവ കണക്കിൽനിന്നും കിഴിക്കുകയും ചെയ്യേണ്ടതില്ല. അഥവാ സകാത്ത് കണക്ക് കൂട്ടുന്നിടത്ത്

**സകാത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിധിയാണ് അതിന്റെ അവകാശികൾ ആരാണെന്ന് മതത്തിന്റെ പ്രമാണങ്ങൾക്കനുസരിച്ച് കൃത്യമായി മനസ്സലാക്കുക എന്നത്. കാരണം സകാത്ത് അതിന്റെ അവകാശികൾക്ക് മാത്രമെ അനുവദനീയമാവുകയുള്ളൂ. അവകാശികൾക്ക് കൊടുക്കുമ്പോഴാണ് സകാത്ത് കൊടുക്കുന്നവന്റെ ഉത്തരവാദിത്തം പരിപൂർണമാവുക. അല്ലാഹു സകാത്തിന്റെ അവകാശികളായി എട്ട് വിഭാഗത്തെയാണ് എണ്ണിയിട്ടുള്ളത്.**

കടം പരിഗണിക്കേണ്ട സാഹചര്യമേ വരുന്നില്ല.

**സകാത്ത് കൊടുക്കുന്നതിന് മുമ്പ് മരിച്ചുപോയാൽ?**

സകാത്ത് നിർബന്ധമായവൻ അത് കൊടുത്തുവീട്ടുന്നതിന് മുമ്പ് മരിച്ചുപോയാൽ അവൻ വിട്ടേച്ചുപോയ സമ്പത്തിൽനിന്ന് അത് വീട്ടേണ്ടതാണ്. മരിച്ചതുകൊണ്ട് സകാത്തിൽനിന്ന് ഒഴിവാകുകയില്ല. പ്രവാചകൻ(സ്വ) പറയുന്നു: “വീട്ടാൻ ഏറ്റവും അർഹതയുള്ളത് അല്ലാഹുവിന്റെ കടമാകുന്നു” (ബുഖാരി, മുസ്‌ലിം).

മരണപ്പെട്ടവന്റെ മേലുള്ള കടമായതിനാൽ നിർബന്ധമായും അതിൽനിന്ന് മയ്യിത്തിനെ മുക്തമാക്കേണ്ടതുണ്ട്.

**സകാത്തിന്റെ അവകാശികൾ**

സകാത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിധിയാണ് അതിന്റെ അവകാശികൾ ആരാണെന്ന് മതത്തിന്റെ പ്രമാണങ്ങൾക്കനുസരിച്ച് കൃത്യമായി മനസ്സലാക്കുക എന്നത്. കാരണം സകാത്ത് അതിന്റെ അവകാശികൾക്ക് മാത്രമെ അനുവദനീയമാവുകയുള്ളൂ. അവകാശികൾക്ക് കൊടുക്കുമ്പോഴാണ് സകാത്ത് കൊടുക്കുന്നവന്റെ ഉത്തരവാദിത്തം പരിപൂർണമാവുക. അല്ലാഹു സകാത്തിന്റെ അവകാശികളായി എട്ട് വിഭാഗത്തെയാണ് എണ്ണിയിട്ടുള്ളത്. അല്ലാഹു പറയുന്നു:

“ദാനധർമങ്ങൾ (സകാത്ത് നൽകേണ്ടത്) ദരിദ്രന്മാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽനിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ് “(തൗബ: 60).

*അവർ താഴെ പറയും പ്രകാരമാകുന്നു:*

*1. ദരിദ്രർ:* സ്വന്തം ആവ ശ്യങ്ങൾ സ്വന്തമായി നിറവേറ്റാൻ കഴിയാത്തവർ, അല്ലെങ്കിൽ കുറെയൊക്കെ നിറവേറ്റാൻ സാധിക്കുമെങ്കിലും പൂർത്തീ കരിക്കാൻ കഴിയാ ത്തവരാകുന്നു അവർ. ഇവർ പാവപ്പെട്ടവരെ ക്കാളും കൂടുതൽ ആവശ്യമുള്ളവരാകുന്നു. അതുകൊണ്ട് തന്നെയാണ് അല്ലാഹു ആയത്തിൽ അവ രെ മുന്തിച്ചത്.

*2. പാവപ്പെട്ടവർ:* ഈ വിഭാഗത്തിന് സ്വന്തം ആവശ്യങ്ങൾ കുറെയൊക്കെ നിറവേറ്റാൻ കഴിയുമെങ്കിലും പരിപൂർണമായി സാധിക്കാത്തവരാണ്. ഇവർ ദരിദ്രരെക്കാളും മെച്ചപ്പെട്ടവരാണ്.

*3. സകാത്ത് ശേഖരിക്കാനും വിതരണം ചെയ്യാനും വേണ്ടി പ്രവർത്തിക്കുന്നവർ:* സകാത്ത് ശേഖരിക്കുന്നവർക്കും അത് വിതരണം ചെയ്യുന്നവർക്കും അതിനുവേണ്ടി ജോലി ചെയ്യുന്നവർക്കും സകാത്തിൽ അവകാശമുണ്ട്. അവർ ധനികരാണെങ്കിലും അവരുടെ ജോലിക്ക് സകാത്തിൽനിന്ന് ശമ്പളം പറ്റാവുന്നതാണ്. എന്നാർ ഇസ്‌ലാമിക രാജ്യം ഭരിക്കുന്ന ഭരണകർത്താക്കൾ ബൈതുൽമാലിൽനിന്ന് അവർക്ക് വേറെ ശമ്പളം നൽകുന്നുവെങ്കിൽ സകാത്തിൽനിന്ന് യാതൊന്നും സ്വീകരിക്കാൻ പാടില്ല.

*4. ഹൃദയം ഇണക്കപ്പെട്ടവർ:* ഇവർ രണ്ട് വിഭാഗമാണ്; അവിശ്വാസികളും മുസ്‌ലിംകളും.

ഇസ്‌ലാം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും മുസ്‌ലിംകൾക്ക് വരുന്ന ഉപദ്രവങ്ങൾ തടയാൻ വേണ്ടിയും സകാത്ത് വിനിയോഗിക്കാവുന്നതാണ്. മുസ്‌ലിംകളായവർക്ക് അവരുടെ വിശ്വാസം ദൃഢമാക്കാനും അവരെ ഇസ്‌ലാമിൽതന്നെ ഉറപ്പിച്ച് നിർത്താനും ഉതകുന്ന രൂപത്തിലുള്ള സഹായം അവർക്കും നൽകാവുന്നതാണ്.

*5. അടിമകൾ:* സ്വന്തം യജമാനന്മാരുമായി മുകാതബ(ഞങ്ങൾ ഇത്ര സമയത്തിനുള്ളിൽ നിശ്ചിതമായ



**സകാത്ത് നൽകുന്ന വ്യക്തി സകാത്ത് വാങ്ങാൻ അർഹനായവനുതന്നെയാണ് ഞാൻ കൊടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. കൊടുക്കുന്ന സമയത്ത് അവൻ അർഹനാണെന്ന് വേണ്ട രൂപത്തിൽ ഉറപ്പ് വരുത്താതെ അർഹനാണെന്ന് വിചാരിച്ച് കൊടുത്തു, പിന്നെയാണ് അർഹനല്ലായെന്ന് മനസ്സിലായതെങ്കിൽ ആ സകാത്ത് ശരിയാവുകയില്ല. എന്നാൽ അത് അവൻ മനസ്സിലാക്കിയില്ല എങ്കിൽ ആ സകാത്ത് ശരിയാവുന്നതുമാണ്. സകാത്ത് കൊടുക്കുന്ന വ്യക്തി ഇത് സകാത്താണ് എന്ന് പറഞ്ഞ് കൊടുക്കണം. കാരണം ഒരുപക്ഷേ, വാങ്ങാൻ അർഹനല്ലാത്തവർക്കാണ് കൊടുക്കുന്നതെങ്കിൽ അവന് കാര്യം പറയാമല്ലോ. കാരണം തനിക്ക് അർഹിക്കാത്ത ധനം ഒരാൾ കൈപ്പറ്റിയാൽ അയാൾ അതിലൂടെ ഹറാമാണ് തിന്നുന്നത്. അത് നരകപ്രവേശനത്തിന് കാരണമാവുകയും ചെയ്തേക്കാം**

സംഖ്യ തരാം, ഞങ്ങളെ മോചിപ്പിക്കണമെന്നു പറഞ്ഞ് കരാറിൽ ഏർപ്പെടുന്നവർ) എഴുതുകയും എന്നിട്ട് അത് നിറവേറ്റാൻ കഴിയാത്തവരുമായ അടിമകൾ. അവർക്ക് അത് പൂർത്തീകരിക്കുവാനാവശ്യമായത് സകാത്തിൽനിന്നും നൽകാവുന്നതാണ്. അടിമകളെ വിലയ്ക്ക് വാങ്ങി സകാത്തിൽനിന്നുള്ള വിഹിതം കൊണ്ട് അവരെ മോചിപ്പിക്കലും അനുവദനീയമാണ്. ബന്ധികളായ മുസ്‌ലിംകളെ സകാത്തിന്റെ വിഹിതം കൊണ്ട് മോചിപ്പിക്കാം.

*6. കടമുള്ളവർ:* വീട്ടാൻ കഴിയാത്ത കടമുള്ളവർ. അവർ രണ്ട് വിഭാഗം. ഒന്ന്: മറ്റുള്ളവർക്ക് വേണ്ടി കടബാധ്യത ഏറ്റെടുത്തവർ, വ്യക്തികൾക്കിടയിലോ ഗോത്രങ്ങൾക്കിടയിലോ ഉള്ള വൈരം തീർത്ത് യോജിപ്പിലെത്താനായി ഒരു വ്യക്തി സ്വയം എറ്റെടുക്കുന്ന കടം. അത് ചിലപ്പോൾ വളരെ വലിയ നന്മയായിരിക്കും അനന്തരമായി നൽകുന്നത്. ആയതിനാൽ അങ്ങനെ യോജിപ്പിനുവേണ്ടി സ്വയം ഏറ്റെടുത്ത കടം വീട്ടാൻ കഴിയാത്തവരെയും സകാത്തിന്റെ വിഹിതം നൽകി സഹായിക്കാവുന്നതാണ്.

രണ്ട്: സ്വന്തം കടമുള്ളവർ: സ്വന്തത്തിന് വേണ്ടി കടം വാങ്ങിയിട്ട് അത് വീട്ടാൻ സാധിക്കാത്തവർക്കും സകാത്ത് നൽകാവുന്നതാണ്.

*7. അല്ലാഹുവിന്റെ മാർഗത്തിൽ:* ശമ്പളക്കാരല്ലാതെ അല്ലാഹുവിന്റെ മാർഗത്തിൽ നിലകൊള്ളുന്ന സൈനികർക്ക് സകാത്തിൽ നിന്ന് നൽകാം.

*8. വഴിയാത്രക്കാർ:* വിഭവങ്ങൾ നഷ്ടമായവരോ തീർന്നവരോ ആയ വഴി യാത്രക്കാർക്ക് അവരുടെ ദേശങ്ങളിലേക്കെത്താനാവശ്യമായത് സകാത്തിൽനിന്ന് നൽകാവുന്നതാണ്.

ശ്രദ്ധിക്കുക: വഴിയാത്രക്കാർ, കടമുള്ളവർ, അടിമകൾ, യുദ്ധം ചെയ്യുന്നവർ എന്നിവർ അവരുടെ ആവശ്യം കഴിഞ്ഞ് മിച്ചം വരികയാണെങ്കിൽ അത് തിരികെ നൽകൽ നിർബന്ധമാകുന്നു. കാരണം അവർക്ക് ആവശ്യത്തിന് മാത്രമെ നൽകാവൂ, കൈവശപ്പെടുത്തുവാൻ പാടില്ല.

മേൽ വിവരിക്കാത്തവർക്ക് സകാത്തിന്റെ വിഹിതം നൽകുന്നതിന്റെ വിധി:

ആയത്തിൽ പരാമർശിക്കാത്തവർക്ക് സകാത്തിന്റെ വിഹിതം നൽകാൻ പാടില്ല. അത് പള്ളി, വിദ്യാഭ്യാസ സ്ഥാപനം, ആശുപത്രി നിർമാണം, ക്വുർആൻ വിതരണം, മയ്യിത്ത് മറമാടൽ പോലെയുള്ള നന്മയുടെയും പുണ്യത്തിന്റെ മാർഗത്തിലാണെങ്കിൽ പോലും. എന്നാൽ സ്വദഖകൾ ഇങ്ങനെയുള്ള കാര്യങ്ങൾക്കും താൻ ഇഷ്ടപ്പെടുന്നവർക്കും നൽകാവുന്നതാണ്.

മഹാനായ പണ്ഡിതൻ ഇബ്നുതൈമിയ്യ(റഹ്) പറയുന്നു: "സകാത്ത് കൊടുക്കേണ്ടത് അല്ലാഹുവിനെ അനുസരിക്കുന്നവർക്കാണ്. അല്ലാത്തവർക്ക് കൊടുക്കൽ അനിവാര്യമല്ല. കാരണം അല്ലാഹുവിനെ അനുസരിക്കുന്ന സത്യവിശ്വാസികൾക്ക് സഹായകമായിട്ടാണ് സകാത്ത് നിർബന്ധമാക്കിയിട്ടുള്ളത്. നമസ്കരിക്കാത്ത ആവശ്യക്കാർക്ക്, അവർ പശ്ചാത്തപിച്ച് നമസ്കരാം നിലനിർത്തുന്നതുവരെ സകാത്ത് നൽകാൻ പാടില്ല."

ചെലവിന് കൊടുക്കൽ ബാധ്യതയില്ലാത്ത, ആവശ്യക്കാരായ ബന്ധുക്കൾക്ക് സകാത്ത് കൊടുക്കൽ സുന്നത്താകുന്നു. അടുത്ത ബന്ധുക്കൾക്ക് കൊടുക്കുന്ന സ്വദഖകൾ കുടുംബബന്ധം ചേർക്കൽ കൂടിയാണ്.

സൽമാനുബ്നു ആമിർ(റ) നിവേദനം, അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "സാധുവിന് നൽകുന്ന ദാനധർമം സ്വദഖയാണ്, അത് ബന്ധുക്കൾക്ക് നൽകുമ്പോൾ സ്വദഖയും കുടുംബബന്ധം ചേർക്കലുമാണ്. (അഹ്മദ്, തിർമദി, നസാഇ, ഇബ്നുമാജ, ദാരിമി).

ധനികനായ ഭർത്താവിന് കീഴിൽ കഴിയുന്ന ദരിദ്രയായ സ്ത്രീക്ക് സകാത്ത് കൊടുക്കൽ അനുവദനീയമല്ല. അത്പോലെ ധനികനായ ബന്ധു സഹായിക്കുന്ന ദരിദ്രനും അനുവദനീയമല്ല.

ചെലവിന് കൊടുക്കൽ നിർബന്ധമുള്ള ഭാര്യ, മക്കൾ, മാതാപിതാക്കൾ പോലെയുള്ള കുടുംബക്കാർക്കും സകാത്ത് കൊടുക്കാവുന്നതല്ല. കാരണം ഇവർ തന്റെ സമ്പത്തിൽ സംരക്ഷിക്കപ്പെടേണ്ടവരാണ്. അതുപോലെ ധനികനും അധ്വാനിച്ച് സമ്പാദിക്കാൻ കഴിവുള്ളവനും സകാത്ത് നൽകാവതല്ല.

ഉബൈദുല്ലാഹ് ഇബ്നു അദിയ്യ് ഇബ്നുൽ ഖിയാർ(റ) നിവേദനം:

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ധനികനും അധ്വാനിച്ച് സമ്പാദിക്കാൻ കഴിവുള്ളവനും അതിൽ(സകാത്തി) ഓഹരിയില്ല" (അബൂദാവൂദ്, നസാഇ, അഹ്മദ്. അൽബാനി സ്വഹീഹാണെന്ന് വിശേഷിപ്പിച്ച ഹദീസ്).

ഒരു വർഷത്തെ സകാത്ത് മുഴുവനും നേരത്തെ വിവരിച്ച എട്ടിൽ ഒരു വിഭാഗം ആളുകൾക്ക് മാത്രം വിതരണം ചെയ്യുന്നത് അനുവദനീയമാണ്. അതുപോലെ അർഹനായ ഒരു വ്യക്തിക്ക് മാത്രം കൊടുക്കലും അനുവദനീയം തന്നെ.

സകാത്ത് നൽകുന്ന വ്യക്തി സകാത്ത് വാങ്ങാൻ അർഹനായ വന്നുതന്നെയാണ് ഞാൻ കൊടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. കൊടുക്കുന്ന സമയത്ത് അവൻ അർഹനാണെന്ന് വേണ്ട രൂപത്തിൽ ഉറപ്പ് വരുത്താതെ അർഹനാണെന്ന് വിചാരിച്ച് കൊടുത്തു, പിന്നെയാണ് അർഹനല്ലായെന്ന് മനസ്സിലായതെങ്കിൽ ആ സകാത്ത് ശരിയാവുകയില്ല. എന്നാൽ അത് അവൻ മനസ്സിലാക്കിയില്ല എങ്കിൽ ആ സകാത്ത് ശരിയാവുന്നതുമാണ്. സകാത്ത് കൊടുക്കുന്ന വ്യക്തി ഇത് സകാത്താണ് എന്ന് പറഞ്ഞ് കൊടുക്കണം. കാരണം ഒരുപക്ഷേ, വാങ്ങാൻ അർഹനല്ലാത്തവർക്കാണ് കൊടുക്കുന്നതെങ്കിൽ അവന് കാര്യം പറയാമല്ലോ. കാരണം തനിക്ക് അർഹിക്കാത്ത ധനം ഒരാൾ കൈപ്പറ്റിയാൽ അയാൾ അതിലൂടെ ഹറാമാണ് തിന്നുന്നത്. അത് നരകപ്രവേശനത്തിന് കാരണമാവുകയും ചെയ്തേക്കാം. സകാത്ത് സ്വീകരിക്കുന്നയാൾ അതിന് അർഹനല്ലായെങ്കിൽ ഞാൻ സകാത്തിനർഹനല്ലായെന്ന് പറയൽ നിർബന്ധമാണ്.

**സകാത്ത് നൽകൽ**

സകാത്ത് നിർബന്ധമായ സമയത്തെ തൊട്ട് മുന്തിപ്പിക്കലും പിന്തിപ്പിക്കലും:

മുന്തിപ്പിക്കൽ: ഒരു വർഷത്തെയോ രണ്ട് വർഷത്തെയോ സകാത്ത് അതിന്റെ നിസ്വാബ് എത്തിയാൽ മുന്തിപ്പിക്കൽ അനുവദനീയമാകുന്നു. "അബ്ബാസി(റ)ൽനിന്ന് രണ്ട് വർഷത്തെ സകാത്ത് മുന്തിപ്പിക്കുകയുണ്ടായി" (അബൂദാവൂദ്, അഹ്മദ്).

പിന്തിപ്പിക്കൽ: സകാത്ത് കൊടുക്കുവാനുള്ള സമയമായാൽ അത് പിന്തിപ്പിക്കാൻ പാടില്ല. എന്നാൽ നൽകപ്പെടേണ്ട വ്യക്തികളെ കണ്ടെത്താനോ, അല്ലെങ്കിൽ സമ്പത്ത് ലഭിക്കുവാനുള്ള ചെറിയ താമസമോ വിഷയമല്ല. ഒരു നാട്ടിൽ സകാത്ത് വാങ്ങാൻ ആളുകളില്ലെങ്കിൽ അവിടുത്തെ സകാത്ത് അടുത്ത നാടുകളിലേക്ക് വിതരണം ചെയ്യാവുന്നതാണ്.

ശ്രദ്ധിക്കുക:സകാത്ത് നൽകുന്നവന്ന് സകാത്താണ് നൽകുന്നതെന്ന നിയ്യത്ത് (ഉദ്ദേശ്യം) അനിവാര്യമാണ്. പ്രവാചകൻ (സ്വ) പറയുന്നു: "കർമങ്ങളെല്ലാം ഉദ്ദേശത്തിനനുസരിച്ചാകുന്നു..." (ബുകാരി, മുസ്ലിം).

മുതലിന്റെ ഉടമ തന്നെ സകാത്ത് നൽകൽ നല്ലതാണ്. എന്നാൽ മഹല്ലിൽ കൂട്ടമായി നൽകുവാനുള്ള സംവിധാനം ഉണ്ടെങ്കിൽ അവരെ ഏൽപിക്കാവുന്നതാണ്. അതുപോലെ മുസ്ലിംകളുടെ ഇമാമോ നേതാവോ ആവശ്യപ്പെടുകയാണെങ്കിൽ അദ്ദേഹത്തിനോ, അതല്ലെങ്കിൽ അദ്ദേഹം ഏൽപിക്കുന്ന മറ്റു ഉദ്യോഗസ്ഥർക്കോ നൽകൽ അനിവാര്യമാണ്.

**കച്ചവടവസ്തുവും ഒരു ധന മാണ്. ഹദീസിൽ പ്രതിപാദിക്കപ്പെട്ട ധനത്തിൽ നിന്നും അവ ഒഴിവാണ് എന്നതിന് തെളിവില്ല. സകാത്ത് ബാധകമാകുന്ന ഇനങ്ങളിൽ വെച്ച് ഏറ്റവും വ്യാപ്തിയുള്ള ഒന്നാണ് കച്ചവട വസ്തുക്കൾ. കാരണം സാധാരണ നിലയ്ക്ക് സകാത്ത് ബാധകമാകാത്ത ഒരു വസ്തു പോലും കച്ചവട വസ്തുവായിത്തീരുമ്പോൾ അതിന് സകാത്ത് ബാധകമായിത്തീരുന്നു.**

സകാത്ത് നൽകേണ്ടത് വളരെ സംതൃപ്തമായ മനസ്സോടെയാണ്. അത് നഷ്ടപ്പെട്ടുവെന്ന് വിചാരിക്കേണ്ടതില്ല. അല്ലാഹു അങ്ങനെയുള്ളവരെയാണ് പുകഴ്ത്തി പറഞ്ഞിട്ടുള്ളത്. വെറുക്കുന്ന മനസ്സോടെ, നഷ്ടബോധത്തോടെ നൽകുന്നവർക്ക് അതിന്റെ പ്രതിഫലം ലഭിക്കുകയില്ല. അവരെ അല്ലാഹു ആക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:

"തങ്ങൾ (ദാനമായി) ചെലവഴിക്കുന്നത് ഒരു ധനനഷ്ടമായി ഗണിക്കുകയും നിങ്ങൾക്ക് കാലക്കേടുകൾ വരുന്നത് കാത്തിരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം അഅ്റാബികളുടെ കൂട്ടത്തിലുണ്ട്. അവരുടെ മേൽ തന്നെയായിരിക്കട്ടെ ഹീനമായ കാലക്കേട്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, തങ്ങൾ ചെലവഴിക്കുന്നതിനെ അല്ലാഹുവിങ്കൽ സാമീപ്യത്തിനുതകുന്ന പുണ്യകർമങ്ങളും റസൂലിന്റെ പ്രാർഥനയ്ക്കുള്ള മാർഗവും ആക്കിത്തീർക്കുകയും ചെയ്യുന്ന ചിലരും അഅ്റാബികളുടെ കൂട്ടത്തിലുണ്ട്. ശ്രദ്ധിക്കുക: തീർച്ചയായും അതവർക്ക് ദൈവസാമീപ്യം നൽകുന്നതാണ്. അല്ലാഹു അവരെ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (തൗബ: 98,99).

സാധാരണ സകാത്ത് വാങ്ങുന്നയാൾക്കാണ് സകാത്ത് നൽകുന്നതെങ്കിൽ ഇത് സകാത്താണ് എന്ന് പറയേണ്ടതില്ല. ചിലപ്പോഴദ്ദേഹത്തിനത് ബുദ്ധിമുട്ടായിരിക്കും. എന്നാൽ സാധാരണ കൊടുക്കാത്തയാളാണെങ്കിൽ അവനോടത്




പറയാവുന്നതാണ്.

ഏതൊരു നാട്ടിൽനിന്നാണോ സകാത്ത് ശേഖരിക്കുന്നത് ആ നാട്ടിൽ തന്നെ ആ സകാത്ത് വിതരണം നടത്തലാണ് ഏറ്റവും ഉത്തമം. ഇനി ആ നാട്ടിൽ വാങ്ങുവാനാളില്ലെങ്കിലോ, കൂടുതൽ അർഹരായ ആളുകൾ മറ്റിടങ്ങളിൽ ഉണ്ടങ്കിലോ അവിടേക്ക് അയക്കുന്നതിലും തെറ്റില്ല അതുപോലെ മതപരമായ കാരണ ങ്ങളുണ്ടെങ്കിലും സകാത്ത് അടുത്ത രാജ്യങ്ങളിലേക്ക് നീക്കാവുന്നതാണ്.

ഇസ്‌ലാമിക രാജ്യം ഭരിക്കുന്ന ഭരണകർത്താവിന്റെ ചുമതലയിൽ പെട്ടതാണ് സകാത്തിന്റെ സമയമായാൽ അത് ഉണർത്തുവാനും പിരിച്ചെടുക്കുവാനും വേണ്ടി ആളെ ചുമതലപ്പെടുത്തൽ. കാരണം ചിലയാളുകൾ അത് പിരിച്ചെടുക്കുന്നവർ വന്നില്ലെങ്കിൽ കൊടുക്കുകയില്ല. അതുപോലെ ചുരുക്കം ചിലർക്കെങ്കിലും അതിന്റെ വിധിയെ സംബന്ധിച്ചും മറ്റും അജ്ഞതയിലാരിക്കും. അതുകൊണ്ട് തന്നെ അതൊക്കെ ഉണർത്താവുന്ന രൂപത്തിൽ ഒരാളെ നിയോഗിക്കുന്നത് വളരെ നല്ലതും ജനങ്ങൾക്ക് അത് സഹായകവുമായിരിക്കും. ഇസ്‌ലാമിക ഭരണകൂടമില്ലാത്തിടങ്ങളിൽ മുസ്‌ലിംകളുടെ പൊതുസംവിധാനമാണ് ഈ ചുമതല നിർവഹിക്കേണ്ടത്.

**സകാത്ത് സെൽ**

ഇസ്‌ലാമിക ഭരണകൂടമില്ലാത്ത രാജ്യങ്ങളിൽ സകാത്ത് ശേഖരിക്കാനും വിതരണം ചെയ്യാനും സകാത്തുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിയമങ്ങൾ കൃത്യമായി പ്രമാണബന്ധമായി പഠിച്ച പണ്ഡിതരുടെ നേതൃത്വത്തിൽ പൊതുസംവിധാനം ഉണ്ടാക്കാവുന്നതാണ്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് വിശ്വാസികളെ സകാത്തിന്റെ ഗൗരവവും അതിന്റെ പ്രാധാന്യവും അത് ഒരു വിശ്വാസിയുടെ ഇസ്‌ലാം പൂർണമാവുന്ന അർകാനുൽ ഇസ്‌ലാമിൽ പെട്ടതാണെന്നും ബോധ്യപ്പെടുത്തണം. വിശ്വാസികളിൽനിന്ന് സകാത്ത് സ്വീകരിക്കുകയും, ക്വുർആൻ പഠിപ്പിച്ച എട്ട് വിഭാഗം ആളുകൾക്ക് അത് വിതരണം ചെയ്യുകയും ചെയ്യുകയെന്നത് ഈ സംവിധാനത്തിലെ ഉത്തരവാദിത്തമുള്ളവരുടെ ബാധ്യതയാണ്.

സകാത്ത് വാങ്ങാൻ അർഹരായവരെ കണ്ടെത്തലും അവരെപ്പറ്റി കൃത്യമായി അന്വേഷിക്കലും, അവർക്ക് കൃത്യമായ രൂപത്തിൽ വിതരണം ചെയ്യലും ഈ സംവിധാനത്തിന്റെ നിർബന്ധ ബാധ്യതയാണ്. ഇതിൽ ഒരുതരത്തിലും വീഴ്ച വരുത്താൻ പാടില്ല. ഒരാൾ സകാത്ത് വേണ്ടപ്പെട്ട സംവിധാനത്തിന് കൈമാറുന്നത് അയാൾക്ക് സകാത്ത് നിർബന്ധമായതിന് ശേഷമാണ്. അതുകൊണ്ട് തന്നെ ഇങ്ങനെയുള്ള സംവിധാനത്തിലെ ഉത്തരവാദിത്തമുള്ളവർ സകാത്ത് ദാതാവിൽനിന്ന് സകാത്ത് സ്വീകരിച്ച് അധിക സമയം കൈവശം വെക്കാതെ അതിന്റെ അവകാശികളെ കണ്ടെത്തി വിതരണം നടത്തണം. അവകാശികളെ കണ്ടെത്താനുള്ള സമയംമാത്രമെ കൈവശം വെക്കാവൂ എന്നത് ഇങ്ങനെയുള്ള സംവിധാനത്തിന്റെ ഉത്തരവാദിത്തമുള്ളവർ മനസ്സിലാക്കണം.

**ഇസ്‌ലാമിക ഭരണകൂടമില്ലാത്ത രാജ്യങ്ങളിൽ സകാത്ത് ശേഖരിക്കാനും വിതരണം ചെയ്യാനും സകാത്തുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിയമങ്ങൾ കൃത്യമായി പ്രമാണബന്ധമായി പഠിച്ച പണ്ഡിതരുടെ നേതൃത്വത്തിൽ പൊതുസംവിധാനം ഉണ്ടാക്കാവുന്നതാണ്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് വിശ്വാസികളെ സകാത്തിന്റെ ഗൗരവവും അതിന്റെ പ്രാധാന്യവും അത് ഒരു വിശ്വാസിയുടെ ഇസ്‌ലാം പൂർണമാവുന്ന അർകാനുൽ ഇസ്‌ലാമിൽ പെട്ടതാണെന്നും ബോധ്യപ്പെടുത്തണം. വിശ്വാസികളിൽനിന്ന് സകാത്ത് സ്വീകരിക്കുകയും, ക്വുർആൻ പഠിപ്പിച്ച എട്ട് വിഭാഗം ആളുകൾക്ക് അത് വിതരണം ചെയ്യുകയും ചെയ്യുകയെന്നത് ഈ സംവിധാനത്തിലെ ഉത്തരവാദിത്തമുള്ളവരുടെ ബാധ്യതയാണ്.**




# റമദാനിലൂടെ നേടിയെടുത്ത ആത്മചൈതന്യം നിലനിർത്തുക

സ്വലാഹുദ്ദീൻ ഹികമി

പുണ്യങ്ങളുടെ പൂക്കാലമായ പരിശുദ്ധ റമദാനിന്റെ കർമനിരതമായ രാപ്പകലുകൾ നമ്മിൽനിന്ന് വിട പറഞ്ഞിരിക്കുകയാണ്. വിശപ്പും ദാഹവും സഹിച്ച് പകൽ മുഴുവൻ നോമ്പുനോറ്റു. രാപ്പകലുകളെ നമസ്കാരങ്ങൾകൊണ്ടും ക്വുർആൻ പാരായണം കൊണ്ടും സജീവമാക്കി. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ച് നാം ചെയ്തുകൂട്ടിയ പ്രവർത്തനങ്ങൾ അല്ലാഹു സ്വീകരിച്ചുവോ എന്ന് നമുക്കാർക്കും അറിയില്ല. സ്വീകാര്യയോഗ്യമായ നിലയിൽ നാം അതെല്ലാം ചെയ്തിരുന്നോ എന്ന് വിചിന്തനം നടത്തേണ്ട വേളയാണിത്. കാരണം ജീവിത യാത്രയ്ക്കിടയിൽ ചെയ്ത പാപങ്ങൾ റമദാൻ കൊണ്ട് പൊറുക്കപ്പെട്ടില്ലെങ്കിൽ, ചെയ്ത സൽകർമങ്ങൾ സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ നാം തീരാനഷ്ടത്തിലാണ് പതിക്കുക. അല്ലാഹുവിന്റെ റസൂൽ(സ്വ) ഒരിക്കൽ മദീന പള്ളിയിലെ മിമ്പറിൽ നിന്ന് നൽകിയ താക്കീത് കാണുക: “റമദാൻ തന്റെ ജീവിതത്തിലേക്ക് കടന്നു വന്നിട്ടും പാപം പൊറുക്കപ്പെടാത്തവൻ മൂക്ക് കുത്തി വീഴട്ടെ...”(തിർമിദി). (അവന് നാശമെന്നർഥം).

പരിശുദ്ധ റമദാനിൽ ചെയ്ത പ്രവർത്തനങ്ങൾ മുൻനിർത്തി ഒരു ആത്മ വിചാരണ ചെയ്യുന്നത് നമ്മുടെ കർമങ്ങളുടെ അവസ്ഥ വ്യക്തമാവാൻ സഹായകമാണ്. എങ്കിലേ വന്നുപോയ സ്ഖലിതങ്ങൾ തിരുത്തി നന്മയുടെ പാതയിൽ മുന്നേറാൻ നമുക്ക് സാധിക്കുകയുള്ളൂ. പ്രയാസവും ക്ഷീണവും സഹിച്ച് നാം നേടിയെടുത്ത ചൈതന്യം നിലനിർത്തേണ്ടതുണ്ട്. പതിനൊന്ന് മാസത്തേക്കുള്ള, ഒരു മാസം നീളുന്ന പരിശീലനക്കളരിയാണ് യഥാർഥത്തിൽ റമദാൻ. ജീവിതയാത്രയിലെ വ്യത്യസ്ത സന്ദർഭങ്ങളിൽ ഇസ്‌ലാമിക അധ്യാപനങ്ങൾ എങ്ങനെയാണ് നിലനിർത്തേണ്ടത് എന്ന് റമദാൻ പഠിപ്പിക്കുന്നുണ്ട്. അതിനാൽതന്നെ പുതിയ ജീവിതത്തിന് തുടക്കമിടുകയാണ് പെരുന്നാൾ സുദിനത്തിലൂടെ നാം ചെയ്യുന്നത്.

എന്നാൽ ഇന്ന് നമ്മുടെ സമൂഹത്തിലെ പെരുന്നാൾ ആഘോഷങ്ങളുടെ അവസ്ഥ പരിതാപകരമാണ്. മുപ്പത് ദിനങ്ങൾകൊണ്ട് നേടിയെടുത്ത ആത്മീയചൈതന്യം മണിക്കൂറുകൾകൊണ്ട് തകർന്നുതരിപ്പണമാകുന്ന തരത്തിലാണ് ന്യൂജൻ പെരുന്നാൾ ആഘോഷം. പെരുന്നാളിന് റിലീസ് ചെയ്യുന്ന ചലച്ചിത്രങ്ങൾ കാണാൻ തിയേറ്ററുകൾക്ക് മുന്നിൽ ക്യൂ നിൽക്കുന്ന മുസ്‌ലിം ചെറുപ്പക്കാരിൽനിന്ന് തുടങ്ങി ആഘോഷത്തിമർപ്പിനിടയിൽ നമസ്‌കാരങ്ങൾ നഷ്ടപ്പെടുത്തുന്ന ദമ്പതികൾവരെ ഇന്നത്തെ കാഴ്ചയാണ്.

അല്ലാഹു പറയുന്നത് കാണുക: "ഉറപ്പോടെ നൂൽ നൂറ്റശേഷം തന്റെ നൂൽ പലയിഴകളാക്കി പിരിയുടച്ച് കളഞ്ഞ ഒരു സ്ത്രീയെ പോലെ നിങ്ങളാകരുത്..." (ക്വുർആൻ 16:92).

ഇസ്‌ലാമിക ജീവിതം പ്രത്യേക സീസണിൽ മാത്രമുള്ളതല്ല, മറിച്ച് എല്ലാകാലവും നിലനിർത്തേണ്ടതാണ്. വിശുദ്ധ റമദാനിൽ നാം നമസ്‌കാരം, നോമ്പ്, ക്വുർആൻ പാരായണം, ദാനധർമം തുടങ്ങി എത്രയെത്ര പുണ്യകർമങ്ങൾ ചെയ്തു! അതെല്ലാം തുടർന്നുള്ള ജീവിതത്തിലും നിലനിർത്തേണ്ടതുണ്ട്. പ്രവാചകൻ(സ്വ) പഠിപ്പിക്കുന്നത് കാണുക: ആഇശ(റ)യിൽനിന്ന് നിവേദനം; റസൂൽ (സ്വ)പറഞ്ഞു: "അല്ലാഹുവിന് പ്രവർത്തനങ്ങളിൽവെച്ച് ഏറ്റവും ഇഷ്ടമായത് പതിവാക്കുന്നവയാണ്. അതെത്ര കുറഞ്ഞാലും ശരി" (ബുഖാരി).

അതിനാൽ റമദാനിൽ നാം ചെയ്ത പ്രവർത്തനങ്ങൾ സാധിക്കുന്നത്ര പതിവാക്കണം. അവയൊന്നും ശവ്വാൽ പിറവിയോടെ വിരാമമിടേണ്ടതല്ല. ഐച്ഛിക കർമങ്ങൾ ജീവിതത്തിൽ പതിവാക്കേണ്ടതുണ്ട്. ഒരിക്കൽ പ്രവാചകപുത്രി ഫാത്വിമ(റ) ഒരു ഭൃത്യനെ ആവശ്യപ്പെട്ട് നബി(സ്വ)യെ സമീപിച്ചു. അപ്പോൾ വീട്ടിൽ അവിടുന്ന് ഉണ്ടായിരുന്നില്ല. അവർ തിരിച്ചുപോയി. അന്ന് രാത്രി റസൂൽ(സ്വ) ഫാത്വിമ(റ)യെയും അലി(റ)യെയും സന്ദർശിച്ചു. ശേഷം അവരോട് പറഞ്ഞു: 'ഒരു ഭൃത്യനെ ലഭിക്കുന്നതിനെക്കാൾ ഉത്തമമായ കാര്യത്തെപ്പറ്റി ഞാൻ നിങ്ങളെ അറിയിക്കട്ടെ? ഉറങ്ങാൻ കിടക്കുമ്പോൾ 33 തവണ സുബ്ഹാനല്ലാഹ്, 33 തവണ അൽഹംദുലില്ലാഹ്, 34 തവണ അല്ലാഹു അക്ബർ എന്നിവ ചൊല്ലുക.' ശേഷം അലി(റ) പറയുകയാണ്: 'ഞാൻ അതിന് ശേഷം ഒരു രാത്രിയിൽ പോലും ഇത് ചൊല്ലാതെ ഉറങ്ങിയിട്ടില്ല.' അപ്പോൾ സദസ്സിൽ നിന്ന് ഒരു വ്യക്തി ചോദിച്ചു: 'സ്വിഫ്ഫീൻ യുദ്ധ ദിവസമോ?' അദ്ദേഹം പറഞ്ഞു: 'സ്വിഫ്ഫീൻ രാത്രിയിൽ പോലും (ചൊല്ലി)' (ബുഖാരി).

ഇത്തരത്തിലായിരിക്കണം നമ്മുടെ പ്രവർത്തനങ്ങളും. ജീവിതാന്ത്യംവരെ ആരാധനാകർമങ്ങളിൽ മുഴുകിയാവണം നമ്മുടെ ജീവിതം. അല്ലാഹു പറയുന്നു: "ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നതുവരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (ക്വുർആൻ 15/99). ■

**പ്രയാസവും ക്ഷീണവും സഹിച്ച് നാം നേടിയെടുത്ത ചൈതന്യം നിലനിർത്തേണ്ടതുണ്ട്. പതിനൊന്ന് മാസത്തേക്കുള്ള, ഒരു മാസം നീളുന്ന പരിശീലനക്കളരിയാണ് യഥാർഥത്തിൽ റമദാൻ. ജീവിതയാത്രയിലെ വ്യത്യസ്ത സന്ദർഭങ്ങളിൽ ഇസ്‌ലാമിക അധ്യാപനങ്ങൾ എങ്ങനെയാണ് നിലനിർത്തേണ്ടത് എന്ന് റമദാൻ പഠിപ്പിക്കുന്നുണ്ട്. അതിനാൽതന്നെ പുതിയ ജീവിതത്തിന് തുടക്കമിടുകയാണ് പെരുന്നാൾ സുദിനത്തിലൂടെ നാം ചെയ്യുന്നത്.**



അല്ലാഹുവിന്റെ കൽപനപ്രകാരം സത്യവിശ്വാസികൾ ഒരു മാസത്തെ വ്രതാനുഷ്ഠാനം പൂർത്തിയാക്കിക്കഴിഞ്ഞു. അല്ലാഹുവിന്റെ പ്രീതി നേടിയെടുക്കലാണ് നോറ്റുകഴിഞ്ഞ നോമ്പുകൾകൊണ്ടും മറ്റു ആരാധനാകർമങ്ങൾകൊണ്ടും നമ്മുടെ ലക്ഷ്യം.

റമദാനിലെ നോമ്പിനെ തുടർന്ന് ശവ്വാൽ മാസത്തിൽ 6 നോമ്പ് അനുഷ്ഠിക്കൽ പ്രവാചകചര്യയിൽ പെട്ടതാണ്. അതിന് മഹത്തായ പ്രതിഫലം ലഭിക്കു



# ശവ്വാലും ആറുനോമ്പും

**സിയാദ് അൽഹികമി**

> **'റമദാൻ മാസത്തിലെ നോമ്പും തുടർന്ന് ആറ് നോമ്പും' എന്നിങ്ങനെ രണ്ടും ഒരുമിച്ച് പറഞ്ഞതിനാൽ ഒരു വർഷം നോമ്പ് നോറ്റ പ്രതിഫലം എന്നത് ഫർദായ നോമ്പ് നോറ്റതിന്റെ അതേ പ്രതിഫലമാണ് എന്നതാണ് പണ്ഡിതമാരുടെ പ്രബലമായ അഭിപ്രായം. സുന്നത്തായ ആറു നോമ്പ് നോൽക്കുന്നതിലൂടെ നമ്മുടെ നിർബന്ധ നോമ്പുകളിൽ വല്ല വീഴ്ചയും കുറവും വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കപ്പെടുക കൂടി ചെയ്യുന്നു.**

മെന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്.

അബൂഅയ്യൂബിൽ അൻസ്വാരി(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ആരെങ്കിലും റമദാൻ മാസത്തിൽ നോമ്പ് നോൽക്കുകയും തുടർന്ന് ശവ്വാലിൽനിന്ന് ആറ് നോമ്പു നോൽക്കുകയും ചെയ്യുവോ, അവൻ വർഷം മുഴുവൻ നോമ്പ് നോറ്റതുപോലെയാണ്" (സ്വഹീഹ് മുസ്‌ലിം). മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: "അല്ലാഹു ഒരു നന്മക്ക് പത്തിരട്ടി പ്രതിഫലം നിശ്ചയിച്ചിരിക്കുന്നു. ഒരു മാസം പത്ത് മാസത്തിന് തുല്യമാണ്. ആറ് നോമ്പ് രണ്ട് മാസത്തിന് തുല്യമാണ്. അങ്ങനെ ഒരു വർഷം (നോമ്പ് നോറ്റതുപോലെ) ആയിത്തീരുന്നു" (നസാഈ, ഇബ്നുമാജ).

'റമദാൻ മാസത്തിലെ നോമ്പും തുടർന്ന് ആറ് നോമ്പും' എന്നിങ്ങനെ രണ്ടും ഒരുമിച്ച് പറഞ്ഞതിനാൽ ഒരു വർഷം നോമ്പ് നോറ്റ പ്രതിഫലം എന്നത് ഫർദായ നോമ്പ് നോറ്റതിന്റെ അതേ പ്രതിഫലമാണ് എന്നതാണ് പണ്ഡിതമാരുടെ പ്രബലമായ അഭിപ്രായം.

സുന്നത്തായ ആറു നോമ്പ് നോൽക്കുന്നതിലൂടെ നമ്മുടെ നിർബന്ധ നോമ്പുകളിൽ വല്ല വീഴ്ചയും കുറവും വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കപ്പെടുക കൂടി ചെയ്യുന്നു.

അബൂദാവൂദ് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം: "നിശ്ചയം, അല്ലാഹു അന്ത്യനാളിൽ ആദ്യമായി അടിമകളുടെ കർമങ്ങളിൽനിന്നും പരിശോധിക്കുന്നത് നമസ്കാരമാണ്. അപ്പോൾ അല്ലാഹു മലക്കുകളോട് പറയും: 'എന്റെ അടിമയുടെ നമസ്കാരത്തിലേക്ക് നോക്കുക; അത് പരിപൂർണമാണോ അതോ വല്ല കുറവുകളും ഉണ്ടോ?' നമസ്കാരം പരിപൂർണമായി അടിമ നിർവഹിച്ചിട്ടുണ്ട് എങ്കിൽ പരിപൂർണമാണ് എന്ന് രേഖപ്പെടുത്തപ്പെടും. ഇനി വല്ല കുറവുകളും ഉണ്ടെങ്കിൽ അല്ലാഹു പറയും: 'എന്റെ അടിമക്ക് വല്ല ഐഛികമായ സൽകർമങ്ങളും ഉണ്ടോ? ഉണ്ടെങ്കിൽ ഫർദിൽനിന്നുള്ള കുറവുകൾ അതുമൂലം പരിഹരിച്ചു കൊടുക്കുക." അല്ലാഹുവിന്റെ കാരുണ്യം എത്രമാത്രം വിശാലമാണെന്ന് മനസ്സിലാക്കുക.

*ആറു നോമ്പുമായി ബന്ധപ്പെട്ടു ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ:*

1. പെരുന്നാൾദിനം അവസാനിച്ചത് മുതൽ തുടർച്ചയായി ആറുദിവസം നോമ്പ് നോൽക്കേണ്ടതില്ലെങ്കിലും ശവ്വാൽ മാസത്തിൽതന്നെ ആറ് നോമ്പും നോറ്റുവീട്ടണം.

2. റമദാനിലെ നോമ്പ് ബാക്കിയുണ്ടെങ്കിലും സുന്നത്തായ ആറ് നോമ്പുകൾ, റമദാനിലെ നോമ്പ് നോറ്റുവീട്ടി കഴിയുന്നതിനുമുമ്പും നോൽക്കാവുന്നതാണ്. കാരണം, ആഇശ(റ) പറയുന്നത് കാണാം: "എനിക്ക് റമദാനിലെ നോമ്പുകൾ ക്വദാഅ് ഉണ്ടാകുമായിരുന്നു. എന്നാൽ ശഅ്ബാൻ മാസം ആകുമ്പോഴേക്കുമായിരുന്നു എനിക്കത് നോറ്റുവീട്ടാൻ കഴിഞ്ഞിരുന്നത്" (ബുഖാരി, മുസ്‌ലിം).

ആഇശ(റ) റമദാനിലെ നോമ്പ് നോറ്റുവീട്ടാനുണ്ടായിരുന്നിട്ടും അത് നോറ്റുവീട്ടുന്നതിന് മുമ്പായി ശവ്വാലിലെ ആറു നോമ്പ് നോറ്റിരുന്നു എന്ന് ഈ ഹദീസിൽനിന്നും മനസ്സിലാക്കാം. കാരണം അടുത്ത റമദാനിന് മുമ്പായിട്ടുള്ള ശഅ്ബാനിൽ മാത്രമായിരുന്നു പ്രവാചക പത്നിക്ക് നോമ്പ് നോറ്റുവീട്ടുവാൻ സാധിച്ചിരുന്നത്. ഇതിൽനിന്നും നബി(സ്വ)യുടെ സമ്മതം കൂടി ഇതിനുണ്ടായിരുന്നതായി മനസ്സിലാക്കാം എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഹദീസിൽ 'ശവ്വാൽ മാസത്തിൽ നിന്നും ആറ് നോമ്പ്' എന്ന് പറഞ്ഞതിനാൽ ശവ്വാൽ മാസത്തിൽതന്നെ നോറ്റുവീട്ടുകയാണ് വേണ്ടത്.



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 23

# ശിരോവസ്ത്രവാദങ്ങൾ പരിസമാപ്തിയിലേക്ക്

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

ഹുസേഫാ അഹ്മദിക്ക് ശേഷം ദേവദത്ത് കാമത്ത് ആയിരുന്നു രണ്ടംഗ ബെഞ്ചിന് മുമ്പാകെ തുടർവാദങ്ങൾ സമർപ്പിക്കാൻ സന്നിഹിതനായത്. ഹിജാബ് വിഷയത്തിൽ സുപ്രീംകോടതിയിൽ പ്രാരംഭ വാദങ്ങൾ സമർപ്പിച്ചിരുന്നത് കാമത്ത് ആയിരുന്നു. വളരെ പ്രൗഢവും ഹ്രസ്വവുമായ വാദങ്ങളിലൂടെ ജഡ്ജുമാരുടെയും നിയമ പണ്ഡിതരുടെയും ശ്രദ്ധ പിടിച്ചുപറ്റിയ കാമത്ത് മതനിരപേക്ഷ സമൂഹത്തിന്റെ ശബ്ദമായിരുന്നു കോടതിയിൽ എത്തിച്ചത്. തികഞ്ഞ ഹിന്ദുമത വിശ്വാസിയായ കാമത്ത് അഭിഭാഷകർക്കി ടയിലെ ആത്മീയസ്വരൂപമായിട്ടാണ് അറിയപ്പെടുന്നത്. ഗാന്ധിജിയുടെ ആഹ്വാനം കേട്ട് ജോലി ഒഴിവാക്കി സ്വാതന്ത്ര്യ സമരത്തിലേക്ക് ചാടിപ്പുറപ്പെട്ട ഭാരതത്തിലെ അറിയപ്പെടുന്ന നിയമജ്ഞനായിരുന്ന പി.എസ്. കാമത്തിന്റെ പേരമകൻ കൂടിയാണ് കർണാടകയിലെ കാർവാർ സ്വദേശിയായ ദേവദത്ത് കാമത്ത്. കോൺഗ്രസിന്റെ അറിയപ്പെടുന്ന അഭിഭാഷക മുഖം കൂടിയായ കാമത്ത് നേരത്തെ കർണാടകയുടെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ആയിരുന്നു. മുസ്‌ലിം വിദ്യാർഥിനികളുടെ മൗലികാവകാശമായ തലമറക്കലിനെതിരെ നിയന്ത്രണം കൊണ്ടുവരാൻ സംസ്ഥാന സർക്കാറുകൾക്കോ കേന്ദ്ര സർക്കാറിനോ അവകാശമില്ല എന്ന വാദമായിരുന്നു പ്രാരംഭഘട്ടത്തിൽ കാമത്ത് രണ്ടംഗ ബെഞ്ചിന്റെ മുമ്പാകെ കൊണ്ടുവന്നിരുന്നത്.

### പബ്ലിക് ഓർഡർ: എ.ജി തെറ്റിദ്ധരിപ്പിക്കുന്നു

ഭരണഘടനയിൽ പറയപ്പെട്ട 'Public Order' എന്ന അർഥത്തിലല്ല, മറിച്ച് 'Law and order' എന്ന അർഥത്തിലാണ് കർണാടക സർക്കാർ സർക്കുലറിൽ പ്രസ്തുത പദം ഉപയോഗിച്ചിട്ടുള്ളത് എന്നായിരുന്നു

എ.ജി വാദിച്ചത്. എന്നാൽ Public Order എന്ന പദത്തിന്റെ കന്നഡയിലുള്ള പദമായ 'സാർവ്വജനിക് സുവ്യവസ്ഥേ' എന്ന പദം തന്നെയാണ് സർക്കുലറിലും ഉപയോഗിച്ചിട്ടുള്ളത് എന്ന് കാമത്ത് ചൂണ്ടിക്കാട്ടി. ഇതേ പദംതന്നെയാണ് ഭരണഘടനയുടെ കന്നഡ പരിഭാഷയിലും ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് Law and order വാദം ഉയർത്തിക്കാട്ടി സർക്കുലറിനെ രക്ഷപ്പെടുത്താനുള്ള എ.ജിയുടെ ശ്രമം പാഴ്വേലയാണ് എന്ന് കാമത്ത് തുറന്നടിച്ചു. മാത്രവുമല്ല സർക്കാർ സമർപ്പിച്ച ഹരജികളിൽ 'Public Order' എന്ന പദംതന്നെയാണ് ഉപയോഗിച്ചിട്ടുള്ളത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കാമത്ത്: 'സർക്കുലറിൽ പറയുന്നത് ഐക്യം, സമത്വം, പൊതുക്രമം (Public Order) എന്നിവ പാലിച്ചുകൊണ്ടായിരിക്കണം കുട്ടികൾ സ്കൂളുകളിലേക്ക് വരേണ്ടത് എന്നാണ്. എന്നാൽ ഇത് ആരാണ് തീരുമാനിക്കേണ്ടത്?'

ജസ്റ്റിസ് ഗുപ്ത: 'അത് തീരുമാനിക്കേണ്ടത് സ്കൂൾ മേലധികാരിയായ പ്രിൻസിപ്പാളാണ്.'

കാമത്ത്: 'പൊതുക്രമം എന്നത് പ്രിൻസിപ്പാളിന് തീരുമാനിക്കാൻ



**ഭരണഘടനയിൽ പറയപ്പെട്ട 'Public Order' എന്ന അർഥത്തിലല്ല, മറിച്ച് 'Law and order' എന്ന അർഥത്തിലാണ് കർണാടക സർക്കാർ സർക്കുലറിൽ പ്രസ്തുത പദം ഉപയോഗിച്ചിട്ടുള്ളത് എന്നായിരുന്നു എ.ജി വാദിച്ചത്. എന്നാൽ Public Order എന്ന പദത്തിന്റെ കന്നഡയിലുള്ള പദമായ 'സാർവ്വജനിക് സുവ്യവസ്ഥേ' എന്ന പദം തന്നെയാണ് സർക്കുലറിലും ഉപയോഗിച്ചിട്ടുള്ളത് എന്ന് കാമത്ത് ചൂണ്ടിക്കാട്ടി. ഇതേ പദംതന്നെയാണ് ഭരണഘടനയുടെ കന്നഡ പരിഭാഷയിലും ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് Law and order വാദം ഉയർത്തിക്കാട്ടി സർക്കുലറിനെ രക്ഷപ്പെടുത്താനുള്ള എ.ജിയുടെ ശ്രമം പാഴ്വേലയാണ് എന്ന് കാമത്ത് തുറന്നടിച്ചു.**

സാധിക്കുന്ന കാര്യമല്ല. അതൊരു ഭരണകൂട വിഷയമാണ്.'

ഗുപ്ത: 'താങ്കൾ പറയുന്നത് ഒട്ടും യുക്തിസഹമായി തോന്നുന്നില്ല. ഭരണകൂടമെന്ന് പറയുമ്പോൾ അത് പൊലീസോ സംസ്ഥാന മന്ത്രിസഭയോ ആയിരിക്കണം. അല്ലെങ്കിൽ പ്രിൻസിപ്പാൾ ആയിരിക്കണം.'

കാമത്ത്: 'സംസ്ഥാന സർക്കാറിനെ രക്ഷപ്പെടുത്തുക എന്ന ജോലിയാണ് ഇവിടെ കർണാടക ഹൈക്കോടതി നിർവഹിച്ചിട്ടുള്ളത്. 2021വരെ വിദ്യാർഥിനികൾ ശിരോവസ്ത്രം ധരിച്ചിരുന്നില്ല എന്ന ഒട്ടും യാഥാർഥ്യബോധമില്ലാത്ത, അഹങ്കാരത്തോടെയുള്ള സർക്കാറിന്റെ പ്രസ്താവന എങ്ങനെയാണ് ഹൈക്കോടതി ശരിവെച്ചത്? സ്കൂളിൽ ചേർന്നത് മുതൽ തങ്ങൾ ശിരോവസ്ത്രം ധരിച്ചുവരുന്നുണ്ട് എന്ന് എന്തുകൊണ്ട് ഹരജിയിൽ പരാതിക്കാർ ബോധിപ്പിച്ചില്ല എന്ന ഹൈക്കോടതിയുടെ ചോദ്യം സർക്കാറിനെ രക്ഷപ്പെടുത്തുവാൻ വേണ്ടിയുള്ളത് മാത്രമാണ്. ഒട്ടും മനസ്സിലാവാത്ത ഇംഗ്ലീഷ് ആണ് ഹൈക്കോടതി ഉപയോഗിച്ചിരിക്കുന്നത്. 'Pleadings are militantly absent' (ഹരജികൾ സൈനികമായി അസന്നിഹിതമാണ്). ഇത് എന്തൊരു ഇംഗ്ലീഷ് ആണ്? ഇവിടെ സൈനികമായി എന്ത് കാര്യമാണുള്ളത്. ഏറെ തെറ്റിദ്ധാരണ പരത്തുന്ന പ്രയോഗമാണിത്.

### നിയന്ത്രിക്കാൻ ആർക്കാണ് അധികാരം?

കാമത്ത്: 'വിദ്യാലയ പശ്ചാത്തലത്തിൽനിന്ന് നോക്കുമ്പോൾ ഈ വിഷയകമായി നമുക്ക് ലഭ്യമാവുന്ന സുപ്രധാനമായ വിധിയാണ് ബിജോയ് ഇമ്മാനുവൽ ദേശീയഗാന കേസ്. എന്നാൽ ഹൈക്കോടതി പറയുന്നത് അത് മനഃസാക്ഷി സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടത് മാത്രമാണ് എന്നാണ്. ഇതെന്തൊരു വ്യാഖ്യാനമാണ്? ഇവിടുത്തെ വിഷയം സർക്കാർ കൊണ്ടുവന്ന ശിരോവസ്ത്ര നിരോധനത്തിന് നിയമപരമായ സാധൂകരണം ഉണ്ടോ എന്നതാണ്. എന്നാൽ ഹൈക്കോടതി ആവശ്യപ്പെടുന്നത് ശിരോവസ്ത്രം ധരിക്കാനുള്ള അവകാശത്തിനുള്ള തെളിവ് കൊണ്ടുവരൂ എന്നാണ്. വിഷയത്തെ തിരിച്ചടിക്കാനാണ് ഹൈക്കോടതി ശ്രമിക്കുന്നത്. ശിരോവസ്ത്രത്തിന് മേൽ നിയന്ത്രണം കൊണ്ടുവരാനുള്ള നിങ്ങളുടെ തെളിവ് എന്താണ് എന്നുതന്നെയാണ് ഞങ്ങൾക്ക് ആവർത്തിച്ച് ചോദിക്കാനുള്ളത്. എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റിസിന്റെ പരിശോധന ഈ ഘട്ടത്തിൽ അനിവാര്യമല്ല എന്നതാണ് എന്റെ അഭിപ്രായം. ഞാനത് ഹൈക്കോടതിയിൽതന്നെ പറഞ്ഞിട്ടുണ്ട്. അതിന് പകരം സർക്കാരിന്റെ നിയന്ത്രണ നടപടിക്കുള്ള ഭരണഘടനാപരമായ സാധുത എന്താണ് എന്നാണ് വ്യക്തമാക്കേണ്ടത്. അത് ഇതുവരെ വ്യക്തമാക്കിയിട്ടില്ല.'

**ശ്രീകൃഷ്ണന്റെ ഫോട്ടോ**

കാമത്ത്: 'ഉദാഹരണത്തിന്, ഞാൻ കൃഷ്ണഭഗവാന്റെ ഒരു ഫോട്ടോ പോക്കറ്റിൽ സൂക്ഷിക്കുന്നു. ഫോട്ടോ സൂക്ഷിക്കാൻ പറ്റില്ലെന്ന് ഭരണകൂടം പറയുന്നു. ഇത് കോടതിയിലെത്തുമ്പോൾ ഫോട്ടോ സൂക്ഷിക്കാൻ എനിക്ക് അവകാശമുണ്ടോ എന്നല്ല കോടതി ചോദിക്കുക, മറിച്ച് ഫോട്ടോ സൂക്ഷിക്കുന്നതിന് മേൽ എന്തിനാണ് നിയന്ത്രണം എന്നാണ് കോടതി ചോദിക്കുക. സോളിസിറ്റർ ജനറൽ ഇവിടെ ഒരു കാവി വസ്ത്ര പ്രശ്നം പറഞ്ഞല്ലോ. എന്നാൽ ഇതിന്റെ നേർവിപരീത സാഹചര്യം പരിഗണിക്കുക. ഒരു മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്ത് ഒരു ബ്രാഹ്മണ വിദ്യാർഥി 'നാമം' ധരിക്കുന്നു എന്ന് കരുതുക. അതിനെതിരെ കുറച്ചു കുട്ടികൾ പ്രതിഷേധിക്കുകയും അവർ പച്ചവസ്ത്രം ധരിക്കുകയും ചെയ്യുന്നു. അപ്പോൾ സർക്കാർ ഇനി ആരും 'നാമം' ധരിക്കരുത് എന്ന ഉത്തരവ് പുറപ്പെടുവിക്കുമോ?'

ഈ ചോദ്യങ്ങൾ കോടതിക്ക് മുമ്പാകെ സമർപ്പിച്ചുകൊണ്ട് കാമത്ത് വാദം അവസാനിപ്പിച്ചു.

**സഞ്ജയ് ഹെഗ്ഡെ**

കാമത്തിന് ശേഷം സഞ്ജയ് ഹെഗ്ഡെയാണ് ഹാജരായത്. പൗരത്വ വിഷയത്തിലുള്ള എൻ.ആർ.സി. കേസുകളിലും ഷാഹീൻബാഗ് കേസിലും ന്യൂനപക്ഷങ്ങളുടെ നാവായിരുന്നു ഹെഗ്ഡെ. 2012ലെ ഡൽഹി കൂട്ടബലാൽസംഗ കേസിൽ അമിക്കസ് ക്യൂറി ആയിരുന്ന ഹെഗ്ഡെ മർദിതരുടെ പടവാളായിട്ടാണ് അറിയപ്പെടുന്നത്. ശിരോവസ്ത്ര വിഷയത്തിലെ പ്രാരംഭവാദ ഘട്ടത്തിൽ ശിരോവസ്ത്രം നിരോധിക്കുക വഴി വിദ്യാർഥിനികളുടെ വിദ്യാഭ്യാസ അവകാശത്തെ ഹനിക്കുകയാണ് സർക്കാർ ചെയ്യുന്നത് എന്ന കാര്യത്തിൽ ഊന്നിക്കൊണ്ടായിരുന്നു അദ്ദേഹം സംസാരിച്ചിരുന്നത്.


> **ഓരോ ദിവസവും അഞ്ചോ ആറോ മണിക്കൂർ തുടർച്ചയായി വാദം നടന്നു. മുസ്‌ലിം മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഇത്രയും സുദീർഘമായ ചർച്ചകൾ നടന്ന മറ്റൊരു വിഷയവും ഇതിന് മുമ്പ് ഉണ്ടായിട്ടില്ല. വിഷയവുമായി ബന്ധപ്പെട്ട ഭരണഘടനയുടെ സുപ്രധാന അനുച്ഛേദങ്ങളും വളരെ പ്രസിദ്ധമായതും അല്ലാത്തതുമായ പൂർവകാല വിധികളും സവിസ്തരം രണ്ടംഗ ബെഞ്ചിന്റെ മുമ്പിൽ ചർച്ചയായി. സൂക്ഷ്മവും സ്ഥൂലവുമായ നിരീക്ഷണങ്ങളിലൂടെ വാദങ്ങൾ കടന്നുപോയപ്പോൾ ഭാരതത്തിന്റെ മതനിരപേക്ഷതയുടെ സൗന്ദര്യം കോടതിയുടെ അകത്തളങ്ങളിൽ പ്രശോഭിച്ചു. മതനിരപേക്ഷതയെ തകർക്കാൻ ഒരുങ്ങിനിൽക്കുന്ന ഏകശിലാത്മക സംസ്കാരത്തിന്റെ വക്താക്കൾ ഭരണഘടനക്ക് മുമ്പിൽ പിടിച്ചുനിൽക്കാൻ സാധിക്കാതെ തളർന്നുവീഴുന്നതിന് കോടതി പലപ്പോഴും സാക്ഷിയായി.**


**വാദങ്ങൾ അവസാനിക്കുന്നു**

ഹെഗ്ഡെ: 'ഭരണഘടനയുടെയും ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും അടിസ്ഥാനത്തിൽ വളരെ വിശാലമായി ചർച്ച ചെയ്യേണ്ട വിഷയം കേവലം മതപരമായ അനിവാര്യത (Essential Practice) എന്നതിലേക്ക് ചുരുക്കിക്കൊണ്ടുവരുന്നത് ശരിയല്ല. കുറച്ചുകൂടി വിശാലമായ പ്രതലത്തിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ വളരെ സങ്കുചിതമായ വിഷയങ്ങളിൽ ചുരുക്കുന്നത് ശരിയല്ല എന്ന് മിറാജ്കർ കേസിൽ ജസ്റ്റിസ് ഗജേന്ദ്ര ഗാഡ്കർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സർക്കാറിന് മതനിരപേക്ഷതക്ക് വിരുദ്ധമായി നിയമങ്ങൾ ഉണ്ടാക്കാനുള്ള അധികാരമുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം.'

**മതനിരപേക്ഷത പ്രശോഭിച്ച പത്ത് ദിനങ്ങൾ**

ഇന്ത്യയുടെ പരമോന്നത കോടതിയിൽ 2022 സെപ്റ്റംബർ 5 തിങ്കളാഴ്ച മുതൽ പത്ത് ദിവസം നീണ്ടുനിന്ന ദൈർഘ്യമേറിയ ചർച്ചകൾ അവസാനിച്ചത് സെപ്റ്റംബർ 22 വ്യാഴാഴ്ചയാണ്. സെപ്റ്റംബർ 5, 7, 8, 12, 14, 15, 19, 20, 21, 22 എന്നീ ദിവസങ്ങളിലാണ് കോടതി വാദം കേട്ടത്. ഓരോ ദിവസവും അഞ്ചോ ആറോ മണിക്കൂർ തുടർച്ചയായി വാദം നടന്നു. മുസ്‌ലിം മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഇത്രയും സുദീർഘമായ ചർച്ചകൾ നടന്ന മറ്റൊരു വിഷയവും ഇതിന് മുമ്പ് ഉണ്ടായിട്ടില്ല. വിഷയവുമായി ബന്ധപ്പെട്ട ഭരണഘടനയുടെ സുപ്രധാന അനുച്ഛേദങ്ങളും വളരെ പ്രസിദ്ധമായതും അല്ലാത്തതുമായ പൂർവകാല വിധികളും സവിസ്തരം രണ്ടംഗ ബെഞ്ചിന്റെ മുമ്പിൽ ചർച്ചയായി. സൂക്ഷ്മവും സ്ഥൂലവുമായ നിരീക്ഷണങ്ങളിലൂടെ വാദങ്ങൾ കടന്നുപോയപ്പോൾ ഭാരതത്തിന്റെ മതനിരപേക്ഷതയുടെ സൗന്ദര്യം കോടതിയുടെ അകത്തളങ്ങളിൽ പ്രശോഭിച്ചു. മതനിരപേക്ഷതയെ തകർക്കാൻ ഒരുങ്ങിനിൽക്കുന്ന ഏകശിലാത്മക സംസ്കാരത്തിന്റെ വക്താക്കൾ ഭരണഘടനക്ക് മുമ്പിൽ പിടിച്ചുനിൽക്കാൻ സാധിക്കാതെ തളർന്നുവീഴുന്നതിന് കോടതി പലപ്പോഴും സാക്ഷിയായി.

വാദങ്ങൾക്ക് പരിസമാപ്തി കുറിച്ചു. ഇനി വിധിയാണ്. വാദങ്ങൾ കഴിഞ്ഞ് മൂന്നാഴ്ചകൾക്ക് ശേഷം ഒക്ടോബർ 13നാണ് രണ്ടംഗ ബെഞ്ച് വിധി പ്രസ്താവിച്ചത്.

**അടുത്ത ലക്കത്തിൽ: ഹിജാബ് വിധികളുടെ അവലോകനം**

ലേഖനം




# അല്ലാഹുവിന്റെ സ്വിഫതുകളും സമസ്തക്കാരുടെ ഇരട്ടത്താപ്പും

ജമാൽ ആറ്റിങ്ങൽ

സമസ്തക്കാർ സലഫികളെ ആക്ഷേപിക്കാൻ കാലാകാലങ്ങളായി കൊണ്ടുവരാറുള്ള ആരോപണമാണ് 'സലഫികൾ അല്ലാഹുവിനു അവയവങ്ങൾ ഉണ്ടെന്ന് വാദിക്കുന്നവരാണ്, അല്ലാഹുവിനു ശരീരം ഉണ്ടെന്നും ആ ശരീരത്തിന്റെ ഭാഗമായി അല്ലാഹുവിനു കൈകളും വിരലുകളും പാദങ്ങളും ഉണ്ടെന്ന് എഴുതുകയും പറയുകയും ചെയ്യുന്നവരാണ്' എന്നതെല്ലാം.

ഇതിനവർ തെളിവായി ഉദ്ധരിക്കാറുള്ളത് സലഫി പ്രസിദ്ധീകര



ണങ്ങളിൽ വന്നിട്ടുള്ള ചില ഉദ്ധരണികളാണ്. 'അല്ലാഹുവിന്റെ കൈകൾ, അല്ലാഹുവിന്റെ രണ്ട് കൈകളും വലത്താണ്, അല്ലാഹു വലതു കൈയിൽ ആകാശവും ഇടതു കൈയിൽ ഭൂമിയും ചുരുട്ടിപ്പിടിക്കും...' ഈ രൂപത്തിലുള്ള വാക്കുകൾ കാണിച്ച്, 'കണ്ടോ, ഇതാണ് മുജാഹിദുകളുടെ അല്ലാഹുവിന്റെ രൂപം. ഇവർ അവയവമുള്ള അല്ലാഹുവിലാണ് വിശ്വസിക്കുന്നത്, അതുകൊണ്ട് തന്നെ അവർ പിഴച്ച വിശ്വാസക്കാരാണ്' എന്ന് തെറ്റിദ്ധരിപ്പിക്കും. മാത്രമല്ല ചിലപ്പോൾ മുജാഹിദുകൾക്ക് മറ്റൊരു മതമാണെന്നുവരെ ആരോപിക്കാറുണ്ട്. അഥവാ മുജാഹിദുകൾ കാഫിറുകളാണെന്ന ഏറ്റവും അപകടകരമായ ആരോപണം!

മേൽപറഞ്ഞ പ്രയോഗങ്ങളുടെ സത്യാവസ്ഥ മറച്ചുവച്ചുകൊണ്ടാണ് മുസ്‌ലിയാക്കന്മാർ ആളുകൾക്ക് മുന്നിൽ അവതരിപ്പിക്കുക. സത്യത്തിൽ ഏതെങ്കിലും സലഫി പണ്ഡിതൻ അദ്ദേഹത്തിന്റെ ഭാവനയിൽ നിന്ന് എഴുതിയ സ്വന്തം വാചകങ്ങളല്ല ഇതൊന്നും. പ്രത്യുത ക്വുർആനിലെ ആയത്തുകളും ഹദീസുകളിലെ വാക്കുകളും മലയാളത്തിൽ ആശയവിവർത്തനം ചെയ്തു എന്നതാണ് യാഥാർഥ്യം.

> **അല്ലാഹുവിനു ശരീരം ഉണ്ടെന്നോ അവന് അവയവങ്ങൾ ഉണ്ടെന്നോ വിശ്വസിക്കാനോ പറയാനോ എഴുതാനോ പാടില്ല. കാരണം അതെല്ലാം അല്ലാഹുവിനെ സൃഷ്ടികളോട് തുല്യപ്പെടുത്തലാണ്. അല്ലാഹുവും റസൂലും പഠിപ്പിക്കാത്ത ഒരു വിശ്വാസവും അല്ലാഹുവിനെ കുറിച്ച് നമുക്ക് പാടുള്ളതല്ല. അല്ലാഹു ക്വുർആനിൽ പറഞ്ഞു: "അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു'' (42:11). അപ്പോൾ സ്വാഭാവികമായും ഒരു സംശയമുണ്ടാകും; അല്ലാഹുവിന്റെ മുഖം, കൈകൾ, വിരലുകൾ എന്നുള്ളതൊക്ക അല്ലാഹുവിന്റെ അവയങ്ങളല്ലേ? 'അല്ല' എന്നാണ് ഉത്തരം. ഇതെല്ലാം അല്ലാഹുവിന്റെ ദാത്തിയായ സ്വിഫാതുകളാണ് (സത്തയിലുള്ള വിശേഷണങ്ങൾ).**

ഈ വിഷയവുമായി ബന്ധപ്പെട്ട് നമ്മൾ മനസ്സിലാക്കേണ്ട ചില അടിസ്ഥാന കാര്യങ്ങളുണ്ട്:

1. അല്ലാഹുവിനു ശരീരം ഉണ്ടെന്നോ അവന് അവയവങ്ങൾ ഉണ്ടെന്നോ വിശ്വസിക്കാനോ പറയാനോ എഴുതാനോ പാടില്ല. കാരണം അതെല്ലാം അല്ലാഹുവിനെ സൃഷ്ടികളോട് തുല്യപ്പെടുത്തലാണ്. അല്ലാഹുവും റസൂലും പഠിപ്പിക്കാത്ത ഒരു വിശ്വാസവും അല്ലാഹുവിനെ കുറിച്ച് നമുക്ക് പാടുള്ളതല്ല. അല്ലാഹു ക്വുർആനിൽ പറഞ്ഞു:

"അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു'' (42:11).

അപ്പോൾ സ്വാഭാവികമായും ഒരു സംശയമുണ്ടാകും; അല്ലാഹുവിന്റെ മുഖം, കൈകൾ, വിരലുകൾ എന്നുള്ളതൊക്ക അല്ലാഹുവിന്റെ അവയങ്ങളല്ലേ? 'അല്ല' എന്നാണ് ഉത്തരം. ഇതെല്ലാം അല്ലാഹുവിന്റെ ദാത്തിയായ സ്വിഫാതുകളാണ് (സത്തയിലുള്ളവിശേഷണങ്ങൾ).

അല്ലാഹുവിന്റെ സ്വിഫാതുകളിൽ അല്ലാഹുവോ റസൂലോ വിശദീകരിച്ചുതരാത്ത കാര്യങ്ങൾ (യദ്, വജ്ഹ്, ഇസ്തിവാഅ്, അസ്വാബിഅ് പോലുള്ളവ) അപ്രകാരം തന്നെ വ്യാഖ്യാനങ്ങളോ നിഷേധങ്ങളോ രൂപം പറയലോ ഇല്ലാതെ വിശ്വസിക്കുക എന്നതാണ് ഏറ്റവും ശരിയായ നിലപാട്.

ഈ വിഷയത്തിൽ പ്രധാനമായും നാലുതരം നിലപാടാണ് സമൂഹത്തിലുള്ളത്.

*1. നിഷേധം:* ക്വുർആനിലും ഹദീസിലും വന്നിട്ടുള്ള, അല്ലാഹുവിന്റെ സ്വിഫാതുകളെ നിഷേധിക്കൽ. ജഹ്മികൾ ഇത്തരക്കാരാണ്

*2. തഫ്‌വീദ്:* അർഥം അല്ലാഹുവിലേക്ക് സമർപ്പിച്ചുകൊണ്ട് പദത്തെ സ്ഥിരപ്പെടുത്തലാണ് തഫ്‌വീദ്.. ഉദാ: അല്ലാഹുവിന്റെ യദ് എന്ന് ക്വുർആനിലുണ്ട്. 'യദ്' എന്ന വാക്ക് നമ്മൾ വിശ്വസിക്കുന്നു. എന്നാൽ അതിന്റെ അർഥം

> **സ്വിഫതുകളെ അതിന്റെ യഥാർഥ രൂപത്തിൽതന്നെ സ്ഥിരപ്പെടുത്തുകയും അതിന്റെ രൂപമോ ഉദ്ദേശ്യമോ നമുക്കറിയില്ല എന്ന് വിശ്വസിക്കുകയും ചെയ്യുക. അഥവാ 'യദുല്ലാഹ്' എന്ന് ക്വുർആനിലുണ്ട്. 'യദ്' എന്ന വാക്കിന്റെ പ്രത്യക്ഷാർഥം 'കൈ' എന്നാണ്. എന്നാൽ അവന്റെ കൈയിന്റെ രൂപം എങ്ങനെയാണെന്നോ അതിന്റെ രൂപമോ നമുക്കറിയില്ല. കാരണം അല്ലാഹു സൃഷ്ടികളെ പോലെയല്ല, എന്ന് മാത്രമല്ല, അല്ലാഹുവിനെ പോലെ ആരുമില്ല. അതുകൊണ്ട് ഒന്നിലേക്കും ഉദാഹരണം പറയാതെ, സാദൃശ്യപ്പെടുത്താതെ, നിഷേധിക്കാതെ, വ്യാഖ്യാനിക്കാതെ വിശ്വസിക്കുക.**

നമുക്കറിയില്ല. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ 'യാസീൻ' 'അലിഫ് ലാം മീം' തുടങ്ങി ക്വുർആനിൽ വന്ന പദങ്ങൾ പോലെയാണ് അല്ലാഹുവിന്റെ സിഫതുകൾ, അതിനാൽ അർഥം പറയാൻ പാടില്ല എന്നാണ് ഇവരുടെ വാദം. ഈ വിശ്വാസവും അഹ്‌ലുസ്സുന്നയുടെ വിശ്വാസമല്ല. അശ്അരികളിലെ ഒരു വിഭാഗം ഈ വിശ്വാസക്കാരാണ്

*3. തഅ്‌വീൽ:* സ്വിഫതുകളെ വ്യാഖ്യാനിക്കൽ: അല്ലാഹുവിന്റെ സ്വിഫതുകളെ മറ്റൊരു അർഥം നൽകി വ്യാഖ്യാനിക്കുക. ഉദ: 'യദ്' എന്നാൽ ഉദ്ദേശ്യം അല്ലാഹുവിന്റെ ക്വുദ്‌റത്താണ് (കഴിവ്). 'അല്ലാഹുവിന്റെ നുസൂൽ' എന്നാൽ അല്ലാഹു ഇറങ്ങുക എന്നല്ല, അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങുക എന്നാണ്, 'ഇസ്തിവാഅ് ' എന്നാൽ അവൻ അധികാരം കൈവശപ്പെടുത്തി എന്നാണ്. ഇങ്ങനെയാണ് ഇവരുടെ വ്യാഖ്യാനങ്ങൾ. അശ്അരികളാണ് പ്രധാനമായും ഈ വിശ്വാസക്കാർ. കേരളത്തിലെ സമസ്തക്കാർ ഈ വിശ്വാസക്കാരാണ്.

*4. സ്വിഫതുകളെ നിഷേധിക്കുകയോ വ്യാഖ്യാനിക്കുകയോ രൂപം പറയുകയോ ചെയ്യാതെ സ്ഥിരപ്പെടുത്തുക എന്നതാണ് അഹ്‌ലുസ്സുന്നയുടെ വിശ്വാസം.*

സ്വിഫതുകളെ അതിന്റെ യഥാർഥ രൂപത്തിൽതന്നെ സ്ഥിരപ്പെടുത്തുകയും അതിന്റെരൂപമോ ഉദ്ദേശ്യമോ നമുക്കറിയില്ല എന്ന് വിശ്വസിക്കുകയും ചെയ്യുക. അഥവാ 'യദുല്ലാഹ്' എന്ന് ക്വുർആനിലുണ്ട്. 'യദ്' എന്ന വാക്കിന്റെ പ്രത്യക്ഷാർഥം 'കൈ' എന്നാണ്. എന്നാൽ അവന്റെ കൈയിന്റെ രൂപം എങ്ങനെയാണെന്നോ അതിന്റെ രൂപമോ നമുക്കറിയില്ല. കാരണം അല്ലാഹു സൃഷ്ടികളെ പോലെയല്ല, എന്ന് മാത്രമല്ല, അല്ലാഹുവിനെ പോലെ ആരുമില്ല. അതുകൊണ്ട് ഒന്നിലേക്കും ഉദാഹരണം പറയാതെ, സാദൃശ്യപ്പെടുത്താതെ, നിഷേധിക്കാതെ, വ്യാഖ്യാനിക്കാതെ വിശ്വസിക്കുക.

'യദ്' എന്നതിന്റെ അർഥമായ 'കൈ' എന്ന് കാണുമ്പോൾ ഉടനെ കൈകളുള്ള ഒരു രൂപം നമ്മുടെ മനസ്സിലേക്ക് വരുന്നുവെങ്കിൽ അല്ലാഹുവിനെ നമ്മൾ കണ്ടിട്ടുള്ള, കേട്ടിട്ടുള്ള, സങ്കൽപത്തിലുള്ള ഏതെങ്കിലും ഒരു സൃഷ്ടിയോട് ഉപമിക്കുന്നുണ്ട് എന്ന് സാരം, എന്നാൽ അല്ലാഹു അതിൽ നിന്നെല്ലാം പരിശുദ്ധനാണ്.

ഇതിനു തെളിവാണ് ഇമാം മാലികിൽനിന്ന് ഉദ്ധരിക്കപ്പെട്ട ഒരു വാചകം. അല്ലാഹുവിന്റെ ഇസ്തിവാഅ് എങ്ങനെ എന്ന് ചോദിച്ച ആളോട് ഇമാം മാലിക്(റഹ്) പറഞ്ഞു: 'ഇസ്തിവാഅ് എന്നത് അറിയപ്പെട്ടതാണ്, അതിന്റെ രൂപം നമുക്ക് അജ്ഞാതമാണ്, അതിൽ വിശ്വസിക്കൽ നിർബന്ധമാണ്, അതെങ്ങനെ എന്ന് ചോദിക്കൽ ബിദ്അത്താണ്.'

വേറൊരു റിപ്പോർട്ടിൽ 'ഇസ്തിവാഅ്' എന്നത് നമുക്ക് അറിയാത്ത കാര്യമല്ല എന്നും കാണാം. ഇവിടെ ഇമാം മാലിക് പറഞ്ഞത് ഇസ്തിവാഅ് എന്നത് അറബികൾക്ക് മനസ്സിലാവുന്ന വാക്കാണ്; പക്ഷേ, അതിന്റെ രൂപമോ അതെങ്ങനെ എന്നോ നമുക്കറിയില്ല എന്നാണ്. ഇവിടെ ചില ആളുകൾ പറയുന്നത് പോലെ 'യാസീൻ' എന്നത് പോലെയാണ് എന്നല്ല ഇമാം മാലിക് വിശദീകരിച്ചത്.

'യാസീൻ,' അല്ലെങ്കിൽ 'അലിഫ് ലാം മീം' എന്നത് എന്താണെന്ന് ചോദിച്ചാൽ അതറിയില്ല എന്നു മാത്രമായിരിക്കും പണ്ഡിതന്മാരുടെ മറുപടി. അല്ലാതെ യാസീൻ എന്നതിന്റെ അർഥം അറിയാം എന്നാരും പറയില്ല.

പ്രത്യക്ഷമായ അർഥം സ്ഥിരപ്പെടുത്തണമെന്നത് മുജാഹിദുകളുടെ മാത്രം വാദമാണെന്നത് സാധാരണയായി സമസ്തക്കാർ ഉന്നയിക്കാറുള്ള ഒരു ആരോപണമാണ്. അതായത് നാലാമതായി പറഞ്ഞ വിശ്വാസം മുജാഹിദുകൾ കണ്ടുപിടിച്ച പിഴച്ച ആശയമാണ്, കൂടിപ്പോയാൽ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയും മറ്റുമാണ് ഇതാദ്യമായി പറഞ്ഞത് എന്നാണ് ഇവരുടെ വാദം.

വാസ്തവത്തിൽ സ്വഹാബികളും താബിഉകളും അടക്കമുള്ള മുൻഗാമികളുടെ വിശ്വാസമാണിത്, നമ്മൾ മുമ്പ് വിവരിച്ച മൂന്ന് നിലപാടുകാരും പിന്നീട് വന്നവരാണ്.

**(തുടരും)**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 41

# സൂറ: ഫുസ്സ്വിലത്ത്
## (വിശദീകരിക്കപ്പെട്ട)
(മക്കയിൽ അവതരിച്ചത്)

فَقَضَىٰهُنَّ سَبۡعَ سَمَٰوَاتٍ فِي يَوۡمَيۡنِ وَأَوۡحَىٰ فِي
كُلِّ سَمَآءٍ أَمۡرَهَاۚ وَزَيَّنَّا ٱلسَّمَآءَ ٱلدُّنۡيَا
بِمَصَٰبِيحَ وَحِفۡظٗاۚ ذَٰلِكَ تَقۡدِيرُ ٱلۡعَزِيزِ
ٱلۡعَلِيمِ ﴿١٢﴾

فَإِنۡ أَعۡرَضُواْ فَقُلۡ أَنذَرۡتُكُمۡ صَٰعِقَةٗ مِّثۡلَ
صَٰعِقَةِ عَادٖ وَثَمُودَ ﴿١٣﴾

إِذۡ جَآءَتۡهُمُ ٱلرُّسُلُ مِنۢ بَيۡنِ أَيۡدِيهِمۡ وَمِنۡ
خَلۡفِهِمۡ أَلَّا تَعۡبُدُوٓاْ إِلَّا ٱللَّهَۖ قَالُواْ لَوۡ شَآءَ رَبُّنَا
لَأَنزَلَ مَلَٰٓئِكَةٗ فَإِنَّا بِمَآ أُرۡسِلۡتُم بِهِۦ كَٰفِرُونَ
﴿١٤﴾

12. അങ്ങനെ രണ്ടുദിവസ(ഘട്ട)ങ്ങളിലായി അവയെ അവൻ ഏഴു ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിലും അതാതിന്റെ കാര്യം അവൻ നിർദേശിക്കുകയും ചെയ്തു. സമീപത്തുള്ള ആകാശത്തെ നാം ചില വിളക്കുകൾകൊണ്ട് അലങ്കരിക്കുകയും സംരക്ഷണം ഏർപെടുത്തുകയും ചെയ്തു. പ്രതാപശാലിയും സർവജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതത്രെ അത്.

13. എന്നിട്ട് അവർ തിരിഞ്ഞുകളയുന്നപക്ഷം നീ പറഞ്ഞേക്കുക: ആദ്, സമൂദ് എന്നീ സമുദായങ്ങൾക്ക് നേരിട്ട ഭയങ്കരശിക്ഷ പോലെയുള്ള ഒരു ശിക്ഷയെപ്പറ്റി ഞാനിതാ നിങ്ങൾക്ക് താക്കീത് നൽകുന്നു.

14. അവരുടെ മുന്നിലൂടെയും പിന്നിലൂടെയും ചെന്ന്, അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത് എന്ന് പറഞ്ഞുകൊണ്ട് അവരുടെ അടുത്ത് ദൈവദൂതന്മാർ ചെന്ന സമയത്ത് അവർ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കുമായിരുന്നു. അതിനാൽ നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ, അതിൽ തീർച്ചയായും ഞങ്ങൾ വിശ്വാസമില്ലാത്തവരാകുന്നു.

12). (അങ്ങനെ രണ്ട് ദിവസങ്ങളിലായി അവയെ അവൻ ഏഴ് ആകാശങ്ങളാക്കിത്തീർത്തു). അങ്ങനെ ആറു ദിനങ്ങളിലായി ആകാശ ഭൂമികളുടെ സൃഷ്ടിപ്പും അവൻ പൂർത്തിയാക്കി. ആദ്യദിനം ഞായറാഴ്ചയും അവസാനത്തേത് വെള്ളിയാഴ്ചയും. ഒരുനിമിഷം കൊണ്ട് എല്ലാം സൃഷ്ടിക്കാൻ കഴിവും ഉദ്ദേശ്യവും ഉണ്ടായിട്ടും. അതോടൊപ്പം അവൻ യുക്തിമാനും സൗമ്യനുമാണ്. അവന്റെ സൗമ്യതയും യുക്തിയു

മാണ് അതിന്റെ സൃഷ്ടിപ്പ് ഈ നിർണിത സമയത്താക്കുക എന്നത്. ഈ വചനത്തിന്റെ ബാഹ്യാർഥം പരിശോധിക്കുമ്പോൾ, ആകാശത്തിന്റെ സൃഷ്ടിപ്പിനെക്കുറിച്ച് സൂറതുന്നാസിആത്തിൽ പറഞ്ഞപ്പോൾ അല്ലാഹു പറഞ്ഞത് (അതിനുശേഷം ഭൂമിയെ അവൻ വികസിപ്പിച്ചിരിക്കുന്നു) എന്നാണ്. ഇവ തമ്മിൽ ഒരു വൈരുധ്യം പ്രകടമാകുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ വൈരുധ്യമോ ഭിന്നതയോ ഉണ്ടാകില്ല എന്നതോടൊപ്പംതന്നെ.


ഇതിന്റെ മറുപടി മുൻകാല പണ്ഡിതൻ പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞപോലെത്തന്നെ ആകാശത്തിന്റെ സൃഷ്ടിപ്പിന് മുമ്പെ ഭൂമിയുടെ സൃഷ്ടിപ്പും രൂപപ്പെടുത്തലും നടന്നിട്ടുണ്ട്. എന്നാൽ ഭൂമിയിൽ (അതിൽനിന്ന് അതിലെ വെള്ളവും സസ്യജാലങ്ങളും അവൻ പുറത്തു കൊണ്ടുവരികയും ചെയ്തിരിക്കുന്നു). ഇത് ചെയ്തത് സൂറതുന്നാസിആത്തിൽ കാണുന്നപോലെ ആകാശങ്ങളുടെ സൃഷ്ടിപ്പിനുശേഷമാണ്. അതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്. (അതിനുശേഷം ഭൂമിയെ അവൻ വികസിപ്പിച്ചിരിക്കുന്നു. അതിൽ നിന്നവൻ പുറത്തുകൊണ്ടുവരികയും) എന്നാണ് പറഞ്ഞത് 'അതിനുശേഷം ഭൂമിയെ സൃഷ്ടിച്ചു എന്നല്ല.'

(ഓരോ ആകാശത്തിലും അതാതിന്റെ കാര്യം അവൻ നിർദേശിക്കുകയും ചെയ്തു) അതിനു യോജ്യമായ നിയന്ത്രണങ്ങളും നിർദേശങ്ങളും യുക്തിമാന്മാരിൽ ഏറ്റവും യുക്തിയുള്ളവനായ അല്ലാഹുവിന്റെ യുക്തി താൽപര്യപ്പെടും പ്രകാരം. (സമീപത്തുള്ള ആകാശത്തെ നാം ചില വിളക്കുകൾകൊണ്ട് അലങ്കരിക്കുകയും ചെയ്തു) അത് നക്ഷത്രങ്ങളാണ്. അവകൊണ്ട് വെളിച്ചം തേടപ്പെടുകയും വഴികണ്ടെത്തപ്പെടുകയും അത് ആകാശത്തിന് അലങ്കാരവും ഭംഗിയും ആയിത്തീരുകയും ചെയ്യുന്നു. (സംരക്ഷണവും) ആന്തരികമായി ആകാശത്തെ വർത്തമാനങ്ങൾ കട്ടുകേൾക്കാതിരിക്കാൻ; പിശാചുക്കളെ എറിയാനുള്ളതും. (അത്) ഈ പരാമർശിക്കപ്പെട്ടതെല്ലാം. ഭൂമിയിൽ ഉള്ളതിനെക്കുറിച്ചും ആകാശത്തുള്ളതിനെക്കുറിച്ചുമെല്ലാം. (പ്രതാപശാലി വ്യവസ്ഥപ്പെടുത്തിയത്) എല്ലാറ്റിനെയും നിയന്ത്രിക്കുവാനും കീഴ്പ്പെടുത്തുവാനുമുള്ള അവന്റെ പ്രതാപം. അതുകൊണ്ടാണവൻ സൃഷ്ടികളെ മുഴുവൻ സൃഷ്ടിച്ചത്. (സർവജ്ഞനുമായ) ദൃശ്യവും അദൃശ്യവുമായ സകല സൃഷ്ടികളെക്കുറിച്ചും അവന്റെ അറിവ് സൂക്ഷ്മമായി നിൽക്കുന്നു.

13). എല്ലാം അടക്കിഭരിക്കുന്ന ഏകനും മഹാനമായ ഈ രക്ഷിതാവിനോട് ആത്മാർഥത കാണിക്കുന്നതിനെ ബഹുദൈവവിശ്വാസികൾ ഉപേക്ഷിക്കുന്നു. എല്ലാ സൃഷ്ടിജാലങ്ങളും അവന്റെ കൽപനകൾക്ക് കീഴൊതുങ്ങുകയും അവയിലെല്ലാം അവന്റെ വിധി നടപ്പിലാക്കുകയും ചെയ്യുന്നു. ഇത് അത്ഭുതകരമായ ഒരു കാര്യം തന്നെയാണ്. അവന് സമന്മാരെ സ്വീകരിക്കുന്നതും അവരെ അവനോട് സമപ്പെടുത്തുന്നതും അവർ അവരുടെ വാക്കിലും പ്രവൃത്തിയിലുമെല്ലാം വീഴ്ച വരുത്തുന്നതും മഹാത്ഭുതം തന്നെ. ഇവർ ഈ തിരിഞ്ഞുകളയൽ തുടരുകയാണെങ്കിൽ ഇഹലോകത്തും പരലോകത്തുമുള്ള ശിക്ഷയല്ലാതെ മറ്റൊരു മരുന്നുമില്ല അവർക്ക്. അതാണ് അല്ലാഹു അവരെ ഭീഷണിപ്പെടുത്തിപ്പറയുന്നത്: (എന്നിട്ടവർ തിരിഞ്ഞുകളയുന്നപക്ഷം ആദ്, സമൂദ് എന്നീ സമുദായങ്ങൾക്ക് നേരിട്ട ഭയങ്കര ശിക്ഷയെപ്പോലുള്ള ഒരു ശിക്ഷയെപ്പറ്റി ഞാനിതാ നിങ്ങൾക്ക് താക്കീത് നൽകുന്നു). മഹാനായ അല്ലാഹുവിന്റെ വിശേഷണങ്ങളും പ്രശംസനീയമായ ക്വുർആനിന്റെ പ്രത്യേകതകളും വ്യക്തമായതിനുശേഷം ഈ കളവാക്കുന്നവർ തിരിഞ്ഞുകളയുന്ന പക്ഷം. (ഒരു ശിക്ഷയെപ്പറ്റി ഞാനിതാ നിങ്ങൾക്ക് താക്കീത് നൽകുന്നു) നിങ്ങളെ ഉന്മൂലനം ചെയ്ത് നശിപ്പിക്കുന്ന ഒരു ശിക്ഷ. (ആദ്, സമൂദ് നേരിട്ട ഭയങ്കര ശിക്ഷപോലെയുള്ള ശിക്ഷ). പ്രസിദ്ധമായ രണ്ട് ഗോത്രങ്ങളാണിവ. ശിക്ഷ അവരെ പിഴുതെറിഞ്ഞു. ശിക്ഷയുടെ നാശങ്ങൾ അവരിലിറങ്ങി. അതവരുടെ അവിശ്വാസവും അക്രമവും കാരണമായിരുന്നു.

14). (അവരുടെ മുന്നിലൂടെയും പിന്നിലൂടെയും അവരുടെ അടുത്ത് ദൈവദൂതന്മാർ ചെന്ന സന്ദർഭം) തുടരെത്തുടരെ പലപല പ്രവാചകന്മാർ, അവരുടെയെല്ലാം പ്രബോധനം ഒന്നായിരുന്നു. (അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത് എന്ന്) അതായത് അല്ലാഹുവിനു മാത്രം നിഷ്കളങ്കമാകണമെന്ന് അവരോട് കൽപിക്കുകയും ബഹുദൈവത്വം വിലക്കുകയും ചെയ്യുന്നവരായി. അവരുടെ സന്ദേശത്തെ അവർ തള്ളിക്കളയുകയും അവരെ കളവാക്കുകയും ചെയ്തു. (ഞങ്ങളുടെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ മലക്കുകളെ ഇറക്കുമായിരുന്നു) അതായത്, നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരാണ്. (അതിനാൽ നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ തീർച്ചയായും ഞങ്ങൾ വിശ്വാസമില്ലാത്തവരാകുന്നു) ഈ സംശയം സമുദായങ്ങളിലെ നിഷേധികൾക്കിടയിൽ പാരമ്പര്യമായി തുടർന്നുവരുന്നതാണ്. ഇതാവട്ടെ, ഏറ്റവും ദുർബലമായ ഒരു സംശയവുമാണ്.

പ്രവാചകന്മാരെ നിയോഗിക്കുന്നതിൽ അവർ മലക്കുകളായിരിക്കണമെന്ന നിബന്ധനയില്ല. മറിച്ച് പ്രവാചകത്വത്തിലെ നിബന്ധന അവരുടെ സത്യതക്കുള്ള തെളിവ് അവർ കൊണ്ടുവരണമെന്ന് മാത്രമാണ്. അവർക്ക് സാധിക്കുമെങ്കിൽ പ്രവാചകന്മാരുടെ സത്യസന്ധതയിൽ അവർ ആക്ഷേപം ഉന്നയിക്കട്ടെ. പ്രാമാണികമോ ബുദ്ധിപരമോ ആയ തെളിവിന്റെ അടിസ്ഥാനത്തിലുള്ള ആക്ഷേപം ഒരു നിലക്കും അതിന്നവർക്ക് സാധ്യമല്ല. ■



# പത്ത് കിട്ടുകിൽ നൂറു മതിയെന്നും

ഇബ്നു അലി

ഒരു ഷെഡിലായിരുന്നു ആ അഞ്ചംഗ കുടുംബം താമസിച്ചിരുന്നത്. ചോരാതിരിക്കാൻ മേൽക്കൂരയിലും ചുമരിന്റെ കുറച്ച് ഭാഗത്തും നീല പ്ലാസ്റ്റിക് ഷീറ്റ് കെട്ടിയിരുന്നു. മാതാപിതാക്കളും മൂന്ന് മക്കളും അടങ്ങുന്ന അവർക്ക് സർക്കാർ സ്കീമിൽ വീടു കിട്ടി പണി പൂർത്തിയായിട്ടുണ്ട്. അകത്ത്, കോണിക്കൂട്ടിൽ ഉള്ള കക്കൂസും കുളിമുറിയും ചേർന്ന കൊച്ചുമുറിയിൽ പണി കാര്യമായി ഒന്നും ചെയ്തിട്ടില്ല. ക്ലോസറ്റും മറ്റും ഫിറ്റ് ചെയ്ത് കിട്ടിയാൽ ഷെഡിൽനിന്ന് പുതിയ വീട്ടിലേക്ക് താമസം മാറ്റാമായിരുന്നു എന്ന് പറഞ്ഞാണ് വിളിച്ചത്. കൂട്ടത്തിൽ പുറത്ത് ഒരു അടുക്കള വേണമെന്നും ആവശ്യപ്പെട്ടു. വീടില്ലാത്തവർ തന്നെ ഏറെയുള്ളപ്പോൾ പുറത്ത് അടുക്കളയുടെ ആവശ്യം ഉന്നയിച്ചപ്പോൾ അന്വേഷിക്കാൻ മടിച്ചു. വീണ്ടും വീണ്ടും വിളികൾ വന്നപ്പോൾ ഞങ്ങൾ  കൂട്ടുകാർ നേരിൽ ചെന്ന് അന്വേഷിച്ചു. അവരുടെ പുതിയ വീട്ടിൽ കക്കൂസ്, പുറത്ത് ഷെഡ്, രണ്ട് വാതിലുകൾ അടക്കം ഏതാണ്ട് ചെലവ് തുക കണക്കാക്കി.

കാര്യങ്ങൾ നടത്താൻ ആ നാട്ടുകാരനായ സുഹൃത്ത് ചുമതല ഏറ്റെടുത്തു. വൈകാതെ പണി തുടങ്ങി. പണിയുന്ന അടുക്കളയ്ക്ക് വീതിയും നീളവും കൂട്ടണം എന്ന ഡിമാന്റ് ആദ്യം വന്നു. അത് അവർ പറഞ്ഞതുപോലെ ചെയ്തുകൊടുത്തു. അടുപ്പിനുള്ള സ്ലാബിന് പുറമെ വേറെ സ്ലാബ് വേണം എന്നതായി പിന്നെ; അതും വീതികൂടിയ വളരെ നീളമുള്ള ഒന്ന്! സ്ലാബിന് കമ്പി അവർ വാങ്ങിത്തരണം എന്ന കണ്ടിഷനിൽ അതും സമ്മതിച്ചു. മൂന്ന് റെഡിമെയ്ഡ് വാതിലുകൾ വാങ്ങി ഫിറ്റ് ചെയ്തു കൊടുത്തു. അടുക്കളയിൽ അരച്ചുമരും വശങ്ങളിൽ ഇരുമ്പ് ഗ്രില്ലും വാതിലും മറ്റും ആയപ്പോഴേക്കും വിചാരിച്ച ബജറ്റ് തുകയെക്കാൾ കൂടുതലായി. അടുക്കളയിൽ നിലം കാവിയിട്ട് ഉപയോഗിക്കാൻ പറ്റുന്ന തരത്തിൽ പൂർത്തിയാക്കാം എന്നായിരുന്നു പ്ലാൻ. എന്നാൽ അടുക്കളയിൽ ടൈൽ വിരിക്കണം എന്ന അവരുടെ ആഗ്രഹം പുറത്ത് വന്നു. അടുപ്പടക്കം പണിത് കൊടുക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിരുന്നു.  ടൈൽ ചെയ്യാൻ സാധിക്കില്ല എന്നും ഇനി അടുക്കളയിൽ വേറെ  പണി ഒന്നും ചെയ്തു തരില്ലെന്നും പറഞ്ഞു.

കക്കൂസിൽ ടൈൽ അടക്കം പണി ചെയ്തുകൊടുക്കാം എന്നായി. അപ്പോൾ ക്ലോസറ്റ് ഞങ്ങൾ ഉദ്ദേശിച്ചത് പോരാ, കൂടുതൽ വിലപിടിച്ചത് വേണം എന്നായി! പുറമെ, വാട്ടർ ടാങ്കും പ്ലംബിങ്ങടക്കമുള്ള പണിയും ചെയ്തുകൊടുക്കണം എന്നായി ഡിമാന്റ്. അതിന് പണിക്കാരനെക്കൊണ്ട് വിളിപ്പിച്ചു. വാട്ടർ ടാങ്ക്, ടൈൽ, ക്ലോസറ്റ്, ഫ്ളഷ്, പൈപ്പ് എന്നിവ വാങ്ങിക്കൊടുത്ത് തടിയൂരി. അടുപ്പിന്റെ കാര്യം ഇടക്ക് ഓർമിപ്പിച്ചു അവർ; വീട് മുഴുവൻ ടൈൽ വിരിച്ച് കൊടുക്കാം എന്ന് വാഗ്ദാനം ചെയ്തിരുന്നു എന്നും!

ഉദ്ദേശിച്ച തുകയെക്കാൾ കൂടുതൽ ചെലവാക്കിപ്പിച്ചു, അതുകൊണ്ട് ഇനി കൂടുതലായി ഒന്നും ചെയ്തുതരില്ല എന്ന് കർശനമായി പറയേണ്ടി വന്നു. കുളിമുറിയിൽ അത്രയൊക്കെ സൗകര്യവും ആർഭാടവും മതി, കക്കൂസ് ഇല്ലാതെ ഷീറ്റ് മറച്ചുകെട്ടി വെളിക്കിരിക്കുന്ന, കൂടുതൽ സഹായം ആവശ്യമുള്ളവരെ ഏറെ പരിചയമുണ്ട് എന്നുവരെ ഒടുക്കം സുഹൃത്തിന് പറയേണ്ടിവന്നു. കൈയിൽ കിട്ടുന്നവനെ പരമാവധി ചൂഷണം ചെയ്യുന്ന ആർത്തി, നനഞ്ഞിടം കൂടുതൽ കുഴിക്കുന്ന അതിസാമർഥ്യം എന്നല്ലാതെ എന്തു പറയാൻ!




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
22 APRIL 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




നല്ല നാളേക്കായ് ഇന്ന് പഠിക്കാം

SCHOOL OF Qur'an
READ. LEARN. EVOLVE

2023-24 രജിസ്ട്രേഷൻ ആരംഭിച്ചു

അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഏപ്രിൽ 30

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.

**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus,**
**Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in

**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9207942750 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917